ബിജോയ് ശാമുവേൽ അബുദാബി

11-ാം വർഷത്തെ 90 ദിനധ്യാനചിന്തകൾ

# ധ്യാനചിന്തകൾ



**വിഷയം : 23 – ാം സങ്കീർത്തനം**

ദൈവത്തിങ്കലേക്കു നോക്കികൊണ്ട്, ദൈവത്തിൽ നിന്ന് ലഭിക്കുന്ന നന്മകളെപ്പററി ധ്യാനിക്കുന്ന ഒരു ദൈവപൈതലിന്, ദൈവം മാനവജാതിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളെപ്പററി മൊത്തമായി ചിന്തിക്കുന്നതിനുപരിയായി, ദൈവം എനിക്കുവേണ്ടി എന്തു ചെയ്തു എന്നു ചിന്തിക്കേണം. ദൈവം ലോകത്തെ സ്നേഹിച്ചു എന്നതിലുപരി എന്നെ സ്നേഹിച്ചു എന്ന് ഗ്രഹിക്കണം. യേശു പാപികൾക്കുവേണ്ടി മരിച്ചു എന്നതിലുപരി എനിക്കുവേണ്ടി മരിച്ചു എന്ന് ഓർക്കണം. യേശു എന്നെ രക്ഷിച്ചു, യേശു എന്നെ സൗഖ്യമാക്കി, യേശു എന്നെ വഴി നടത്തി എന്നിങ്ങനെയുള്ള വ്യക്തിപരമായ ചിന്തകൾ ധ്യാനിക്കുന്ന ഹൃദയത്തിൽ ഒന്നിനുപുറകെ ഒന്നായി കുതിച്ചുയരണം. ദൈവം തനിക്ക് എന്തായിരിക്കുമെന്നും തനിക്കുവേണ്ടി എന്തു ചെയ്തു എന്നു ഉറപ്പിച്ചിട്ട് പറയുമ്പോൾ, കേൾവിക്കാരന്റെ മനസ്സിനെ മാത്രമല്ല, ഹൃദയത്തെകൂടി അത് സ്പർശിക്കുന്നു. അവനുവേണ്ടി അത്രയും ചെയ്ത ദൈവം എനിക്കുവേണ്ടിയും അത് ചെയ്യുകയില്ലേ എന്നു ചിന്തിക്കാൻ ഇടയുണ്ട്. ഈ സങ്കീർത്തനത്തിന്റെ എഴുത്തുകാരനായ ദാവീദ് ഇത് ആരോടും പ്രസംഗിക്കുകയല്ല, സ്വന്തം അനുഭവത്തെപ്പററി തന്നോടുതന്നെ ആവർത്തിച്ചുറപ്പിക്കുകയാണ്.

ഒരു സന്ധ്യവേളയിൽ ദാവീദ് തന്റെ ആടുകളെ ആലയിലാക്കിയശേഷം അതിനോട് ചേർന്നുള്ള സ്ഥലത്ത് പുൽമേടുകളിൽ വിശ്രമിക്കുന്നു. ഉറങ്ങുവാൻ അവന് സാദ്ധ്യമല്ല, കാരണം ആടുകൾ അവിടെയുണ്ട്, അവയെ സംരക്ഷിക്കണം. ചുററും ഇരുളിന് കട്ടി കൂടി വരികയാണ്. ഭീതിപ്പെടുത്തുന്ന അന്തരീക്ഷത്തിലാണ് തന്റെ ആടുകൾ ആയിരിക്കുന്നത്. അവയെ പിടിക്കുവാൻ ബദ്ധപ്പെട്ടു പതിയിരിക്കുന്ന ശത്രുക്കൾ ചുററുമുണ്ട്. അവയെ കടിച്ചുകീറുവാൻ തക്കം പാർത്തുനടക്കുന്ന ദുഷ്ടമൃഗങ്ങളുടെ ഞെട്ടിപ്പിക്കുന്ന അലർച്ചയെ ദിക്കുകളെ ഭേദിച്ചുകൊണ്ട് മുഴങ്ങുന്നു. ആ വല്ലാത്ത ഭീതിപ്പെടുത്തുന്ന കൂരിരുൾ നിറഞ്ഞ അന്തരീക്ഷത്തിൽ, ആ ആടുകൾക്ക് ഭയമില്ല. പെട്ടെന്ന് ദാവീദ് തന്റെ ആടുകളെ ഒന്നു നോക്കി, അവയുടെ ഭാവം അവനെ തികച്ചും ആശ്ചര്യപ്പെടുത്തി.

തുടരും....

Day 2 of 90 days † † † 27th October 2017

ആടുകൾ ആയിരിക്കുന്ന ഇരുളോ, പതിയിരിക്കുന്ന ശത്രുക്കളോ അവയ്ക്കു ഒരു പ്രശ്നമേ അല്ല. നാളത്തെ ആഹാരത്തെപ്പററിയുള്ള യാതൊരു ചിന്താകുലവും അവയുടെ മുഖത്ത് കാണുന്നില്ല. യാതൊരു ഭയവും അവിടെ നിഴലിച്ചിട്ടില്ല. ദാവീദ് അവയെ സൂക്ഷിച്ചു നോക്കി, എന്തുകൊണ്ടാണ് ഈ അവസ്ഥയിൽ അവയ്ക്കു അശേഷം ഭയമോ ആകുലചിന്തയോ കൂടാതെ കിടന്നുറങ്ങുന്നത്. പെട്ടെന്ന് ഒരു ദുഷ്ടമൃഗത്തിന്റെ ഭീതിപ്പെടുത്തുന്ന അലർച്ച അവിടെയെങ്ങും മുഴങ്ങി. തന്റെ ആടുകൾ എല്ലാം ഞെട്ടി ഭയപ്പെട്ടു നാലുപാടും ജീവരക്ഷയ്ക്കായി ഓടുമോ എന്ന ചിന്തയിൽ ദാവീദ് ചാടി എഴുന്നേററു. പക്ഷേ, തന്റെ ആടുകളുടെ ഭാവം അവനെ വല്ലാതെ അത്ഭുതപ്പെടുത്തി. ദുഷ്ടമൃഗത്തിന്റെ ആ അലർച്ച തന്റെ ആടുകളും കേട്ടു. അവ തലപൊക്കി ഒന്നു നോക്കി, ദുഷ്ടമൃഗം അലറിയ സ്ഥാനത്തേക്കല്ല, താൻ –ദാവീദ്– കിടക്കുന്നിടത്തേക്കാണ് അവ നോക്കിയത്. ആടുകൾ അവിടെ തന്നെ കണ്ടുകഴിഞ്ഞപ്പോൾ ഒന്നും സംഭവിക്കാത്ത മട്ടിൽ ആടുകൾ പഴയപടി തലതാഴ്ത്തി വീണ്ടും ഉറങ്ങുവാൻ തുടങ്ങി. ഇടയനായ താൻ അവിടെയുണ്ടോ എന്നതു മാത്രമാണ് ആടുകളുടെ ചിന്ത, അവയുടെ നോട്ടം ദാവീദിൽ മാത്രമാണ്. ഇടയൻ അവിടെയുണ്ടെങ്കിൽ എല്ലാം സുരക്ഷിതമാണെന്നു അവയ്ക്കറിയാം. ദാവീദ് ഇവയുടെ ഇടയനും ഉടയവൻ കൂടിയാണ്.

പെട്ടെന്നാണ് ദാവീദിന്റെ ചിന്ത മറെറാരു രംഗത്തേക്ക് തിരിഞ്ഞത്, അതെ തനിക്കും ഒരു ഇടയനുണ്ട്. ആ ഇടയൻ തന്റെ ഉടയവനായ യഹോവയാണ്. തന്നെ കാണുമ്പോൾ തന്റെ ആടുകൾ സ്വസ്ഥമായി കിടന്നു വിശ്രമിക്കുന്നുവെങ്കിൽ, തന്റെ ഇടയനായ യഹോവയുള്ളപ്പോൾ താൻ എന്തിനു അസ്വസ്ഥനാകണം. താൻ തന്റെ ആടുകൾക്കുവേണ്ടി എന്തെല്ലാം ചെയ്യുന്നവോ, അവയെല്ലാം എനിക്കുവേണ്ടി യഹോവ ചെയ്യും. ഞാൻ എന്റെ ആടുകൾക്കുവേണ്ടി ചെയ്യുന്നത്, ദാവീദ് ചിന്തിക്കുവാൻ തുടങ്ങി. എന്റെ ആടുകൾക്കു യാതൊരു ബുദ്ധിമുട്ടുണ്ടാകാതെ ദാവീദ് പ്രത്യേകം ശ്രദ്ധിക്കുന്നു. പച്ചയായ പുൽപ്പുറങ്ങളിൽ ഞാൻ അവയെ കിടത്താറുണ്ട്. സ്വസ്ഥമായ വെള്ളത്തിനരികിലേക്ക് ഞാൻ അവയെ നടത്താറുണ്ട്. ആടുകൾക്ക് അതെല്ലാം സന്തോഷവും സമാധാനവുമാണ്. വെളിച്ചമില്ലാത്ത താഴ്വരകളിൽ ഞാൻ അവയെ നടത്താറുണ്ട്. ഞാൻ കൂടെയുള്ളതിനാൽ അല്പം പോലും മടിച്ചു നിൽക്കാതെ അവ മുന്നോട്ടു പോകാറുണ്ട്.

തുടരും....

Day 3 of 90 days ✝✝✝ 28th October 2017

അവയെ കീറികളയുവാൻ ചെന്നായ്ക്കളും മററും ചുററും നോക്കി നിൽക്കുമ്പോഴും അവയെപ്പററി ചിന്തിക്കപോലും ചെയ്യാതെ, ഞാൻ അവയ്ക്കു കൊടുക്കുന്ന ആഹാരം അവ ആഹ്ളാദത്തോടെ ഭക്ഷിക്കുന്നു. ഒരു നിമിഷം അവൻ ഇടയൻ എന്ന സ്ഥാനം മാററിവച്ചിട്ട് ഒരു ആടിന്റെ സ്ഥാനത്തിരുന്നുകൊണ്ട് ചിന്തിക്കുവാൻ തുടങ്ങി. എന്റെ ആടുകൾ അതിന്റെ ഇടയനെപ്പററി എന്തായിരിക്കും ചിന്തിക്കുന്നത്, എന്റെ ഇടയനെപ്പററി ഞാനും അതുതന്നെ ചിന്തിക്കുന്നു. അങ്ങനെ ദാവീദിന്റെ നാവിൽനിന്നും ദൈവവും താനുമായുള്ള ബന്ധത്തെയും സ്വന്തം അനുഭവത്തെയും വെളിപ്പെടുത്തുന്ന മാധുര്യമേറിയ വാക്കുകൾ അടർന്നു വീഴുവാൻ തുടങ്ങി. ഇനിയും 23–ാം സങ്കീർത്തനം ഒന്നുകൂടി വായിക്കാം.

എന്റെ ഇടയൻ, എന്നെ കിടത്തുന്നു, നടത്തുന്നു, തണുപ്പിക്കുന്നു, കൂടെയിരിക്കുന്നു, എനിക്കായി വിരുന്നൊരുക്കുന്നു...എത്ര നല്ല ഇടയൻ...ഉടയവൻ...നാം ഇന്ന് പരിഭ്രമത്തോടും ഭയത്തോടും ആകൂലചിന്തയോടും കൂടെ കഴിയുകയാണോ? എങ്കിൽ നമുക്ക് ഈ ഇടയനുമായി വ്യക്തിപരമായ ബന്ധമില്ല എന്നതാണ് കാരണം. യഹോവ നമ്മുടെ ഇടയനോ, അല്ലെങ്കിൽ ആ നല്ല ഇടയനുമായി ഇപ്പോൾ തന്നെ ശരിയായ ബന്ധത്തിൽ വരിക. നാം ഓരോരുത്തരും ദൈവപൈതലായി, ദാവീദിനോട് ചേർന്ന് ഈ നല്ല ഇടയൻ നമ്മൾക്കുവേണ്ടി എന്തെല്ലാം ചെയ്യുമെന്ന് ചിന്തിച്ച് ധൈര്യപ്പെടുകയും വിശ്വാസത്തിൽ ഉറയ്ക്കുകയും ചെയ്യേണം. പ്രത്യാശയാൽ നമ്മുടെ ഹൃദയം കുതിച്ചുയരട്ടെ. നമുക്കും ദാവീദിനോട് ചേർന്നു പറയാം, ‘ യഹോവ എന്റെ ഇടയനാകുന്നു’. നമ്മുടെ നല്ല ഇടയനായ കർത്താവ് നമുക്കുവേണ്ടി മൂന്നു നിലകളിൽ പ്രവർത്തിക്കുന്നു.

1) അവൻ ‘ഇടയൻ’ ആകുന്നു. അഥവാ അവൻ നമ്മുടെ ‘ഉടയവൻ’ ആകുന്നു.
2) അവൻ നമ്മോടുകൂടെയിരിക്കുന്നു. 4-ാം വാക്യത്തിൽ ‘നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.’
3) അവൻ നമ്മുടെ ആതിഥേയനാണ്. 5-ാം വാക്യത്തിൽ ‘നീ എനിക്കു വിരുന്നൊരുക്കുന്നു.’

യേശു നമ്മുടെ ഇടയനാണ്. എപ്പോഴും നമ്മോടു കൂടെയുള്ളവനാണ്. നമ്മെ ശ്രേഷ്ഠമായ നിലയിൽ പരിപാലിക്കുന്നവനാണ്, എന്നീ മൂന്നു നിലവാരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സങ്കീർത്തനത്തെ വിഭജിക്കുന്നത്.

തുടരും....

Day 4 of 90 days ✝✝✝ 29th October 2017

അവൻ എന്റെ ഇടയനാകയാൽ → എനിക്ക് മുട്ടുണ്ടാകയില്ല, അഥവാ കുറവുണ്ടാകയില്ല.

അവൻ എന്നോടുകൂടെയുള്ളതിനാൽ → ഞാൻ യാതൊരു അനർത്ഥവും ഭയപ്പെടുകയില്ല.

അവൻ എനിക്കു വിരുന്നൊരുക്കുന്നവൻ → എന്റെ പാനപാത്രം എപ്പോഴും നിറഞ്ഞുകവിയുന്നു.

അവൻ എന്റെ ആതിഥേയനാകയാൽ → ആ ആതിഥേയന്റെ ആലയത്തിൽ ഞാൻ ദീർഘകാലം വസിക്കും.

ഈ മൂന്ന് അനുഭവങ്ങളോടുമുള്ള നമ്മുടെ ഓരോരുത്തരുടെയും ബന്ധം എന്താണ്? യേശുക്രിസ്തുവിനെ ഈ മൂന്ന് നിലയിലും അനുഭവത്തോടുകൂടെ കാണുവാൻ നമുക്ക് സാധിക്കേണം. യഹോവ എന്റെ ഇടയനാകയാൽ, എനിക്കു യാതൊന്നിനും മുട്ടുണ്ടാകയില്ല, യാതൊന്നിനും കുറവുമുണ്ടാകയില്ല. യഹോവ നമ്മുടെ ഇടയനോ? നാം ഭാരപ്പെട്ടും വ്യാകുലപ്പെട്ടും ഇരിക്കുകയാണോ? നാം മുട്ടുള്ളവരായിരിക്കുവാൻ നമ്മുടെ ഇടയൻ ആഗ്രഹിക്കുന്നില്ല. ഇടയൻ ജീവിക്കുന്നത് തന്നെ ആടുകൾക്കുവേണ്ടിയാണ്. ആടുകളുടെ ക്ഷേമമാണ് തന്റെ ലക്ഷ്യം. സാധാരണ മനുഷ്യനായ ഒരു ഇടയൻ തന്റെ ആടുകൾക്കുവേണ്ടി വിചാരപ്പെടുകയും കരുതുകയും ചെയ്യുന്നെങ്കിൽ, നമ്മുടെ ഇടയനായ കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി വിചാരപ്പെടുകയും കരുതുകയും ചെയ്യുകയില്ലായെന്ന് വിചാരിക്കരുത്. ക്രിസ്തു നമുക്കുവേണ്ടി വിചാരപ്പെടുന്നവനും കരുതുന്നവനുമാണ്, ആകയാൽ നമ്മുടെ കുറവുകളെ പററി ചിന്തിച്ച് ചിന്താകുലപ്പെട്ട് എവിടെയെങ്കിലും മാറിയിരിക്കാതെ, നമ്മളെ സ്നേഹിക്കുന്നവനും, നമ്മൾക്കുവേണ്ടി കരുതുന്നവനും നമുക്കുവേണ്ടി ജീവിക്കുന്നവനുമായ യേശുവിങ്കലേക്കു നോക്കി, ധൈര്യമായി അവനെ സമീപിക്കാം. യഹോവ ഇടയനായിരിക്കുന്ന നമ്മൾക്ക് യാതൊരു മുട്ടുമുണ്ടാകയില്ല എന്ന് ഉറപ്പിച്ച് പറയുന്നതിന്റെ കാരണം; തന്റെ ഇടയൻ ആടുകളെ ഏതെങ്കിലും ആലയിൽ അടച്ചിട്ടിട്ട് എവിടെയെങ്കിലും പോയി സ്വന്തം കാര്യവും നോക്കുന്നവനല്ല, എവിടെയെങ്കിലും മാറികിടന്ന് ഉറങ്ങുന്നവനോ സ്വന്തം കാര്യം അന്വേഷിച്ചു പോകുന്നവനോ അല്ല.

തുടരും....

എവിടെയെങ്കിലും മാറികിടന്ന് ഉറങ്ങുന്നവനോ സ്വന്തം കാര്യം അന്വേഷിച്ചു പോകുന്നവനോ അല്ല നമ്മുടെ ഇടയൻ. അവൻ നമ്മെ പച്ചയായ പുൽപുറങ്ങളിൽ കിടത്തുന്നു. തികഞ്ഞ സമൃദ്ധിയുടെ അനുഭവത്തെയാണ് കാണുന്നത്. ഇടയൻ എവിടെയാണ് നമ്മെ കിടത്തുന്നത്? ഉണങ്ങിയ പുൽമേടുകളിലോ വേണ്ടത്ര മേച്ചിലില്ലാത്ത ഇടങ്ങളിലോ അല്ല, പച്ചയായ പുൽപുറങ്ങളിലാണ്, കർത്താവിന്റെ സമൃദ്ധിയായ ദാനത്തെയാണ് അത് കാണിക്കുന്നത്. അവൻ തന്റെ ജനത്തിന് എല്ലാം തന്നെ സമൃദ്ധിയായി പ്രദാനം ചെയ്യുന്നവനാണ്.

അവൻ നൽകുന്ന ജീവൻ, സമൃദ്ധിയായ ജീവനാണ്. അവൻ നൽകുന്ന സമാധാനം, സകലബുദ്ധിയെയും കവിയുന്ന സമാധാനമാണ്. അവൻ തന്റെ ജനത്തിന് നൽകുന്ന സന്തോഷം, പൂർണ്ണമായ സന്തോഷമാണ്. നമ്മുടെ ബുദ്ധിമുട്ടുകൾ അവൻ തീർത്തു തരുന്നത്, നമ്മുടെ ആവശ്യത്തിനൊത്തവണ്ണമല്ല, ധനത്തിനൊത്തവണ്ണമാണ്. അവൻ മേത്തരമായ ഗോതമ്പുകൊണ്ടു നമ്മെ പോക്ഷിക്കുന്നവനും തേൻ കൊണ്ടു നമുക്കു തൃപ്തിവരുത്തുന്നവനുമാണ്. സകലവും സമൃദ്ധിയായി അവൻ നമുക്ക് പ്രദാനം ചെയ്യുന്നു എന്നു മാത്രമല്ല, സമൃദ്ധിയിൽ തന്നെ നമ്മെ നിലനിർത്തുകയും ചെയ്യുന്നു.

സ്വർഗ്ഗരാജ്യത്തിൽ ആഹാരം മാത്രമല്ല, വിശ്രമവുമുണ്ട്. ദൈവസന്നിധിയിലേക്കു വരണം. ദൈവത്തിന്റെ നടത്തിപ്പിൻ കീഴിൽ വരണം. അവിടെ സമൃദ്ധിയുണ്ട്, വിശ്രമമുണ്ട്. ദൈവവചനമാകുന്ന പുൽമേടുകളിലേക്കിറങ്ങുക. അവിടെ ആവശ്യമായ ആഹാരമെല്ലാം സമൃദ്ധിയായിട്ടുണ്ട്, അവിടെ വിശ്രമവും ഉണ്ട്. തുടർന്ന് ദാവീദ് പറയുന്നത്, ‘എന്റെ ഇടയൻ എന്നെ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കു നടത്തുന്നു.’ വെള്ളത്തിനരികിലേക്കു നയിക്കുകയാണ് ചെയ്യുന്നത്. ആവശ്യംപോലെ കുടിക്കുവാൻ അവിടെയുണ്ട്. ധാരാളം വെള്ളമുള്ളിടത്തേക്കാണ് ഇടയൻ ആടിനെ നയിക്കുന്നത്. അത് കലങ്ങിമറിഞ്ഞ് വല്ലാതെ ഒഴുകികൊണ്ടിരിക്കുന്ന സ്ഥാനത്തേക്കല്ല, പ്രത്യുത സ്വസ്ഥമായ ജലത്തിന്റെ അരികിലേക്കാണ്. അത് ശാന്തമായി നിന്നു പാനം ചെയ്യുവാൻ തക്കവണ്ണം ആത്മാവാം നദിയിലേക്കു നമ്മുടെ ഇടയൻ നമ്മെ നയിക്കുന്നു.

തുടരും....

ദാവീദ് വീണ്ടും പറയുന്നു, ' എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുകയും നീതിപാതകളിൽ നടത്തുകയും ചെയ്യുന്നു.' നമ്മെ അലട്ടുകയും മററും ചെയ്യാവുന്ന എല്ലാ സാഹചര്യങ്ങളിൽ നിന്നും നമ്മെ അകററി നീതിയുടെ പാതകളിൽ തന്നെ നടത്തുന്നു എന്നതാണ്. കർത്താവ് നമ്മുടെ ഇടയനായിക്കുന്ന അനുഭവത്തിൽ നാം എത്രയുംവേഗം എത്തിച്ചേരണം. ദാവീദ് കർത്താവിനോട് പറയുന്നത്, 'നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.' കർത്താവ് കൂടെയുള്ളതിനാൽ, താൻ യാതൊരു അനർത്ഥവും ഭയപ്പെടുകയില്ലെന്നും ഉറപ്പിച്ചു പറയുന്നു.

ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ച ഏററവും വലിയ പ്രത്യേകത, മറെറാരു മതത്തിലും കാണുവാൻ കഴിയാത്ത ഒരു വിലയേറിയ വാഗ്ദത്തം ഇതിൽ കാണുവാൻ കഴിയുന്നു. തന്റെ ശിഷ്യന്മാരെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്യുന്ന യേശുവിന്റെ മുമ്പിൽ നിന്ന ശിഷ്യന്മാരോട് യേശു പറഞ്ഞത്, 'ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്.' ലോകത്തിൽ അറിയപ്പെടുന്ന ഏതൊരു മതത്തെയും പരിശോധിച്ചാൽ, ഇപ്രകാരം ഒരു വാഗ്ദത്തം കാണുവാൻ കഴിയുകയില്ല. ഈ വിധവാഗ്ദത്തം ക്രിസ്ത്യാനിത്വത്തിൽ മാത്രമേ കാണുവാൻ കഴിയുകയുള്ളു. നമ്മുടെ യേശു ജീവിക്കുന്ന രക്ഷിതാവ് മാത്രമല്ല, ജീവിപ്പാൻ നമ്മെ സഹായിക്കുന്ന രക്ഷിതാവും കൂടെയാണ്. 'ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും' എന്നു ഉറപ്പിച്ചു പറഞ്ഞ രക്ഷിതാവാണ് അവൻ. അവൻ ഇപ്പോഴും നിങ്ങളോടുകൂടെയുണ്ട്.

ഒന്നാം വാക്യത്തിൽ ഇടയനായി പ്രത്യക്ഷപ്പെട്ട കർത്താവ് നാലാം വാക്യത്തിൽ നമ്മുടെ നടത്തിപ്പുകാരനും രക്ഷകനുമായി വെളിപ്പെടുകയാണ്. എല്ലാ ഇടയന്മാരും എപ്പോഴും ആടുകളോടു കൂടെയിരിക്കണമെന്നില്ല, ഉണ്ടായിരിക്കുകയുമില്ല. എന്നാൽ ഈ നല്ല ഇടയൻ എപ്പോഴും ആടുകളോടു കൂടെയിരുന്ന് അവയെ സംരക്ഷിക്കുന്നവനാണ്. അവൻ ഒരിക്കലും നമ്മെ വിട്ടുപിരിയുകയില്ല. നമ്മുടെ ജീവിതയാത്രയിൽ നമ്മെ അലട്ടുവാനും ആക്രമിക്കുവാനും എതിർക്കുവാനും തകർക്കുവാനും സദാസന്നദ്ധനായി നമ്മെ പിൻതുടർന്ന് കൊണ്ടിരിക്കുന്ന ഒരു ശത്രുവുണ്ട്. ആ ശത്രുവാണ് സാത്താൻ. നമ്മെ ഏതുവിധേനയും ആക്രമിച്ച് തകർക്കുക എന്നതാണ് അവന്റെ ലക്ഷ്യം.

തുടരും....

നമ്മെക്കാൾ എല്ലാവിധത്തിലും ബലവാനായ അവന്റെ ആക്രമണത്തിൽ നിന്നും സ്വയം രക്ഷപ്പെടുവാൻ ബലഹീനരായ നമുക്ക് കഴിയുകയില്ല. അതിന് സാത്താനെക്കാൾ ബലവാനായ, സാത്താനെ പരാജയപ്പെടുത്താൻ കഴിവുള്ള അഥവാ പരാജയപ്പെടുത്തിയ ഒരുവന്റെ സഹായം നമുക്ക് ആവശ്യമാണ്. നമ്മുടെ ബലഹീനതയും സാത്താന്റെ ബലവും അവന്റെ ലക്ഷ്യവുമെല്ലാം കർത്താവ് നന്നായറിയുന്നു, അതുകൊണ്ടാണ് തന്നെയാണ്, അവൻ എപ്പോഴും നമ്മൊടുകൂടെയിരിക്കാം എന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. സാത്താനെ ജയിച്ച യേശു നമ്മൊടുകൂടെയുള്ളതിനാൽ സാത്താനെ ഭയപ്പെടേണ്ട ആവശ്യം നമുക്കില്ല. നമ്മുടെ സംരക്ഷണം നമ്മുടെ ഇടയനായ യേശു ഏററെടുത്തിരിക്കുന്നു. ആ യേശുവിനെ അനുഗമിക്കുക, പിൻപററുക എന്നതു മാത്രമാണ്.

ദാവീദ് പറഞ്ഞു, 'കർത്താവേ, നീ എന്നോടുകൂടെയുള്ളതിനാൽ ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല.' ഇതു പറയുമ്പോൾ പച്ചയായ പുൽപുറങ്ങളിൽ ആടുകൾ മേയുകയും കിടക്കുകയും ചെയ്യുമ്പോൾ അവയെ പിടിക്കുവാനും കടിച്ചുകീറുവാനും തയ്യാറായി ദുഷ്ടമൃഗങ്ങൾ അതിനുചുററും പതിങ്ങിയിരിക്കുകയായിരിക്കാം. ആ ദുഷ്ടമൃഗത്തോട് എതിരിട്ടു ജയിക്കുവാൻ ഈ ആടുകൾക്ക് ഒരിക്കലും സാദ്ധ്യമല്ല. ഈ വസ്തുതകൾ അറിയാവുന്ന മറെറാരാൾ കൂടെയവിടെയുണ്ട്. അത് ആടുകളുടെ ഇടയനാണ്. ആ ഇടയൻ അവിടെ നിന്നു മാറാതെ ആടുകളോടൊപ്പം നിലകൊള്ളുന്നു. അപ്രകാരം ഒരു ഇടയൻ അവിടെയുണ്ടെന്നുള്ള വസ്തുത ആടുകൾക്കറിയാം. അതുകൊണ്ടാണ്, ശത്രുവിനെപ്പററിയുള്ള യാതൊരു ഭയവും കൂടാതെ അവിടെനിന്നു മേയുന്നത്. ബലവാനായ ഒരു ഇടയൻ അവയോടുകൂടെ ഉണ്ടെന്നും തങ്ങൾ കുനിഞ്ഞു നിന്നു പുല്ലു തിന്നുമ്പോൾ ആ ഇടയൻ തല നിവർത്തി പിടിച്ചുകൊണ്ടു നിൽക്കുകയാണെന്നും അവയ്ക്കറിയാം. തങ്ങളുടെ ഇടയൻ ഉറങ്ങാതെയും മയങ്ങാതെയും തങ്ങളോടുകൂടെയുണ്ടെന്ന ബോദ്ധ്യം തന്നെയാണ് അവയെ ധൈര്യപ്പെടുത്തി നിർത്തുന്നത്.

തുടരും....

Day 8 of 90 days ☨☨☨ 2nd November 2017

നമുക്ക് ഒരു ശത്രുവുണ്ട് എന്നതും ആ ശത്രു നമ്മെ തകർക്കുവാൻ നിരന്തരം കാത്തിരിക്കുകയാണെന്നുള്ളതും ശരിയാണ്. എന്നാൽ നാം ഒട്ടും ഭയപ്പെടേണ്ടതില്ല. കാരണം ആ ശത്രുവിനെ തോൽപ്പിച്ചവനായ നമ്മുടെ നല്ല ഇടയനായ യേശു നമ്മോടുകൂടെയുണ്ട്. അവൻ ഉറങ്ങുന്നില്ല, ഉറക്കം തൂങ്ങുന്നതുമില്ല. സംരക്ഷണത്തിന്റെ വടിയുമായി അവൻ എപ്പോഴും നമ്മോടുകൂടെയുണ്ട്. ആകയാൽ ധൈര്യപ്പെടുക, 'ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല.'

ദാവീദ് തുടർന്നു പറയുകയാണ്, 'ഞാൻ കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഒരനർത്ഥവും ഭയപ്പെടുകയില്ല. എന്തെന്നാൽ നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.' ഇടയൻ ആടുമായി മേച്ചിൽപ്പുറങ്ങൾ തേടി പോകുമ്പോൾ ചിലപ്പോൾ അപകടം നിറഞ്ഞ താഴ്‌വരയിൽക്കൂടി കടന്നുപോകേണ്ടി വരും. അവിടെ ഇരുൾ നിറഞ്ഞ സ്ഥലമാണ്. ഒരു കൈയിൽ വടിയും മറേറ കൈയിൽ കോലുമായി അവൻ താഴ്‌വരയിലേക്കിറങ്ങുന്നു. ദുഷ്ടമൃഗങ്ങൾ അവിടെയുണ്ടെങ്കിൽ ഓടി മറയുന്നു. മുൾച്ചെടിയുടെ ചില്ലുകൾ കോലുകൊണ്ട് പിടിച്ചു ഒതുക്കുന്നു. അങ്ങനെ വഴി ഒരുക്കി ഇടയൻ മുന്നോട്ടു നീങ്ങുന്നു. ആടുകൾ തന്നെ അനുഗമിക്കുന്നു. അവ സുരക്ഷിതമായി മറുവശത്തെത്തുന്നു – യാതൊരു അനർത്ഥവും ഭയപ്പെടാതെ, ഈ വാഗ്ദത്തത്തെ മുറുകെ പിടിക്കുക. നല്ല ഇടയനായ യേശു നമ്മൊടുകൂടെയുണ്ട്. ആകയാൽ ഒരു അനർത്ഥവും ഭയപ്പെടേണ്ട ആവശ്യം നമുക്കില്ല. അവന്റെ നിരന്തര സാന്നിദ്ധ്യം നിന്നോടു കൂടെയുണ്ട്. ധൈര്യപ്പെടുക, ഉറച്ചുനിൽക്കുക, കർത്താവ് നമ്മുടെ ഇടയൻ മാത്രമല്ല, അവൻ വിശ്വസ്തനായ രക്ഷകൻ കൂടെയാണ്.
അഞ്ചാം വാക്യത്തിൽ 'നീ എനിക്ക് വിരുന്നൊരുക്കുന്നു.' ഇടയനും സംരക്ഷകനുമായി പ്രത്യക്ഷപ്പെട്ട കർത്താവ് ഇപ്പോൾ അതിഥേയനായി അഥവാ വിരുന്നൊരുക്കുന്ന രാജാവായി മാറുകയാണ്. യേശു ഇടയനും സംരക്ഷകനുമായി മുമ്പോട്ടു പോകുമ്പോൾ, ജനത്തിന്റെ സ്ഥിതിയിൽ ഉണ്ടാകുന്ന മാററം വളരെയധികമാണ്. യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാററുമ്പോൾ യാക്കോബ് ആനന്ദിക്കും എന്ന വചനം എത്രയോ അന്വർത്ഥമാണ്.

തുടരും....

സ്നേഹിത, നീ കർത്താവിന്റെ ആടാകുന്നുവെങ്കിൽ, അവൻ നിന്റെ സംരക്ഷകൻ മാത്രമല്ല, അവൻ നിന്റെ സംരക്ഷകൻ മാത്രമല്ല, നിന്റെ അതിഥേയൻ കൂടെയാണ്. അവൻ നിനക്കായി വിരുന്നൊരുക്കുന്നു. വിരുന്നുശാലയിലേക്ക് അവൻ നിന്നെ ക്ഷണിക്കുന്നു. അവിടെ നീ വെറും ഒരു ആടല്ല, വിരുന്നുകാരനാണ് – അതിഥിയാണ്.

നമുക്ക് ആത്മീകമായി എല്ലാ വിധ പുഷ്ടിയും അനുഭവിച്ച് സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നതിനുള്ള അവസരവും അനുഭവവും അവിടെയുണ്ട്. വിരുന്നുശാല! ആത്മീക വിരുന്നുശാല, ചില ദൈവമക്കൾ ഏതു സാഹചര്യത്തിലും അത്യധികം സന്തോഷവും പ്രസന്നതയും വിജയവുമുള്ളവരായി കാണപ്പെടുന്നതിന്റെ കാരണം ഇതാണ്. സ്വർഗ്ഗീയ വിരുന്നുഭോജനത്തിൽ നിന്നും ആസ്വദിച്ച് തികഞ്ഞ പ്രാഗത്ഭ്യത്തോടെ കർത്താവിൽ ആനന്ദിക്കുന്ന അനുഭവമാണത്. നമ്മുടെ ഇടയൻ നമുക്കായി വിരുന്നൊരുക്കിയിരിക്കുന്നു.

ഈ വിരുന്നിന് രണ്ട് പ്രത്യേകതകളുണ്ട്. ഒന്ന്, അത് ശത്രുക്കൾ കാൺകെയുള്ള വിരുന്നാണ്. ശത്രുവിനെ അധികമായി അരിശം കൊള്ളിക്കുന്ന വിധത്തിൽ, നമ്മെ തിന്നുവാൻ കാത്തിരിക്കുന്ന ശത്രുവിന്റെ മുമ്പിൽ വച്ച് നാം തിന്ന് ആനന്ദിക്കുക. നമ്മെ തകർക്കുവാൻ തക്കം പാർത്തിരിക്കുന്ന ശത്രുവിന്റെ സാന്നിദ്ധ്യത്തിൽ തന്നെ നാം പുഷ്ടിയും അഭിവൃദ്ധിയും പ്രാപിക്കുക. നമ്മുടെ ദൈവം ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കുന്നവനാണ്.

രണ്ട്, അത് സമൃദ്ധവും സമ്പൂർണ്ണവുമായ വിരുന്നാകുന്നു എന്നതാണ്. 'എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു' എന്നാണ് ദാവീദ് പറയുന്നത്. അത് വിരുന്നിന്റെ സമൃദ്ധിയെ വ്യക്തമാക്കുകയാണ്. പാനപാത്രത്തിൽ അല്പം മാത്രം വിളമ്പുന്നവനല്ല ഈ അതിഥേയൻ, നിറഞ്ഞു കവിയത്തക്കവണ്ണം പ്രദാനം ചെയ്യുന്നവനാണ്. കർത്താവ് എല്ലാ അനുഗ്രഹങ്ങളും സമൃദ്ധിയായി നൽകുന്നവനാണ്. നിറഞ്ഞു കവിയുന്ന, പൂർണ്ണതൃപ്തരായിരിക്കുന്ന അനുഭവമാണത്. കൂടാതെ, 'എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു'. തികച്ചും വിശിഷ്ട അതിഥികൾക്ക് മാത്രമുള്ള ഒരു ചടങ്ങാണിത്. വിശിഷ്ട അതിഥികളുടെ തലയെ അഭിഷേകം ചെയ്യേണ്ടത് ആതിഥേയന്റെ കടമയാണ്. അതും ഇടയൻ ചെയ്യുന്നു.

തുടരും....

**സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...**

കർത്താവിനെ സ്നേഹിക്കുന്നത്, അവന്റെ ആടായിരിക്കുന്നത് എത്രയോ ശ്രേഷ്ഠവും അനുഗ്രഹിക്കപ്പെട്ടതുമായ അനുഭവമാണ്. നാം അവന്റെ ആടായിരിക്കുന്നവോ! ഇല്ലെങ്കിൽ ആ അനുഭവത്തിലേക്ക് നമുക്കു വരാം. വിഷയം കൂടുതൽ വിശദമായി പഠിക്കേണ്ടിയിരിക്കുന്നു.

യഹോവ എന്റെ ഇടയനാകുന്നു. നാം യഹോവയായ ദൈവത്തിന്റെ ആടുകളാണ്. ദൈവം നമ്മുടെ സൃഷ്ടാവാണ്. അവന്റെ സൃഷ്ടിയാണ് നാം. അവൻ നമ്മെ ഉണ്ടാക്കി, ആകയാൽ നാം അവന്റെ ആടുകളാണ്. സങ്കീർത്തനങ്ങൾ 79:13 ദാവീദിന്റെ പിതാവ് തന്റെ ആടുകളെ പുത്രനായ ദാവീദിനെ ഏൽപ്പിച്ച പ്രകാരം, പിതാവായ ദൈവം തന്റെ ആടുകളായ നമ്മെ തന്റെ പുത്രനായ യേശുവിന്റെ പക്കൽ ഏല്പിച്ചിരിക്കുകയാണ്.

വിശുദ്ധ യോഹന്നാൻ 17:6 പിതാവിൽ നിന്നും നമ്മെ പൂർണ്ണഹൃദയത്തോടെ ഏററുവാങ്ങിയ ക്രിസ്തു ഇന്ന് നമ്മുടെ സാക്ഷാൽ ഇടയനാണ്. അവൻ കൂലിക്കാരനായ ഇടയനല്ല, ദാവീദിനെപ്പോലെ സ്വപിതാവിന്റെ ആടുകളെ സ്വന്തമാക്കി രക്ഷിക്കുന്ന നല്ല ഇടയനാണ്. സ്വന്തം ജീവനേക്കാൾ കൂടുതലായി തന്റെ ആടുകളെ സ്നേഹിക്കുന്നു. യേശു പറയുന്നു, ‘ ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.

ദാവീദ് ആടിനെ രക്ഷിപ്പാൻ സിംഹത്തെയാണ് എതിരിടേണ്ടി വന്നതെങ്കിൽ നമ്മുടെ കർത്താവിന് നമ്മെ രക്ഷിക്കാൻ അലറുന്ന സിംഹം പോലെ ഓടി നടക്കുന്ന സാത്താനെയാണ് എതിരിടേണ്ടി വന്നത്. സാത്താന്റെ പിടിയിലമർന്ന് രോഗത്തിനും ഭയത്തിനും ദുരാത്മാക്കൾക്കും അടിമയായി കഴിഞ്ഞ മാനവജാതിയെ, ആ സാത്താന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ച് സ്വതന്ത്രരാക്കി തന്റെ പിതാവിന്റെ മുമ്പിൽ കാഴ്ച വയ്ക്കുക എന്നതായിരുന്നു ആ നല്ല ഇടയന്റെ ലക്ഷ്യം.

സാത്താന്റെ ലക്ഷ്യം യേശുവായിരുന്നില്ല, അവൻ നമ്മെയാണ് ഉന്നം വച്ചത്. എന്നാൽ നമ്മെ രക്ഷിപ്പാനായി യേശുക്രിസ്തുവിന് കഴിഞ്ഞതുകൊണ്ടു മാത്രമാണ് സാത്താന്റെ ആക്രമണം യേശുവിന്റെ നേരേ അഴിച്ചുവിട്ടത്. നമ്മെ രക്ഷിപ്പാനായി യേശു സാത്താന്റെ നേരേ തിരിഞ്ഞ് അവന്റെ ആക്രമണത്തെ എതിരിടേണ്ടതായി വന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആ പോരാട്ടത്തിൽ സാത്താൻ യേശുവിന്റെ കുതികാൽ തകർത്തുവെങ്കിലും യേശു സാത്താന്റെ തല തകർക്കുകയും അവന്റെ അടിമത്വത്തിൽ നിന്ന് മാനവജാതിയെ സ്വതന്ത്രമാക്കുകയും ചെയ്തു. ആ മഹാ സംഭവമാണ് കാൽവറിയിൽ നാം കാണുന്നത്. സാത്താനുമായുള്ള യേശുവിന്റെ പോരാട്ടത്തിന്റെ അന്തിമരംഗമാണ് നാം കാണുന്നത്. സകല ദുഷ്ടശക്തികളും കൂടെ ചേർന്ന് യേശുവിനെ തകർക്കുവാൻ ശ്രമിച്ചു. എന്നാൽ ദൈവത്തിന്റെ പുത്രനായ യേശു കാൽവറിയിൽ വച്ചു സാത്താനെ എന്നേക്കുമായി തോൽപ്പിക്കുകയും ആയുധവർഗ്ഗം വയ്പിച്ച് അവന്റെമേൽ ജയോത്സവം കൊണ്ടാടുകയും ചെയ്തു. അങ്ങനെ സ്വാതന്ത്ര്യത്തിന്റെ കാഹളധ്വനി കാൽവറിയിൽ മുഴങ്ങി, അങ്ങനെ നാം സ്വതന്ത്രരായിത്തീർന്നിരിക്കുന്നു.

കാൽവറിയിലെ യേശുവിന്റെ യാഗം മുഖാന്തരം പാപത്തിൽ നിന്നും സാത്താന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചവർക്കു മാത്രമേ യേശു 'എന്റെ ഇടയൻ' എന്നു പറയുവാൻ കഴിയുകയുള്ളു. അല്ലാത്ത ഉരുവിടൽ ഏററവും ഖേദകരമാണ്. എന്നാൽ പാപമോചനം പ്രാപിച്ചിട്ട് ഇതു പറയുന്നത് ഏററവും ശ്രേഷ്ഠവുമാണ്. 'നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു' എന്നാണ്. യേശു അപ്രകാരം പറയുക മാത്രമല്ല ചെയ്യുന്നത്, അത് അനുഭവത്തിലൂടെ കാണിക്കുകയും ചെയ്തു. ആടുകൾക്കുവേണ്ടി, ആടുകളുടെ രക്ഷയ്ക്കുവേണ്ടി, യേശു തന്റെ ജീവനെ കൊടുത്തു. അതാണ് കാൽവറിയിൽ നാം കാണുന്നത്.

യേശു നല്ല ഇടയൻ, നമുക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുവാൻ ഒരുക്കമുള്ളവനായിരുന്നവൻ, ജീവനെ തന്നെ മറുവിലയായി കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങിയവൻ, ഇനിയും ഒരിക്കലും നമ്മെ ശത്രുവിന്റെ കൈയിൽ എറിഞ്ഞ്കൊടുത്തിട്ട് ഓടിപ്പോകയില്ല. ആകയാൽ പൂർണ്ണമായും നമുക്ക് അവനെ വിശ്വസിക്കാം, ഇടയനായി അംഗീകരിക്കാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിന്റെ കൂടെയുള്ള ജീവിതം തികച്ചും സുരക്ഷിതമായിരിക്കും. 'ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്നും വാഗ്ദത്തം ചെയ്തിരിക്കുന്നു. ആടുകളുടെ ആവശ്യം മനസ്സിലാക്കി അവയെ യഥാസമയം പോററുകയും സംരക്ഷിക്കുകയും ചെയ്യുമോ, അതോ ആടുകൾക്ക് വിശന്നാലും അതെപ്പററി ചിന്തിക്കുകയോ കാര്യമാക്കുകയോ ചെയ്യാതെ എവിടെയെങ്കിലും മാറി നിൽക്കുകയോ ചെയ്യുന്നതല്ല യഥാർത്ഥ ഇടയൻ. അവൻ പച്ചയായ പുൽപുറങ്ങളിൽ തന്നെ പോഷിപ്പിക്കുകയും സ്വസ്ഥതയുള്ള വെള്ളത്തിൽ നിന്നും കുടിപ്പിക്കുകയും ചെയ്യുന്നു.

നമ്മുടെ ഇടയനായ കർത്താവ് പറഞ്ഞു, ' ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്തൊരു ശ്രേഷ്ഠമായ വാഗ്ദാനമാണിത്. 'അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾക. 1 പത്രൊസ് 5:7. അവൻ നമ്മൾക്കായി, തന്റെ ആടുകൾക്കായി കരുതുന്നവനാണ് എന്നതിനാൽ സകല ചിന്താകുലവും നാം തന്നെ വഹിച്ചുകൊണ്ട് നടക്കാതെ അവന്റെമേൽ ഇട്ടിട്ട് തികഞ്ഞ സമാധാനത്തോടും സ്വസ്ഥതയോടും കൂടെ ജീവിക്കുവാനാണ് ആടുകളായ നമ്മെ വചനം പ്രബോധിപ്പിക്കുന്നത്. നമ്മുടെ ഇടയനായ യേശു നമുക്കുവേണ്ടി കരുതുന്നവനാണ്. നമ്മെ സഹായിപ്പാൻ ഒരുക്കമുള്ളവനായി എപ്പോഴും നിലകൊള്ളുന്നവനാണ്.

നമ്മുടെ ഇടയൻ ത്രിത്വത്തിൽ രണ്ടാമനായ പുത്രനാം ദൈവമാണ്. സൃഷ്ടിപ്പിൽ പിതാവിനോടു കൂടെയുണ്ടായിരുന്ന നിത്യനാം ദൈവം ആണ്. സകലവും അവനാലും അവൻ മുഖാന്തരവും ഉളവായി. ഉളവായതൊന്നും അവൻ കൂടാതെ ഉളവായതല്ല. സകല ചരാചരങ്ങളുടെയും സൃഷ്ടിതാവണവൻ. അവയെ എല്ലാം നിലനിർത്തുന്നതും അവൻ തന്നെ. ആകാശവിതാനത്തിൽ കാണുന്ന കോടാനുകോടി നക്ഷത്രങ്ങളും ഗോളങ്ങളും സൂര്യനും ചന്ദ്രനും എല്ലാം അവന്റെ കൈവേലയാണ്. അവയെല്ലാം അവിടെ നിലകൊള്ളുന്നത് കർത്താവിന്റെ വചനത്തിന്റെ ശക്തിയാൽ മാത്രമാണ്.

തുടരും....

# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പ്രപഞ്ചശക്തിയുടെ വലിയ ദൈവമാണ് നമ്മുടെ ഇടയൻ. ആ ശക്തി ഗ്രഹിക്കുവാൻ ആർക്കാണ് കഴിയുക. നമ്മെ ദുരാത്മശക്തിയിൽ നിന്നും ഭയത്തിൽ നിന്നും വിടുവിപ്പാൻ കഴിവുള്ളവനാണ്. നമ്മെ സംരക്ഷിപ്പാനും നമ്മുടെ ആവശ്യങ്ങളെ നിറവേററാനും കഴിവുള്ളവനാണ് നമ്മുടെ ഇടയൻ. അവന്റെ അടുക്കൽ വന്ന രോഗികളെല്ലാം തന്റെ വചനത്തിന്റെ ശക്തിയാൽ സുഖംപ്രാപിച്ചു. മുടന്തർ എഴുന്നേററു നടന്നു. പക്ഷവാതക്കാരൻ നടക്കുന്നു. കുരുടർക്ക് കാഴ്ച ലഭിക്കുന്നു. ചെകിടർക്ക് കേൾക്കുവാൻ കഴിയുന്നു. കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു. മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു. പ്രകൃതി പോലും അവനെ കീഴടങ്ങി. കാററും കടലും അവന്റെ വചനത്താൽ ശാന്തരായി. കർത്താവ് സകലത്തിന്റെയും യജമാനനാണെന്നും അവൻ തെളിയിക്കുകയും എല്ലാവരും അംഗീകരിക്കുകയും ചെയ്തു. കർത്താവ് രോഗത്തിന്റെയും പ്രകൃതിയുടെയും ഭൂതങ്ങളുടെയും മരണത്തിന്റെയും യജമാനനാണ്. അവൻ മരിച്ചവരെ ഉയിർപ്പിച്ചു എന്നു മാത്രമല്ല, അവൻ തന്നെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററ് അവന്റെ അധികാരത്തെ ആവർത്തിച്ചുറപ്പിച്ചു. അങ്ങനെ സകലത്തിന്റെയും യജമാനനായ ആ യേശുവാണ് നമ്മുടെ ഇടയൻ. എതു നിലയിലും നമുക്ക് ഒരു ഇടയൻ ആവശ്യമാണ്. എന്തെന്നാൽ നമുക്ക് സ്വയം ശക്തിയാൽ ജീവിക്കുവാനോ നിലനിൽക്കുവാനോ സാധിക്കുകയില്ലെന്നു നമുക്ക് തന്നെ ബോധ്യമുണ്ട്.

അതിനാൽ നമ്മെ വഴി നടത്തുവാൻ ഒരു ഇടയൻ ആവശ്യമാണ്. അവനാണ് നല്ല ഇടയനായ യേശു. ആ യേശുവിനെ നമ്മുടെ ഇടയനായി ഇപ്പോൾ തന്നെ അംഗീകരിക്കുക. ആ നല്ല ഇടയൻ നമ്മെ സകലത്തിൽ നിന്നും രക്ഷിക്കും. നമ്മുടെ രോഗത്തെ സൗഖ്യമാക്കും. നമ്മുടെ ഭയം നീക്കി നമ്മുടെ ഹൃദയത്തെ വിശ്വാസത്താൽ നിറയ്ക്കും. എല്ലാ ചിന്താഭാരവും നീക്കി നമ്മെ സന്തോഷരാക്കും. എല്ലാ ദുഃഖവും പ്രയാസവും മാററി നമ്മെ നിലനിർത്തും. അന്ധകാരശക്തിയുടെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ശത്രുവിന്റെ കെണിയിൽ നിന്നും അവൻ നമ്മെ വിടുവിച്ച് കാക്കുകയും വഴി നടത്തുകയും ചെയ്യുന്നു. നല്ല വഴികൾ ഏതെന്ന് അറിയാവുന്ന ഈ നല്ല ഇടയൻ നല്ല വഴിയിലൂടെ തന്നെ നമ്മെ നടത്തും. ആകയാൽ അവന്റെ അടുക്കലേക്കു വരിക, കർത്താവിനെ നല്ല ഇടയനായി അംഗീകരിക്കുക, അവൻ മാത്രമാണ് ഇടയനായിരിപ്പാൻ യോഗ്യൻ.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

1 പത്രൊസ് 2:25 ൽ 'നിങ്ങളുടെ ആത്മാക്കളുടെ ഇടയൻ' എന്നാണ് ഈ ഇടയനെപ്പററി പറയുന്നത്. യേശു വെറും ഇടയനല്ല, ആത്മാക്കളുടെ ഇടയനാണ്. മനുഷ്യന് ഏററവും ആവശ്യമായിരിക്കുന്നത്, അവന്റെ ആത്മാവിനെ നയിക്കുവാൻ പ്രാപ്തനായ ഇടയനാണ്. ദൈവത്തിങ്കലേക്ക് വഴി നടത്തപ്പെടേണ്ട മനുഷ്യന്റെ ആത്മാവ് ചിതറപ്പെട്ട നിലയിൽ, സമാധാനമില്ലാതെ എങ്ങും അലയുന്ന അവസ്ഥ സർവ്വസാധാരണമാണ്. സമാധാനവും സ്വസ്ഥതയും വിശ്രമവും വിടുതലും എവിടെ കണ്ടെത്താമെന്ന് അന്വേഷിച്ച് മനുഷ്യാത്മാവ് അലഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകമെങ്ങും പുണ്യസ്ഥലങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ചുററിതിരിയുന്ന ആത്മാവ് അതിന് അനുയോജ്യമായ ഒരു ഇടയനെ കാണാതെ പരിതാപത്തോടെ മടങ്ങുന്നു. എന്നാൽ ഇവിടെയിതാ, ഒരു ആത്മാക്കളുടെ ഇടയൻ നയിക്കുവാനും നടത്തുവാനും ആരുമില്ലാതെയും ആശ്വാസവും വിശ്രമവും എങ്ങും കണ്ടെത്താതെയും അവിടവിടെയായി അലഞ്ഞുഴലുന്ന ആത്മാവേ, ആത്മാക്കളുടെ ഇടയനായ യേശു നമ്മെ ഓരോരുത്തരെ ക്ഷണിക്കുന്നു. അവൻ നമ്മുടെ ആത്മാവിന്റെ ഇടയനായി തീരുവാൻ ആഗ്രഹിക്കുന്നു.

ഈ ആത്മാക്കളുടെ ഇടയിൽ നിന്നും നാം അന്യപ്പെട്ടിരിക്കുകയാണെങ്കിൽ അവങ്കലേക്ക് ഇപ്പോൾ തന്നെ മടങ്ങിവരുവാൻ ദൈവാത്മാവ് നമ്മെ ക്ഷണിക്കുന്നു. ആത്മാക്കളുടെ ഇടയനായി യേശുക്രിസ്തു ഒരുവനേയുള്ളു. വിശുദ്ധ വേദപുസ്തകം ഈ ഇടയനു നൽകിയിരിക്കുന്ന മൂന്നു വിശേഷണ നാമങ്ങൾ 'നല്ല ഇടയൻ' 'വലിയ ഇടയൻ' 'ശ്രേഷ്ഠ ഇടയൻ' എന്നിവയാണ്. ഇവ മൂന്നും കർത്താവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകളെ വ്യക്തമാക്കുന്നു. വിശുദ്ധ യോഹന്നാൻ 10:11-15 'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഞാൻ നല്ല ഇടയൻ, പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ആടുകളായ നമുക്കുവേണ്ടി – നമ്മുടെ രക്ഷയ്ക്കുവേണ്ടി ജീവനെ അർപ്പിച്ചവനാണ്. പാപികൾക്കുവേണ്ടി കാൽവറിയിൽ മരിച്ചു ഉയിർത്തവനായ കർത്താവ്, നമ്മെ രക്ഷിപ്പാനായി, നമ്മുടെ ആത്മാക്കളുടെ വീണ്ടെടുപ്പിനായി, ജീവനെ ഏൽപ്പിച്ചു കൊടുത്തവൻ, ജീവനെ തന്നെ നൽകി ആത്മാക്കളെ രക്ഷിച്ചവനാണ്. ആ നല്ല ഇടയനെ ഇന്നു തന്നെ നമ്മുടെ ആത്മാവിന്റെ ഇടയനായി അംഗീകരിക്കാം.

എബ്രായർ 13:20 വലിയ ഇടയൻ – ആടുകളുടെ വലിയ ഇടയനായ സമാധാനത്തിന്റെ ദൈവം. വലിയ ഇടയൻ ആടുകൾക്കു വേണ്ടി ജീവിക്കുന്നവനാണ്. ഇതാണ് ഏററവും ശ്രേഷ്ഠമായ വസ്തുത. യേശു നമ്മൾക്കുവേണ്ടി മരിച്ചവൻ മാത്രമല്ല, ഉയിർത്തെഴുന്നേററ് ഇന്നും ജീവിക്കുന്നവൻ കൂടെയുണ്ട്. ‘ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും’. ജീവിക്കാനുള്ള ശക്തിയെ പ്രദാനം ചെയ്യുന്നവനായി ഒരു വലിയ ഇടയൻ നമുക്കായി ജീവിക്കുന്നു. ആത്മാക്കളുടെ ഇടയനായ ഈ യേശു, ആത്മാക്കളെ രക്ഷിക്കുന്ന നല്ല ഇടയൻ മാത്രമല്ല, ആത്മാക്കളെ ശക്തിയായി ജീവിപ്പാൻ ശക്തിപ്പെടുത്തുന്ന വലിയ ഇടയൻ കൂടിയാണ്.

നമ്മെ രക്ഷിച്ചവനായ കർത്താവ്, നമ്മെ മറന്നുപോയിട്ടില്ല, മറക്കുകയില്ല. നമ്മുടെ ഓരോ ആവശ്യവും ബലഹീനതയും അറിഞ്ഞ് നമുക്കുവേണ്ടി ഓരോ സമയവും പിതാവായ ദൈവത്തോടെ പക്ഷവാദം ചെയ്തുകൊണ്ട് പിതാവിന്റെ വലതുഭാഗത്തിരിക്കുകയാണ്. നാം ഇവിടെ ഈ ലോകത്തിലായിരിക്കുമ്പോൾ, നമ്മെ കാണുന്നവർ മാത്രമല്ല, നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവനായി ആ വലിയ ഇടയൻ സ്വർഗ്ഗത്തിലുണ്ട് എന്ന വസ്തുത എത്രയോ ആവേശദായകവും ആശ്വാസപ്രദവുമാണ്. യേശു നമുക്കായി ജീവിക്കുന്ന വലിയ ഇടയനാണ്. ആ ഇടയന്റെ നല്ല കുഞ്ഞാടുകളായി എന്നും സന്തോഷമായി ജീവിക്കാം.

തുടരും....

Day 16 of 90 days 10th November 2017

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

1 പത്രൊസ് 5:4 ൽ 'എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും'. ഇത് നമ്മുടെ കർത്താവ് തന്റെ ആടുകളെ തന്റെ അടുക്കലേക്കു ചേർക്കുവാനായി മടങ്ങി വരുന്ന, തികച്ചും പ്രത്യാശ നിർഭരവും അതിശ്രേഷ്ഠവുമായ അനുഭവത്തെയാണ് കാണിക്കുന്നത്. നമുക്കുവേണ്ടി മരിച്ച നല്ല ഇടയനും, നമുക്കുവേണ്ടി ജീവിക്കുന്ന വലിയ ഇടയനുമായ കർത്താവ് നമ്മെ ചേർത്തുകൊള്ളാനായി വീണ്ടും വരുന്ന ശ്രേഷ്ഠ ഇടയൻ കൂടെയാണ്.

വീണ്ടും വരാമെന്നും തന്റെ ആടുകളെ തന്റെ അടുക്കൽ ചേർത്തുകൊള്ളാമെന്നുള്ള വാഗ്ദത്തത്തോടെയാണ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത്. കർത്താവ് തന്റെ വാഗ്ദത്തം നിവൃത്തിക്കുകയും വീണ്ടും വരികയും ചെയ്യും എന്നും നാം അറിയണം. പത്രൊസ് പറയുന്നത്, 'ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകും' എന്നാണ്. ആ ഇടയശ്രേഷ്ഠൻ തന്റെ ആടുകൾക്കായി എത്രയുംവേഗം പ്രത്യക്ഷനാകും, സംശയമില്ല.

ആത്മാക്കളുടെ ഇടയനായ നമ്മുടെ കർത്താവ് ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നവനും ആടുകൾക്കായി ഇന്നും ജീവിക്കുന്നതിനും ആടുകൾക്കായി ഇനിയും വരാൻ പോകുന്നവനുമാണ്. എത്ര ശ്രേഷ്ഠമായ കാര്യം, കർത്താവിന്റെ ആടുകളായിരിക്കുന്നതുപോലെയുള്ള ഒരു മഹാഭാഗ്യം അഥവാ അവനെ ഇടയനായി ലഭിക്കുന്നതുപോലെയുള്ള ഒരു വിശിഷ്ട പദവി വേറെ എന്തെങ്കിലും ഈ ലോകത്തിലുണ്ടോ? അതീവ കൃതാർത്ഥതയോടുകൂടെയാണ് ദാവീദ്, 'യഹോവ എന്റെ ഇടയനാകുന്നു'. എന്ന് പറഞ്ഞത്. നിറഞ്ഞ സന്തോഷത്തോടെ നമുക്കും പറയാം, 'യേശു എന്റെ ഇടയനാകുന്നു'. യഹോവ എന്റെ ഇടയനാകുന്നു എന്ന് ദാവീദ് പറഞ്ഞത്, തിരിച്ച് ഇങ്ങനെയും പറയാം, ' ഞാൻ യഹോവയുടെ ആട് ആകുന്നു'. ആദ്യത്തെ ചിന്ത നമുക്ക് സന്തോഷവും ധൈര്യവും പ്രദാനം ചെയ്യുമ്പോൾ, രണ്ടാമത്തെ ചിന്ത നമ്മുടെ ഉത്തരവാദിത്വത്തെയും കടമയെയും വ്യക്തമാക്കുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സന്തോഷവും ധൈര്യവും മാത്രം ശ്രദ്ധിക്കാതെ, നമ്മുടെ ഉത്തരവാദിത്വത്തെയും കടമയെയും കൂടെ നിറവേററുവാൻ നാം ശ്രമിക്കണം. അത് വിസ്മരിക്കുവാൻ പാടില്ല. ഏതൊരു പദവിയോടും കൂടെ ഒരു ഉത്തരവാദിത്വവുമുണ്ടെന്ന് നാം മനസ്സിലാക്കണം. നമ്മുടെ ഇടയന് നമ്മോട് ചില കടപ്പാടുകളും ഉത്തരവാദിത്വങ്ങളും ഉള്ളതുപോലെ അവന്റെ ആട് എന്ന നിലയിൽ നമുക്ക് ഇടയനോട് ചില കടപ്പാടുകളും ഉത്തരവാദിത്വങ്ങളും ഉണ്ട്.

നാം നമ്മുടെ ഇടയനെ അറിയണം. വിശുദ്ധ യോഹന്നാൻ 10:14 'ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു'. യേശുവിന്റെ ആടുകൾ യേശുവിനെ അറിയുന്നവ ആയിരിക്കണം. ഇടയൻ ആരാണെന്നു വ്യക്തമായി അറിയാത്ത ഒരു ആടിനും തന്റെ യഥാർത്ഥ ഇടയനെ പിൻപററുവാൻ കഴിയുകയില്ല. കാരണം ചെന്നായ്ക്കൾ ഇടയന്റെ വേഷം ധരിച്ച് നടക്കുന്നതുപോലെ പല കള്ള ഇടയന്മാരും യഥാർത്ഥ ഇടയന്റെ വേഷം ധരിച്ചുകൊണ്ട് ആടുകളെ വഞ്ചിക്കുവാനും വഴി തെററിക്കുവാനും ഊടാടി നടക്കുന്ന കാലമാണിത്. കള്ള ഇടയന്മാരെ തിരിച്ചറിഞ്ഞ് അവരെ ഒഴിവാക്കി ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുത്ത് ശരിയായ പാതയിൽ സഞ്ചരിക്കുവാൻ നമുക്ക് കഴിയണം.

നമ്മെ കാവൽ ചെയ്യുന്ന നമ്മുടെ ഇടയൻ എപ്പോഴും നമ്മോടു കൂടെയുള്ളവനാകുന്നുവെന്നും നമ്മുടെ ശത്രുവിനെ അവൻ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്യുമെന്നും ബോദ്ധ്യമുള്ള ആടുകൾ, ശത്രു വരുന്നതു കണ്ടാൽ ഭയപ്പെട്ടു നിലവിളിക്കുകയില്ലെന്നു മാത്രമല്ല, ശത്രു എന്തു ചെയ്താലും അത് ശ്രദ്ധിക്കുക പോലുമില്ല. നമുക്കുവേണ്ടി സകലവും കരുതുകയും തക്കസമയത്ത് അത് പ്രദാനം ചെയ്യുകയും ചെയ്യുന്നവനാകുന്നു നമ്മുടെ ഇടയനെന്ന ബോധ്യം നമുക്കുണ്ടെങ്കിൽ നാളയെചൊല്ലി നാം ഒരിക്കലും വിചാരപ്പെടുകയില്ല. നമ്മുടെ തലയിലെ മുടികൾ എല്ലാം എണ്ണി തിട്ടപ്പെടുത്തിയ കർത്താവ്, നമ്മുടെ ഹൃദയങ്ങളെ തൂക്കിനോക്കുന്നവൻ, ബോധവിചാരഹൃദയങ്ങളെ തിരിച്ചറിയുന്നവൻ, നമ്മുടെ ആവശ്യങ്ങളെ സ്തോത്രത്തോടെ സമർപ്പിച്ചാൽ, നമ്മുടെ ധനത്തിനൊത്തവണ്ണം നടത്തിത്തരും.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നാം ഇടയന്റെ ശബ്ദം കേൾക്കുന്നവരായിരിക്കണം. വിശുദ്ധ യോഹന്നാൻ 10:3 'ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു. തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ച് പുറത്തുകൊണ്ടുപോകുന്നു'. ഇടയനെ അറിയുന്ന ആടുകൾ ഇടയന്റെ ശബ്ദം കേൾക്കുന്നവരായിരിക്കണം. ഇടയന്റെ ശബ്ദം ശ്രദ്ധിക്കുന്നില്ലെങ്കിൽ, ആടുകൾ പ്രയാസത്തിലും അപകടത്തിലും ആകുന്നു. ഇടയൻ സംസാരിക്കുന്നു, പക്ഷേ എല്ലാ ആടുകളും അത് കേൾക്കുന്നില്ല. പുറത്തുള്ള പുൽമേടുകളിലേക്കു കൊണ്ടുപോകാനായി ഇടയൻ ആടുകളെ വിളിക്കുന്നു. പക്ഷേ ചില ആടുകൾ അതു കേൾക്കുന്നില്ല. ഇടയൻ എല്ലാം ഒരുക്കി പ്രദാനം ചെയ്യുന്നുവെങ്കിലും ആടുകൾക്ക് അത് അനുഭവിപ്പാൻ കഴിയുന്നില്ല. ഇടയന്റെ ശബ്ദം കേൾക്കുവാൻ, ശമുവേൽ ബാലനെപ്പോലെ, 'യഹോവേ! അരുളി ചെയ്യണമെ, അടിയൻ കേൾക്കുന്നു' എന്നു പറഞ്ഞുകൊണ്ടിരിക്കേണ്ടത് അവന്റെ ആടുകളായ നമ്മുടെ കടമയാണ്.

ഈ ഇടയൻ ആടുകളോടു ഇന്നു സംസാരിക്കുന്നത് എങ്ങനെയാണ്. നാം ധ്യാനത്തിലും പ്രാർത്ഥനയിലും ആയിരിക്കുന്ന വേളകളിൽ കർത്താവ് നമ്മോട് നേരിട്ടു സംസാരിച്ചു എന്നു വരാം. അങ്ങനെയുള്ളത് മിക്കപ്പോഴും നേരിയ ശബ്ദത്തിൽ നമ്മുടെ ഹൃദയത്തോടെ സംസാരിക്കുന്ന അനുഭവമായിരിക്കും. ചിലപ്പോൾ ഉയർന്ന ശബ്ദത്തിലും കാററിലും കൊടുംങ്കാററിലും സംസാരിക്കാം. ഇന്ന് കർത്താവ് തന്റെ ജനത്തിനോട് സംസാരിച്ചുകൊണ്ടിരിക്കുന്ന പ്രധാനമാർഗ്ഗം തന്റെ സത്യവചനത്തിലൂടെ ആണ്.

വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ ജീവനുള്ള വചനമാണ്. അത് മനുഷ്യനോടുള്ള, നമ്മളോടുള്ള ദൈവത്തിന്റെ സന്ദേശമാണ്. കർത്താവിന് നമ്മളോടു പറയുവാനുള്ളതെല്ലാം അവൻ തന്റെ വചനത്തിലൂടെ നൽകിയിട്ടുണ്ട്. ആകയാൽ കർത്താവിന്റെ ശബ്ദം കേൾക്കുവാൻ വേണ്ടി, സത്യവചനത്തെ ധ്യാനിക്കേണം. ആത്മാർത്ഥമായും പ്രാർത്ഥനയോടും കൂടെ സത്യവചനത്തെ ധ്യാനിക്കുന്നവരോട് വചനത്തിലൂടെ കർത്താവ് സംസാരിക്കുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനം ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും ആത്മാവിനെയും സന്ധിമജ്ജകളെയും തുളച്ചു ചെല്ലുന്നതാണ്. അത് യാതൊരു മുഖപക്ഷമില്ലാതെ എല്ലാവരോടും ഒരുപോലെ ഇടപെട്ടുകൊണ്ടിരിക്കുന്നതാണ്. സത്യം അത് ഒരു പോലെ വെളിപ്പെടുത്തികൊണ്ടിരിക്കുന്നു. ഒരു ദൈവപൈതൽ എങ്ങനെ ജീവിക്കണമെന്നും എന്തെല്ലാം അനുസരിക്കണമെന്നും അത് വ്യക്തമായും വെളിപ്പെടുത്തി കൊടുക്കുന്നു. ദൈവാനുഗ്രഹം പ്രാപിപ്പാൻ എങ്ങനെ ജീവിക്കണമെന്നും എന്തെല്ലാം ചെയ്യണമെന്നും ദൈവവചനം വ്യക്തമാക്കി കൊടുക്കുന്നു.

ആകയാൽ ഇടയന്റെ ശബ്ദം കേൾക്കുവാൻ ആഗ്രഹിക്കുന്നവർ, മുടങ്ങാതെ ക്രമമായും ശ്രദ്ധയായും ദൈവവചനം ധ്യാനിക്കുക, പ്രാർത്ഥനയോടെ ധ്യാനിക്കുക. എല്ലാ കാര്യങ്ങളും മനസ്സിലാകുന്നില്ല എന്നു നമുക്കു തോന്നിയേക്കാം. നമ്മൾക്ക് ആവശ്യമായതു മുഴുവൻ ദൈവാത്മാവ് മനസ്സിലാക്കി തരും, തരുന്നു. മനസ്സിലാകത്തതിനെപ്പററി ഭാരപ്പെടാതെ, മനസ്സിലായതിനെ അനുസരിപ്പാനും പ്രായോഗികമാക്കുവാനും ശ്രമിക്കുക.

ആടുകൾ ഇടയന്റെ ശബ്ദം അറിയുന്നവയായിരിക്കണം. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10:4 തന്റെ ആടുകളെ ഇടയൻ പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടു പോയതിനു ശേഷം അവൻ അവയ്ക്കു മുൻപായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. എല്ലായ്പ്പോഴും ഇടയനെ കാണുവാൻ ആടുകൾക്ക് കഴിയുകയില്ല. ഇടയൻ മുൻപേ പോകുകയാണ്. പലപ്പോഴും ഇടയൻ ഒരു മലയുടെ ഒരു വശത്തായിരിക്കുമ്പോൾ, ചില ആടുകൾ മറവശത്തു മാത്രമേ എത്തിയെന്നു വരികയുള്ളു. ഒരു വളവു തിരിയുമ്പോൾ മുൻപേ പോകുന്ന ഇടയനെ പല ആടുകൾക്കും കാണുവാൻ കഴിയുകയില്ല. അവിടെ പല ഭാഗത്തേക്കു തിരിയുന്ന വഴികൾ ഉണ്ടായിരിക്കും. പലരുടെ ആട്ടിൻകൂട്ടങ്ങൾ അവിടെ ഉണ്ടാകാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

മിക്കവാറും എല്ലാ വഴികളിലൂടെയും ആടുകൾ പോകുന്നുണ്ടാകാം. അങ്ങനെയെങ്കിൽ ആടുകൾ സഞ്ചരിക്കേണ്ടതായ ശരിയായ പാത എങ്ങനെ അറിയാം. അത് ഇടയന് അറിയാം. ഇടയൻ തന്റെ ശബ്ദം ആടുകളെ പഠിപ്പിച്ചിട്ടുണ്ട്. മുൻപേ പോകുന്ന ഇടയൻ ഒരു പ്രത്യേകശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. ആടുകൾ ആ ശബ്ദം കേൾക്കുകയും ആ സ്ഥലത്തേക്ക് നടക്കുകയും ചെയ്യുന്നു. ആടുകൾ ഇടയനെ കാണുന്നില്ലായെങ്കിലും അവന്റെ ശബ്ദം കേൾക്കുകയും ആ ശബ്ദത്തെ അനുഗമിക്കുകയും ചെയ്യുന്നു. ഒരേ വഴിയിലൂടെയും ഒരേ കുന്നിൻ പുറത്തുകളുടെയും പല ഇടയന്മാർ തങ്ങളുടെ ആടുകളുമായി പോകുന്നുണ്ടായിരിക്കും.

ആ ഇടയന്മാരെല്ലാം പ്രത്യേകശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും, അങ്ങനെയെങ്കിൽ പല ശബ്ദങ്ങൾ മുഴങ്ങുമ്പോൾ, ആടുകൾ വിവിധ ശബ്ദങ്ങളാൽ കുഴങ്ങി വഴിതെററി ചിതറിപ്പോകുവാൻ ഇടയുണ്ട്. എന്നാൽ സാധാരണ ഗതിയിൽ അങ്ങനെ സംഭവിക്കാറില്ല. എന്തുകൊണ്ടെന്നാൽ, ഓരോ ആടിനും അതിന്റെ ഇടയന്റെ ശബ്ദം തിരിച്ചറിയാം എന്നതാണ്. തന്റെ ഇടയന്റെ ശബ്ദം തിരിച്ചറിയുന്ന ആടുകൾ ആ ശബ്ദം എവിടെ നിന്ന് വരുന്നവോ, അവിടേക്കു തന്നെ പോകുകയും അങ്ങനെ യാതൊരു തെററും പററാതെ സ്വന്തം ഇടയനെ പിൻപററുവാൻ സംഗതിയാകുകയും ചെയ്യുന്നു.

എന്നാൽ ഒരാടിന് ഇടയന്റെ ശബ്ദം തിരിച്ചറിയാൻ കഴിയുന്നില്ല എന്നു വിചാരിക്കുക. ആടുകളുടെ വലിയ കൂട്ടത്തിൽ അതു അകപ്പെടുന്നു. സ്വന്തം ഇടയനെ കാണുവാൻ കഴിയുന്നില്ല. പല ഇടയന്മാർ ശബ്ദം പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്നു. തന്റെ ഇടയന്റെ ശബ്ദം എന്തെന്ന് തിരിച്ചറിയാൻ അതിന് കഴിയുന്നില്ല. അതുകൊണ്ട് ഊഹത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്തേക്ക് അത് നടക്കുന്നു. ചെന്ന് ചേരുന്നത് തെററായ ഇടയന്റെ അടുക്കലേക്കായിരിക്കാം. അതും അല്ലെങ്കിൽ ശബ്ദം തിരിച്ചറിയാത്തതിനാൽ, എങ്ങോട്ടു പോകണമെന്നറിയാതെ കുഴങ്ങി അവിടെ തന്നെ നിന്നു പോയെന്നു വരാം. ആ സമയത്ത് മററു ആടുകൾ എല്ലാം പോയിരിക്കാം. തക്കം പാർത്തു നടക്കുന്ന ദുഷ്ടമൃഗം അതിന്റെമേൽ ചാടിവീണു കഴിഞ്ഞിരിക്കാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശു നമ്മുടെ നല്ല ഇടയൻ ആകുന്നു. നാം അവന്റെ ആടുകളും. അവൻ നമ്മെ പേർ ചൊല്ലി വിളിച്ചു പുറത്തേക്കു കൊണ്ടുപോകുന്നു. അവൻ നമുക്ക് മുൻപായി നടക്കുന്നു. നാം അവനെ അനുഗമിക്കേണ്ടവരാണ്. 'യേശുവിനെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവരാകും' എന്നു വചനം പറയുന്നു. അവനെ അനുഗമിക്കാത്തവർ അന്ധകാരത്തിലമർന്ന് അപകടത്തിൽ പതിച്ച് നശിക്കുവാൻ ഇടയാകുന്നു.

ക്രിസ്തീയജീവിത യാത്രയിൽ നമ്മുടെ കണ്ണുകൾ മാത്രം ആത്മീയമായി പ്രകാശിച്ചാൽ പോരാ, നമ്മുടെ കാതുകളും ആത്മീയമായി ഉത്തേജീതമായിരിക്കണം. നമ്മുടെ ഇടയനെ കണ്ടും അവന്റെ ശബ്ദം കേട്ടും പിൻപറേറണ്ടതായ സ്ഥാനങ്ങളുണ്ട്. ഇടയന്റെ ശബ്ദം തിരിച്ചറിയേണ്ടതിന് പര്യാപ്തമായ ആത്മീയകാതുകൾ നമുക്ക് ഉണ്ടായിരിക്കണം. ഇന്ന് അനേക ശബ്ദങ്ങൾ ലോകത്തിൽ കേട്ടുകൊണ്ടിരിക്കുകയാണ്. സാത്താൻ വിവിധ ശബ്ദങ്ങൾ അവിടെയുമിവിടെയും നിന്ന് പുറപ്പെടുവിക്കുന്നു. അവൻ 'വെളിച്ചഭൂതത്തിന്റെ' വേഷത്തിൽ ദൈവജനങ്ങളെ സമീപിക്കുന്നു എന്നു വചനം പറയുന്നു. ആത്മീയവേഷത്തിൽ തന്നെ അവൻ നമ്മെ സമീപിച്ചു എന്നു വരാം. ഒററനോട്ടത്തിൽ അവൻ സാത്താനാണെന്ന് നാം തിരിച്ചറിയുകയില്ല.

അവൻ യേശുവിന്റെ ശബ്ദം അനുകരിക്കുവാൻ ശ്രമിക്കും. നാം വളരെ ശ്രദ്ധിക്കുന്നില്ലെങ്കിൽ അവന്റെ വഞ്ചനയിൽ അകപ്പെടാം. പാലസ്തീൻ നാടുകളിൽ ആടുകളെ മോഷ്ടിക്കുവാൻ ശ്രമിക്കുന്ന തന്ത്രശാലികളായ കള്ളന്മാരുണ്ടായിരുന്നു. ഇടയന്മാടെ ശബ്ദം അനുകരിച്ച് ശബ്ദം പുറപ്പെടുവിക്കും. ഇതേപോലെ, സാത്താൻ വഴിയരികിൽ വിവിധ വേഷങ്ങളിൽ നിൽക്കുന്നു. അവൻ ചില ആത്മീയശബ്ദങ്ങൾ പുറപ്പെടുവിക്കും. അവൻ ഏത് വേഷം കെട്ടിയാലും ഏതുവിധ ശബ്ദം പുറപ്പെടുവിച്ചാലും അവന്റെ ലക്ഷ്യം ആടുകളെ നശിപ്പിക്കുക എന്നതു മാത്രമാണ്. നമ്മുടെ ഇടയനായ കർത്താവിന്റെ ശബ്ദം തിരിച്ചറിയേണ്ടത് ഏതൊരു വ്യക്തിയുടെയും ആത്മീയ സുരക്ഷിതത്വത്തിന് അത്യന്താപേക്ഷിതമാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഇടയന്റെ ശബ്ദം തിരിച്ചറിയാൻ പ്രാർത്ഥനയോടെ ശ്രദ്ധിച്ചാൽ മതി, പരിശുദ്ധാത്മാവ് സഹായിക്കും. ആ ശബ്ദം തിരിച്ചറിയാതെ മുന്നോട്ടു പോകുവാൻ ഒരു ദൈവപൈതലിനും കഴിയുകയില്ല. അതിനാൽ ഊഹിച്ചു മുന്നോട്ടു പോകാതെ, സത്യത്തെ അറിഞ്ഞു മുന്നോട്ടു പോകുക. സാത്താന്റെ ശബ്ദം തിരിച്ചറിഞ്ഞ് അപകടത്തിൽ നിന്ന് ഒഴിഞ്ഞുപോകുവാനും യേശുവിന്റെ ശബ്ദം തിരിച്ചറിഞ്ഞ് അതിലൂടെ മുന്നാട്ടു പോകുവാനും കർത്താവ് നമ്മെ സഹായിക്കും.

ഒരിക്കൽ രണ്ട് പൈതങ്ങൾ വീടിന്റെ മുററത്തു കളിക്കുകയായിരുന്നു. ഒരാൾ വന്ന് അവരോട് ചോദിച്ചു 'അമ്മ ഇവിടെയുണ്ടോ?' അതിനു ഉത്തരമായി 'അമ്മ മുകളിലുള്ള മുറിയിലുണ്ട്' എന്നു പറഞ്ഞു. ' അമ്മ അവിടെയുണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം ' എന്ന ചോദ്യത്തിന്, അല്പം മുൻപും അമ്മയുടെ ശബ്ദം ഞങ്ങൾ കേട്ടു എന്ന് അവർ ഉത്തരം പറഞ്ഞു. നമ്മുടെ യേശു ജീവിക്കുന്നു എന്നും നമ്മുടെ മുൻപേ പോകുന്നു എന്നും നമുക്ക് അറിയാം. അവന്റെ ശബ്ദം കേൾക്കുന്നതിനാൽ, അവന്റെ ശബ്ദം കേട്ട് മുൻപോട്ടുള്ള യാത്ര ക്രമീകരിക്കണം.

ആടുകൾ ഇടയനെ അനുഗമിക്കുന്നു. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10:4 തന്റെ ആടുകളെ ഇടയൻ പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടു പോയതിനു ശേഷം അവൻ അവയ്ക്കു മുൻപായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. ഇവിടെ ഇടയൻ രണ്ട് കാര്യങ്ങൾ ചെയ്യുന്നതായി കാണാം. ആടുകൾ രണ്ട് കാര്യങ്ങൾ ചെയ്യണമെന്നും ഇടയൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇടയൻ ആടുകളെ പുറത്തുകൊണ്ടുപോകുന്നു എന്നതാണ് ഒന്നാമതു ചെയ്യുന്നത്. രണ്ടാമതായി, അവൻ തന്റെ ആടുകൾക്ക് മുൻപായി നടക്കുന്നു. നമ്മുടെ ജീവിതയാത്രയിൽ യേശുക്രിസ്തുവിന്റെ സാന്നിധ്യം ഉറപ്പാക്കണം, അവൻ മുൻപേ നടന്ന് നമ്മെ വഴി നടത്തുന്നു എന്ന് തീർച്ചയാക്കി, അവന്റെ ശബ്ദം തിരിച്ചറിഞ്ഞ് മുന്നോട്ടു സഞ്ചരിക്കാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തു, പാപത്തിന്റെയും അകൃത്യത്തിന്റെയും നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞചേററിൽ നിന്നും ആടുകളെ പുറത്തു കൊണ്ടുവന്നിട്ട് അവയ്ക്കു മുൻപായി നടക്കുന്നു. ഇടയ്ക്കിടെ അവൻ ശബ്ദം പുറപ്പെടുവിക്കുകയും ചെയ്യുന്നു. എന്നിട്ട് രണ്ടു കാര്യങ്ങൾ ചെയ്യേണമെന്ന് അവൻ പ്രതീക്ഷിക്കുന്നു. അത്, അവന്റെ ശബ്ദം അറിയുകയും അവനെ അനുഗമിക്കുകയും ചെയ്യുക എന്നതാണ്. അവൻ ശബ്ദം പുറപ്പെടുവിക്കുകയും അത് തിരിച്ചറിയേണ്ടത് ആടുകളുടെ കടമയാണ്.

ആരെയും എടുത്തുകൊണ്ടു പോകുകയില്ല. മുൻപേ പോയി വഴി കാട്ടുക മാത്രമേയുള്ളു. അവന്റെ പിന്നാലെ പോകേണ്ടതു നമ്മുടെ ഉത്തരവാദിത്വമാണ്. യേശുവിനെ അനുഗമിക്കുക എന്നത് എത്രയും പ്രാധാന്യമേറിയതാണ്. യേശു പറയുന്നത് ‘ എന്നെ അനുഗമിക്കുക’ എന്നതായിരുന്നു. അനേകർ അവനെ അനുഗമിച്ചു. അവൻ വിളിക്കുന്നത് പുറത്തുവന്ന് അവിടെ നിൽക്കുവാനല്ല, മറിച്ച് അവനെ അനുഗമിക്കുവാനാണ്. ഈ ലോകത്തിൽ അനുഗമിക്കുവാനായി ഒരുവനേയുള്ളു, നമ്മുടെ കർത്താവാണ് അത്. ‘ എന്നെ അനുഗമിക്കുക’ എന്നു പറഞ്ഞത് ഒരുവനേയുള്ളു. അത് നമ്മുടെ രക്ഷിതാവായ യേശുവാണ്. ആകയാൽ അവൻ മാത്രമാണ് അനുഗമിപ്പാൻ യോഗ്യൻ.

യേശുവിനെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ വെളിച്ചമാകുന്ന യേശുവിൽ ജീവന്റെ വെളിച്ചമുള്ളവരായി തീരുന്നു. ലോകം മുഴുവൻ അന്ധകാരത്തിൽ ആയിരിക്കുമ്പോഴും ജനം വഴി ഏതെന്നറിയാതെ തപ്പി നടക്കുകയും ചെയ്യുമ്പോൾ, ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും’. യേശു വെളിച്ചമാണ്. യേശുവിനെ പിൻപററുക, നിങ്ങളുടെ ഇരുളെല്ലാം മാറും. അവിടെ പ്രകാശം വ്യാപിക്കും. നിങ്ങൾ തന്നെ വെളിച്ചമായിരിക്കും, സകലമനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമാണ് യേശു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിനെ അനുഗമിച്ചവരാരും ഇതുവരെ ഇരുളിൽ അകപ്പെട്ടിട്ടില്ല. ഇനിയും അകപ്പെടുകയും ഇല്ല. ലക്ഷ്യം എന്തെന്നു മനസ്സിലാക്കാതെ വലിയ കൂട്ടത്തെ പിൻപററുവാൻ ശ്രമിക്കുന്നവർ മനസ്സിലാക്കേണ്ടതായ ഒരു കാര്യം, രണ്ട് നിത്യതയാണ്. അവിടെ ചെന്നു എത്തുവാൻ രണ്ട് വഴികൾ മാത്രവും. ഒന്ന് വിശാലമായ വഴിയാണ്, അത് നാശത്തിലേക്കുള്ളതാണ്. അതു വഴി പോകുന്നവർ ധാരാളമാണ്. രണ്ടാമത്, ഇടുക്കവും ഞെരുക്കവും ഉള്ള വഴിയാണ്. അതു വഴി പോകുന്നവർ വളരെ ചുരുക്കമാണ്. എന്നാൽ അത് നിത്യജീവങ്കലേക്കുള്ള വഴിയാണ്. വിശാലമായ വഴിയിലൂടെ ധാരാളം പേർ പോകുന്നുണ്ടായിരിക്കാം, ആ കൂട്ടത്തെ പിൻപററുവാൻ ശ്രമിക്കുന്നവർ ആ വഴി തെരഞ്ഞെടുക്കാം. പക്ഷേ അതിന്റെ അവസാനം നാശമാണെന്ന് മനസ്സിലാക്കുക.

നിത്യജീവങ്കലേക്കുള്ള വഴി ഇടുങ്ങിയതും ഞെരുക്കമുള്ളതുമാണ്. അതു വഴി പോകുന്നവരുടെ എണ്ണം ചുരുക്കമാണ്. യേശു പറയുന്നത്, ‘എന്നെ അനുഗമിക്കുവാൻ ഇച്ഛരിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ’. ക്രിസ്തുവിനെ പിൻപററുന്നത് അത്ര ലളിതമാണന്ന് തെററ് ധരിക്കരുത്. അതിനായി ഒരുവൻ തന്നെത്താൻ ത്യജിക്കേണം, തന്റെ ക്രൂശ് എടുക്കണം. ക്രൂശ് നിന്ദയെയും പരിഹാസത്തെയും ശാരീരികവേദനയെയും കുറിക്കുന്നതാണ്. അത് എടുക്കുവാൻ ജഡം സമ്മതിക്കുകയില്ല. സ്വാർത്ഥത നിറഞ്ഞ ഈ ലോകത്തിൽ സ്വയത്യാഗം അത്ര എളുപ്പമല്ല. അതുകൊണ്ടാണ് അനേകരും യേശുവിനെ പിൻപററുവാൻ മടിക്കുന്നത്.

എന്നാൽ ക്രിസ്തീയ മാർഗ്ഗം, ക്രൂശിന്റെ മാർഗ്ഗമാണ്. അവിടെ കുറുക്കു വഴികൾ ഇല്ല. പോരാട്ടമില്ലാതെ ജയമില്ല, ക്രൂശു കൂടാതെ കിരിടമില്ല. ക്രിസ്തുവിനെ പിൻപററിയാൽ ലോകം നമുക്ക് അനുകൂലമായിരിക്കുകയില്ല. സാത്താൻ നമുക്ക് പ്രതികൂലമായിരിക്കും. യേശു നമ്മോടു കൂടെ ഉണ്ടായിരിക്കും. നിത്യജീവൻ നമ്മുടെ അവകാശമായിരിക്കും. സ്വർഗ്ഗം നമ്മുടെ ഭവനമായിരിക്കും. കിരീടം നമ്മുടെ പദവിയായിരിക്കും. ആയതിനാൽ എന്തു വന്നാലും നമുക്ക് യേശുവിനെ അനുഗമിക്കാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആടുകൾ ഇടയനെ അനുസരിക്കണം. നമ്മുടെ ഇടയനായ യേശു നമ്മിൽ നിന്നും ഏററവും പ്രഥമവും പ്രധാനവുമായി പ്രതീക്ഷിക്കുന്നത് അനുസരണം ആണ്. കർത്താവിനെ അനുസരിക്കാതെ, തങ്ങളുടെ സ്വന്തം താൽപര്യത്തിനും ഹിതത്തിനും അനുയോജ്യമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവൻ 'യേശു എന്റെ ഇടയനാകുന്നു' എന്നു പറയുന്നതിൽ യാഥാർത്ഥ്യമില്ല. വിശുദ്ധ യോഹന്നാൻ 14:23 ' എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും' സ്നേഹവും ത്യാഗവും നാവിന്റെ അററത്തു നിന്നും പുറപ്പെടുന്ന വാക്കുകളുടെ മാത്രം അടിസ്ഥാനത്തിലുള്ളതല്ല. അത് പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കപ്പെടുന്നതാണ്.

അനുസരണമാണ് പ്രവൃത്തിയുടെ അതിപ്രധാന തെളിവ്. കർത്താവിന്റെ വചനം പറയുന്നത് എല്ലാം നാം അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങളെല്ലാം നാം പൂർണ്ണമായി അനുസരിക്കണം. ഭാഗികമായി അനുസരണം അല്ല ആവശ്യം, അത് ഭാഗികമായ അനുഗ്രഹം മാത്രമേ കൊണ്ടുവരികയുള്ളു. പൂർണ്ണമായ അനുസരണമാണ് കർത്താവ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. പൂർണ്ണമായ അനുസരണം മാത്രമേ പൂർണ്ണമായ അനുഗ്രഹത്തിലേക്ക് നമ്മെ ആനയിക്കുകയുള്ളു. ആടുകളുടെ നന്മയ്ക്കു വേണ്ടിയാണ് ആടുകൾ ഇടയനെ അനുസരിക്കണമെന്നു പറയുന്നത്. ഇടയൻ സ്വർത്ഥനായതുകൊണ്ടോ, അധികാരം പ്രയോഗിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടോ അല്ല, പിന്നയോ ആടുകളെ സഹായിക്കേണ്ട വിധത്തിൽ സഹായിക്കുവാൻ തനിക്ക് കഴിയണമെങ്കിൽ, ആടുകൾ തന്നെ അനുസരിക്കുന്നവയായിരിക്കണം.

നാം കർത്താവിനെ പൂർണ്ണമായി അനുസരിക്കണം എന്നത്, അവൻ നമ്മെ സഹായിപ്പാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ്. ഇടയൻ നല്ല മേച്ചിൽപുറം കണ്ടുപിടിച്ച ശേഷം ആടുകളെ വിളിച്ചുകൊണ്ടു അവയ്ക്കു മുൻപായി ആ മേച്ചിൽ പുറത്തേക്കു നടക്കുന്നു. ഇടയൻ വളരെ ബദ്ധപ്പെട്ടു ഒരുക്കിയതാണ് ആ മേച്ചിൽ പുറം. അവൻ അവിടെയെല്ലാം ഇറങ്ങി നടന്ന് അതിലുണ്ടായിരുന്ന മുള്ളുകൾ എടുത്തു മാററുകയും വിഷജന്തുക്കളെ ഓടിക്കുകയും ചെയ്തിട്ട് എല്ലാം ഒരുക്കിയശേഷമാണ് ആടുകളെ അവിടേക്കു നയിക്കുന്നത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

എന്നാൽ ഒരാട് യേശുവിനെ അനുസരിക്കാതിരിക്കുകയോ ഇടയൻ വിളിക്കുന്നിടത്തേക്ക് പോകാതിരിക്കുകയോ മറെറവിടേക്കെങ്കിലും പോകുകയും ചെയ്യുന്നത്, ഇടയന് എത്രമാത്രം ഭാരവും പ്രയാസവും ഉണ്ടാക്കുന്നു. ആ മേച്ചിൽ പുറം ആ ആട് നഷ്ടമാക്കുന്നു എന്നതാണ് സത്യം. അനുസരിക്കാതിരിക്കുന്നത് അനുഗ്രഹത്തെ നഷ്ടപ്പെടുത്തുകയാണ്. ദൈവം നമുക്കുവേണ്ടി അനുഗ്രഹം ഒരുക്കാഞ്ഞിട്ടോ അവൻ നമ്മെ വിളിക്കാഞ്ഞിട്ടോ അല്ല, നാം അവനെ പൂർണ്ണമായി അനുസരിച്ച് അവനെ അനുഗമിക്കാത്തതിനാലാണ് അനുഗ്രഹങ്ങൾ നഷ്ടപ്പെടുന്നത്. അനുഗ്രഹം പ്രാപിക്കുന്നില്ലായെങ്കിൽ അതിന്റെ സ്ഥാനത്ത് ശാപമായിരിക്കും ലഭിക്കുക.

ആടുകൾ അനുസരിക്കാതിരിക്കുന്നതിനാൽ അനുഗ്രഹം നഷ്ടപ്പെടുത്തുന്നു എന്നതിലുപരി, അപകടത്തിൽ ചെന്നു പതിക്കുന്നു എന്നു നാം മനസ്സിലാക്കണം. ഇടയൻ നല്ല പച്ചപുൽമേടുകളിൽ ആടുകളെ തീററുകയും സ്വസ്ഥതയുള്ള വെള്ളത്തിൽ നിന്നും അവയെ കുടിപ്പിക്കുകയും ചെയ്തശേഷം തന്റെ ആലയത്തിലേക്ക് കൂട്ടികൊണ്ടു പോകുന്നു. അവയെല്ലാം സുരക്ഷിതമായി ആലയത്തിൽ വിശ്രമിക്കുന്നു. പകൽ മുഴുവൻ ആവശ്യത്തിന് ആഹാരവും വെള്ളവും ലഭിച്ചു. എല്ലാം തികച്ചും സന്തോഷമായിരുന്നു. ഇപ്പോൾ നല്ല വിശ്രമവും ലഭിക്കുന്നു. അവയെല്ലാം ഇടയനിൽ സന്തോഷിക്കുന്നു, പ്രശംസിക്കുന്നു, എത്ര നല്ല ഇടയൻ. നമ്മളോ!

എന്നാൽ ഈ ആടുകൾ സ്വസ്ഥമായി വിശ്രമിക്കുമ്പോൾ അവയോടൊപ്പം ഉണ്ടായിരുന്ന മറെറാരാട് ഒരു കുഴിയിൽ മുറിവേററ നിലയിൽ കിടന്നു വേദന കൊണ്ടു പുളയുകയും നിലവിളിക്കുകയും ആണ്. മററാടുകളെപ്പോലെ ഇതിനെയും ഇടയൻ സ്നേഹിച്ചു. മററുള്ളവയോടൊപ്പം ഇതിനേയും നയിച്ചു. ഇതിനും ആഹാരം ഒരുക്കി. വെള്ളവും കൊടുത്തു. ഒടുവിൽ വിശ്രമത്തിനായി ആലയത്തിലേക്ക് നയിച്ചു. എന്നാൽ ഇതു മാത്രം ഇടയനെ അനുസരിക്കാതെ കൂട്ടത്തിൽ നിന്നും ഒററപ്പെട്ട് സ്വന്തം വഴിയിൽ സഞ്ചരിച്ചു. ഇടയന്റെ സംരക്ഷണത്തിലായിരിക്കുന്നതിനേക്കാൾ ഈ സ്വാതന്ത്ര്യമാണ് നല്ലതെന്ന് ഒരു നിമിഷത്തേക്ക് അതിന് തോന്നി. എന്നാൽ ആ സ്വാതന്ത്ര്യം അപകടത്തിന്റെ കുഴിയിലേക്കാണ് അതിനെ നയിച്ചത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അനുസരണമില്ലാത്ത ആട് കുഴിയിൽ വീണ് മുറിവേററു കഴിഞ്ഞപ്പോഴാണ്, അനുസരണകേടിന്റെ ഫലം അറിയുന്നത്. പക്ഷേ കര കയറുവാൻ നിവൃത്തിയില്ല, കിടന്നു നിലവിളിക്കാൻ മാത്രമേ കഴിയൂ. ദൈവം നമുക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. നാം തന്നെ സ്വയം വരുത്തിയ വ്യഥയാണ് ഇന്ന് നാം അനുഭവിക്കുന്നത്. ഈ വിധം നിരാശയുടെയും നെടുവീർപ്പിന്റെയും ആയിരിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, യേശു പറഞ്ഞ ആ ഉപമ അവിടെ അവസാനിക്കുന്നില്ല, ഇനിയും പ്രത്യാശയ്ക്കു വകയുണ്ട്. തന്റെ ഒരു ആട് കാണാതായിരിക്കുന്നു എന്നു മനസ്സിലാക്കിയ ഇടയൻ, മററു ആടുകളെ ആലയിൽ വിട്ടിട്ട് കാണാതെ പോയതിന് അന്വേഷിച്ചിറങ്ങി. അവൻ അതിനെ, അതു വീണു കിടക്കുന്ന കുഴിയിൽ കണ്ടെത്തി.

കർത്താവ് അതിന് എടുത്ത് തന്റെ തോളിന്മേൽ കിടത്തി ആലയിലേക്ക് കൊണ്ടുവന്ന് മുറിവുകളെ കെട്ടി മററാടുകളോടൊപ്പമാക്കി. സ്നേഹിത, നാം നെടുവീർപ്പിട്ടു കഴിയുകയാണല്ലോ. അനുസരണക്കേടാണ് അതിന്റെ കാരണമെങ്കിലും നമ്മെ ഇപ്പോഴും സ്നേഹിക്കുന്ന ആ നല്ല ഇടയനായ യേശു, നമ്മെ അന്വേഷിച്ച്, നിരാശയുടെയും നെടുവീർപ്പിന്റെയും സ്ഥാനത്തേക്ക് ഇറങ്ങി വരും. ആ ഇടയൻ നമ്മളെ പേരു ചൊല്ലി വിളിക്കുന്നത് നമുക്ക് കേൾക്കാം. അതെ, അവൻ ഇപ്പോൾ, നാം ആയിരിക്കുന്ന സ്ഥലത്ത് നമ്മളെ അന്വേഷിച്ചു വരികയാണ്. അവൻ നമ്മുടെ പേരു ചൊല്ലി നമ്മെ വിളിക്കുന്നു.

കർത്താവേ! ഞാൻ എന്റെ സ്വന്തം ഹിതപ്രകാരം നിന്റെ വഴി വിട്ട് ഓടി, ഒടുവിൽ ഇവിടെ നിരാശ സ്ഥാനത്ത് ഞാൻ ആയിരിക്കുന്നു. നല്ല ഇടയനായ യേശു, നമ്മുടെ എളിയ പ്രാർത്ഥനകൾ കേൾക്കും. ആ നിമിഷത്തിൽ തന്നെ അവൻ തന്റെ കൈകൾ നമ്മുടെ നേരേ നീട്ടും. അവൻ നമ്മെ കോരിയെടുത്ത് അവന്റെ തോളിൽ കിടത്തും. ആലയിലേക്ക് നമ്മളെ കൊണ്ടുപോകും. നമ്മളെ ശകാരിക്കുവാനും ശിക്ഷിക്കുവാനും മാത്രമല്ല, നമ്മുടെ മുറിവുകൾ വച്ചുകെട്ടി നമ്മെ സംരക്ഷിക്കുവാൻ, യേശു നമ്മെ അന്വേഷിച്ച് നമ്മുടെ അടുക്കലേക്കു വരുന്നു. ഇപ്പോൾ തന്നെ പ്രാർത്ഥിക്കുക. മനം തിരിഞ്ഞ് ശുദ്ധീകരണം പ്രാപിച്ച് ദൈവീകതേജസ്സിൽ നന്മകൾ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

കർത്താവായ യേശുക്രിസ്തു നമ്മുടെ നല്ല ഇടയനായിരിക്കുന്നുവെങ്കിൽ അവന്റെ നല്ല ആടുകളായിരിക്കേണ്ടതായ ഉത്തരവാദിത്വവും നമുക്കുണ്ട്. ആടുകൾ ഇടയനെ അനുസരിക്കുവാൻ കടപ്പെട്ടവരാണ്. ഇടയൻ ആടുകളിൽ നിന്ന് അത് പ്രതീക്ഷിക്കുന്നുണ്ട്. ആടുകൾ തന്നെ അനുസരിക്കണമെന്നും ഇടയൻ ആഗ്രഹിക്കുന്നു. ആടുകളുടെ തന്നെ നന്മയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടിയാണ് എന്നു നാം മനസ്സിലാക്കണം. ഇടയൻ ആടുകൾക്കായി ഒരുക്കുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും സുരക്ഷിതമായി കാക്കപ്പെടുന്നതിനും അനുസരണം അത്യന്ത്യാപേക്ഷിതമാണ്. അനുസരിക്കാത്തവ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയും അപകടത്തിൽ അകപ്പെടുകയും ചെയ്യുന്നു.

ആടുകളിൽ നിന്ന് ഇടയൻ അനുസരണം പ്രതീക്ഷിക്കുന്നതിന്റെ മറെറാരു കാരണം, കൂടെയുള്ള മററാടുകളുടെ ക്ഷേമവും സുരക്ഷിതത്വവുമാണ്. ആടുകൾ എപ്പോഴും മററാടുകളെ പിൻപററുവാൻ വെമ്പൽ കൊള്ളുന്നവ കൂടെയാണ്. ഒരാട് അനുസരണക്കേട് കാണിച്ച് വഴി വിട്ടുപോയൽ, അതു കാണുന്ന മററു ചില ആടുകളും അതിന്റെ പിന്നാലെ പോയെന്നു വരാം. വിശേഷിച്ചും അതിന്റെ കുഞ്ഞാടുകൾ അതിന്റെ പിന്നാലെ തന്നെ പോകും. അങ്ങനെയായൽ, ഒരാടിന്റെ അനുസരണക്കേട് മററനേക ആടുകളുടെ അപകടത്തിനും അനുസരണക്കേടിനും മുഖാന്തരമായി തീരുന്നതാണ്. അതുകൊണ്ടു തന്നെ, മററാടുകളുടെയും വിശിഷ്യ കുഞ്ഞാടുകളുടെയും സുരക്ഷിതത്വത്തിനു വേണ്ടി തന്നെ, എല്ലാ ആടുകളും തന്നെ അനുസരിക്കണമെന്ന് ഇടയൻ പ്രതീക്ഷിക്കുന്നു.

നാം പൂർണ്ണമായും നമ്മുടെ ഇടയനായ കർത്താവിനെ അനുസരിക്കുന്നവരായിരിക്കണം എന്നു കർത്താവ് പ്രതീക്ഷിക്കുന്നതിന്റെ ഉദ്ദേശം, നമ്മോടുകൂടെയുള്ളവരും നമ്മെ ശ്രദ്ധിക്കുന്നവരുമായ മററു വിശ്വാസികളുടെ സുരക്ഷിതത്വം കൂടെയാണ്. നാം ദൈവത്തോട് അനുസരണക്കേടു കാണിച്ച് വഴി വിട്ടുപോയൽ, നമ്മൾ മാത്രമല്ല അനുഗ്രഹം നഷ്ടപ്പെടുത്തുന്നത്. നമ്മൾ മാത്രമല്ല അപകടത്തിൽ ചാടുന്നത്, നമ്മൾ മാത്രമല്ല നശിക്കുന്നത്. നമ്മളെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന പലരുമുണ്ട്. അവരും അറിയാതെ നമ്മളെ അനുകരിച്ചുവെന്നു വരാം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അനുസരണമില്ലാത്ത ആടുകളായ നമ്മൾ കാരണം നമ്മെ പിൻതുടരുന്നവരും അപകടത്തിൽ ചെന്നു ചാടുന്നു. അതിലുപരി നമ്മളെ ശ്രദ്ധിച്ചു കഴിയുന്ന അനേക കുഞ്ഞാടുകൾ ഉണ്ടായിരിക്കും. നമ്മുടെ കുടുംബത്തിലെ അനേകം വ്യക്തികൾ ഉണ്ടാകാം. അവർ ശ്രദ്ധിക്കുന്ന / അനുകരിക്കുവാൻ ശ്രമിക്കുന്ന ഏക വ്യക്തി നാം ആയിരിക്കാം. നാം വഴി തെററിയാൽ, പലരും വഴികൾ തെററി അപകടത്തിൽ പതിക്കാം. അവരുടെ രക്തം ദൈവം നമ്മളോട് ചോദിക്കുകയും ചെയ്യും. നമ്മുടെ സുരക്ഷിതത്വം മാത്രമല്ല, മററുള്ളവരുടെയും സുരക്ഷിതത്വത്തെ നോക്കി നാം ഇടയന്റെ അനുസരണയുള്ള കുഞ്ഞാടുകളായി ജീവിക്കാം.

ദൈവത്തിന്റെ ഈ വിധ ശിക്ഷയിൽ നിന്നും ന്യായവിധിയിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം ദൈവത്തെ പൂർണ്ണമായി അനുസരിക്കുക എന്നതാണ്. നാം അനുസരിക്കേണ്ടത് ഇടയനെയാണ്, അല്ലാതെ മററാരെയുമല്ല എന്ന വസ്തുത നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. കാരണം അവനാണ് നമുക്കുവേണ്ടി തന്റെ ജീവനെ കൊടുത്തത്, അവനാണ് നമ്മുടെ ഇടയൻ. നാം അനുസരിക്കേണ്ടത് നമ്മുടെ ഇടയനായ യേശുവിനെയാണ്. അവന്റെ വചനത്തെ ആണ്. അവനാണ് നമുക്കുവേണ്ടി തന്റെ ജീവനെ നൽകിയവൻ, അവനെ അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്. നമ്മുടെ അനുഗ്രഹത്തിനും സുരക്ഷിതത്വത്തിനും വേണ്ടി, മററുള്ളവരുടെ അനുഗ്രഹത്തിനും സുരക്ഷിതത്വത്തിനും വേണ്ടി, നാം കർത്താവിനെ അനുസരിക്കുക.

യേശുവിനെ അനുസരിക്കുന്നത് ഒരിക്കലും നഷ്ടമായിരിക്കുകയില്ല. ശാശ്വതമായ അനുഗ്രഹം നമുക്ക് പ്രദാനം ചെയ്യുകയുള്ളു. ദാവീദ് പറയുന്നു, 'യഹോവ എന്റെ ഇടയനായിരിക്കുകയാൽ എനിക്ക് മുട്ടുണ്ടാകുകയില്ല. യാതൊരു കുറവുമുണ്ടാകയില്ല'. എത്രയോ ഉറപ്പും വ്യക്തവുമായ ഒരു പ്രസ്തവനയാണിത്. എനിക്ക് മുട്ടുണ്ടാകുകയില്ല, യാതൊരു സംശയത്തിന്റെയും കണികയില്ലാതെയാണ് ഇപ്രകാരം പ്രസ്താവിക്കുന്നത്. ഇവിടെ ഒന്നാമതായി നമുക്ക് കാണാൻ കഴിയുന്നത് ഇത് സംതൃപ്തിയുടെ ഒരു പ്രത്യക്ഷീകരണമാകുന്നു എന്നതാണ്. യഹോവ ഇടയനായിരിക്കുന്ന അനുഭവം തികഞ്ഞ സംതൃപ്തിയുടെ അനുഭവമാണ്. ഇടയന്റെ കരുതൽ തികച്ചും തൃപ്തികരമായിരിക്കുന്നു എന്നതാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ചില ഇടയന്മാർ ആടുകളെപ്പററി വലിയ കരുതൽ ഉള്ളവരായിരിക്കുകയില്ല. സൗകര്യം പോലെയൊക്കെ അവർ ആടുകൾക്കായി എന്തെങ്കിലും ചെയ്തുവെന്നു വരും. അങ്ങനെയുള്ള ഇടയന്മാരുടെ കീഴിലുള്ള ജീവിതം സംതൃപ്തമല്ല. അപ്രകാരം ആടുകൾക്ക് 'എനിക്ക് മുട്ടുണ്ടാകയില്ല' എന്ന് ഉറപ്പിച്ച് പറയുവാൻ സാധിക്കുകയില്ല. 'എനിക്ക് മുട്ടുണ്ടാകയില്ല' എന്ന് ഒരു ആട് പറയുമ്പോൾ, തന്റെ ഇടയന്റെ കരുതലിനും സംരക്ഷണത്തിനും ആട് നൽകുന്ന ശ്രേഷ്ഠമായ അംഗീകാരമാണിത്. 'എനിക്ക് മുട്ടുണ്ടാകയില്ല' എന്നു ദാവീദ് പറയുമ്പോൾ തന്റെ ഇടയനായിരിക്കുന്ന യഹോവ എത്ര നല്ലവനും എത്രമാത്രം കരുതുന്നവനുമാകുന്നു എന്ന് അനുഭവത്തിൽ നിന്നും വ്യക്തമാക്കുകയാണ്.

സങ്കീർത്തനങ്ങൾ 118:1 'യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത് '. സങ്കീർത്തനങ്ങൾ 68:19 'നാൾ തോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവൻ'. സങ്കീർത്തനങ്ങൾ 121:4 'അവൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല'. 1 പത്രൊസ് 5:7 'അവൻ നിങ്ങൾക്കായി കരുതുന്നതകയാൽ, നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ' എന്നിങ്ങനെയുള്ള വചനങ്ങൾ നമ്മുടെ ഇടയൻ നമുക്കുവേണ്ടി എത്രമാത്രം കരുതുകയും നമ്മെ ഏതുവിധം സംരക്ഷിക്കുകയും ചെയ്യുന്നതിന്റെ വ്യക്തമായ തെളിവുകളാണ്.

ഈ കർത്താവിനെ ഇടയനായി കണ്ടെത്തിയ ആരും തന്നെ, അവൻ എന്തെങ്കിലും പോരാത്തവനായിരുന്നിട്ടുണ്ടന്നോ, എപ്പോഴെങ്കിലും അവൻ സഹായിക്കാതെ വിട്ടുകളഞ്ഞിട്ടുണ്ടന്നോ പറയുന്നതായി കേട്ടിട്ടില്ല. അവൻ അത്രമാത്രം വിശ്വസ്തനും, ആശ്രയിക്കുവാനും വിശ്വസിക്കുവാനും കൊള്ളാവുന്നവനുമാണ്. 'എനിക്ക് മുട്ടുണ്ടാകയില്ല' 'എനിക്ക് കുറവുണ്ടാകയില്ല' എന്നു ദാവീദ് പറഞ്ഞപ്പോൾ യഹോവ ഇടയനായിരിക്കുന്ന ജീവിതം എത്ര സംതൃപ്തിയും ആനന്ദവുമാകുന്നു. യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകയില്ല.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകയില്ല. ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. എങ്കിലും യഹോവയെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല. സങ്കീർത്തനങ്ങൾ 34:10. ഈ ദാവീദ് വൃദ്ധനായപ്പോൾ പറഞ്ഞത്, ‘ നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി അപ്പം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല’. ദൈവത്തെ സേവിക്കുന്നവർക്ക്, യേശു ഇടയനായിരിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല എന്നാണ്.

ബാഹ്യവും ശാരീരികവും സാമ്പത്തികവുമായ കാര്യങ്ങൾക്ക് യാതൊരു കുറവുമുണ്ടാകയില്ല എന്നാണ് ഇതിനെ അർത്ഥമാക്കുന്നുവെങ്കിൽ അത് ശരിയായ ചിന്തയല്ല. ഇത് പാടുമ്പോൾ ദാവീദിന്റെ ഹൃദയത്തിലുണ്ടായിരുന്ന ചിന്തയും അനുഭവവും അതായിരിക്കയില്ലെന്നു വ്യക്തമാണ്. എന്തെന്നാൽ ‘എനിക്ക് മുട്ടുണ്ടാകയില്ല’ എന്നു ഉറപ്പിച്ചു പറഞ്ഞതായ ദാവീദിന്റെ സ്വന്തം അനുഭവം തന്നെ. എത്രയോ പ്രാവശ്യം ആവശ്യത്തിന് ആഹാരമോ കിടക്കുവാൻ ഇടമോ ഇല്ലാതെ അലഞ്ഞു നടക്കേണ്ടി വന്നിട്ടുണ്ട്. ശൗലിനെ ഭയപ്പെട്ട് എവിടെയെല്ലാം ഓടി നടന്നു. തന്റെ പുത്രനായ അബ്ശാലോം തന്നെ തനിക്കെതിരായി തിരിഞ്ഞപ്പോൾ എത്രമാത്രം കഷ്ടപ്പെടുകയും അലയുകയും ചെയ്യേണ്ടിവന്നു.

അങ്ങനെ പല സന്ദർഭങ്ങൾ തന്റെ ജീവിതത്തിലുണ്ടായിരിക്കെ ഇപ്രകാരം പറയുന്നതിന്റെ അർത്ഥം നാം മനസ്സിലാക്കണം. ബാഹ്യമായ കാര്യങ്ങളെ പററിയല്ല യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത്. ബാഹ്യമായ ഒരാളിനുണ്ടാകുന്ന എല്ലാ ഉയർച്ച ആത്മീയാനുഗ്രഹത്തിന്റെ ലക്ഷണമായി കരുതാമോ. ജീവിതത്തിലെ അതിപ്രധാനമായ കാര്യങ്ങൾ ബാഹ്യമായ കാര്യങ്ങളല്ല എന്ന തിരിച്ചറിവ് ആദ്യം ആവശ്യം. ആവശ്യം പോലെ ആഹാരവും വിശേഷവസ്ത്രങ്ങളും മനോഹരമായ വീടും മററെല്ലാ സൗകര്യങ്ങളുമുള്ള ഒരു വ്യക്തക്ക് സന്തോഷമുണ്ടാകണമെന്നില്ല, സമാധനമുണ്ടായിരിക്കണമെന്നില്ല. നിത്യജീവന് അവകാശിയായിക്കണമെന്ന് നിർബന്ധമില്ല. ആശ്വാസമായും സ്വസ്ഥമായും കിടന്നുറങ്ങുവാൻ കഴിയണമെന്നില്ല.

തുടരും….

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ജീവിതത്തിലെ ഏററവും പ്രധാനമായ കാര്യങ്ങൾ ബാഹ്യമായവയല്ല, പണമോ വസ്ത്രമോ വീടോ യാതൊന്നുമല്ല. അവ ആത്മീയാനുഗ്രഹത്തിന്റെ ലക്ഷണങ്ങളുമല്ല. അവ എവിടെയും ലഭിക്കുന്നതാണ്. എന്നാൽ ജീവിതത്തിലെ സന്തോഷം, സമാധാനം, മാനസ്സികസ്വസ്ഥത, നിത്യജീവൻ തുടങ്ങിയവയാണ് ജീവിതത്തിലെ പ്രധാന ആത്മീയ കാര്യങ്ങൾ. അവ മറെറാരിടത്തു നിന്നും ലഭിക്കുകയില്ല. പണത്താൽ അവ വാങ്ങുവാൻ സാദ്ധ്യമല്ല. വസ്ത്രമോ വീടോ പ്രശസ്തിയോ ഒന്നും തന്നെ നമുക്ക് നിത്യജീവനെ പ്രദാനം ചെയ്യുകയില്ല. അവ ദൈവത്തിൽ നിന്നു മാത്രം ലഭിക്കുന്നവയാണ്. അവയാണ് ജീവിതത്തിലെ എററവും പ്രധാന വസ്തുത. അതാണ് നമുക്കു ദൈവം നൽകുന്നതും ആത്മീയാനുഗ്രഹത്തിന്റെ പ്രധാന ലക്ഷണവും.

യഹോവ ഇടയനായിരിക്കുന്നവർക്ക് സമാധാനത്തിന് ഒരു മുട്ടുണ്ടാകയില്ല. സമാധാനം അവരുടെ അവകാശമാണ്. നമ്മുടെ നല്ല ഇടയനായ യേശു പറഞ്ഞത്, 'എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു. ലോകം നൽകുന്നതു പോലെയല്ല' എന്നതാണ്. അത് ലോകത്തിന് നൽകുവാനോ എടുക്കുവാനോ കഴിയുകയില്ല എന്നതാണ് അതിന്റെ വിശേഷത. അത് സ്വർഗ്ഗീയ സമാധാനമാണ്. യേശു സമാധാനത്തിന്റെ പ്രഭുവാണ്. അവൻ നൽകുന്ന സമാധാനം നിത്യവും ശ്വാശ്വതവുമാണ്. ഈ സമാധാനത്തിനുള്ള വ്യക്തി എത്രയോ അനുഗ്രഹിക്കപ്പെട്ടതാണ്.

ഈ ലോകത്തിൽ എന്തും സംഭവിക്കട്ടെ. നമുക്ക് എന്തെങ്കിലും ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യട്ടെ – ഈ സമാധാനം നമ്മെ സുരക്ഷിതരായും സംതൃപ്തരായും കാക്കുന്നു. ഇത് സകലബുദ്ധിയേയും കവിയുന്ന സമാധാനം ആണ്. എല്ലാ മക്കളും സകല സമ്പത്തും ആരോഗ്യവും നഷ്ടപ്പെട്ട ഇയ്യോബിന് ' യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറകട്ടെ' എന്നു പറയുവാൻ പ്രേരിപ്പിച്ച സമാധാനമാണത്. യോസഫിനെ കാരാഗൃഹത്തിൽ നിലനിർത്തിയ സമാധാനമാണത്. യിരമ്യാവിനെ ചെളിയിൽ നിലനിർത്തിയ സമാധാനമാണത്. എബ്രായ ബാലന്മാരെ തീച്ചൂളയിൽ നടക്കുവൻ പ്രാപ്തരാക്കിയ സമാധാനമാണത്. ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഉറങ്ങുവാൻ സഹായിച്ച സമാധാനമാണത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഉറങ്ങുവാൻ സഹായിച്ച സമാധാനമാണത്. ആപത്തിന്റെയും വാളിന്റെയും നഗ്നതയുടെയും പട്ടിണിയുടെയും കല്ലേറിന്റെയും മുൻപിൽ പൗലൊസിനെ തളരാതെ നിലനിർത്തിയ സമാധാനമാണ്. മരണവേളയിലും സ്തേഫാനോസിന്റെ മുഖത്തെ പ്രകാശിപ്പിച്ച സമാധാനമാണത്. ആ സമാധാനം ആർക്കാണ് ലഭിക്കുന്നത്, എവിടെ നിന്ന്, എങ്ങനെ, ആര് നൽകും. നമ്മുടെ നല്ല ഇടയനായ കർത്താവിൽ നിന്നും മാത്രം ലഭിക്കുന്നതാണ്. യേശു ഇടയനായിരിക്കുന്നവർക്ക് സമാധാനത്തിന് യാതൊരു കുറവുമുണ്ടാകയില്ല.

യേശു ഇടയനായിരിക്കുന്നവർക്ക് സന്തോഷത്തിന് ഒരു കുറവുമുണ്ടാകയില്ല. ബാഹ്യമായ കാര്യങ്ങളാണ് ജീവിതത്തിന് സന്തോഷം നൽകുന്നത് എന്നു വിചാരിക്കുന്നവരും ഉണ്ട്. യാതൊരു നിലയിലും അതു യാഥാർത്ഥ്യമല്ല. സന്തോഷം കർത്താവിൽ നിന്നു മാത്രം ലഭിക്കുന്നതാണ്, അതാണ് ശാശ്വതമായ സന്തോഷം, അത് പൂർണ്ണമായ സന്തോഷം ആണ്, ഒരു വ്യക്തിക്ക് ആവശ്യമായിട്ടുള്ളത്. ‘യഹോവയിലെ സന്തോഷം നമ്മുടെ ബലം’ ശലോമോൻ പറയുന്നത്. ‘ സന്തോഷമുള്ള ഹൃദയം ഏററവും നല്ല ഔഷധമാകുന്നു’ എന്നാണ്. ജീവിതത്തിലെ ഏററവും ശ്രേഷ്ഠമായ വസ്തുത ഈ സന്തോഷമാണ്. ഇത് നിത്യമായ സന്തോഷമെന്നു മാത്രമല്ല, നിത്യതയിലേക്കു നയിക്കുന്ന സന്തോഷമാണ്. ഈ സന്തോഷത്തിന്റെ അടിസ്ഥാന കാരണമായി കർത്താവ് പറയുന്നത്, ‘ നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതുകൊണ്ട് സന്തോഷിപ്പിൻ’ എന്നാണ്.

സ്വർഗ്ഗത്തിലെ ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ഏവരുടെയും അവകാശമാണ് ഈ സന്തോഷം. യേശു ഇടയനായിരിക്കുന്നവന് ബാഹ്യമായ മറെറന്തെല്ലാം കാര്യങ്ങൾക്ക് കുറവുണ്ടായിരുന്നാലും ഈ ആത്മീയ സന്തോഷത്തിന് യാതൊരു കുറവു ഉണ്ടാകുകയില്ല. കഷ്ടതയിൽ പ്രശംസിക്കുന്ന, കാരാഗൃഹത്തിൽ പാടുന്ന, വേദനയിൽ സന്തോഷിക്കുന്ന, പോരട്ടത്തിൽ ആനന്ദിക്കുന്ന, മരണത്തിലും ധൈര്യപ്പെടുത്തുന്ന സന്തോഷമാണിത്. നമ്മുടെ ജീവിതത്തിൽ അത് പൂർണ്ണമായി അനുഭവിക്കുവാൻ ആഗ്രഹിച്ച് നന്മപ്രവൃത്തികൾ ചെയ്തു ദൈവത്തെ സ്തുതിക്കാം.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

യേശു പറയുന്നു, ‘ ഞാൻ നിന്നെ അനാഥനായി വിടുകയില്ല’ ഇത് നമ്മുടെ ജീവിതത്തിന്റെ മർമ്മപ്രധാനമായ സ്ഥാനത്തെ സ്പർശിക്കുന്ന വചനം. യേശു ഇടയനായിരിക്കുന്ന ഒരു വ്യക്തിയെ അഥവാ ഒരു ദൈവപൈതലിനെ ശ്രദ്ധിച്ചാൽ, ബാഹ്യവും മാനുഷികവുമായ യാതൊന്നിനും അവനെ സഹായിക്കുവാൻ കഴിയാത്ത ഒരു രംഗത്ത് അവൻ എത്തപ്പെടുമ്പോൾ, അവൻ നിരാശനായി നിലവിളിക്കേണ്ടി വരികയില്ല. പരിഭ്രമിച്ച് അവിടെയുമിവിടെയും നോക്കേണ്ടി വരികയില്ല. അപ്പോൾ അവന്റെ ഹൃദയത്തിൽ ഒരു നേരിയ ശബ്ദം വ്യക്തമായി കേൾക്കുന്നു, ‘ഞാൻ നിന്നെ അനാഥനായി വിടുകയില്ല. ഞാൻ നിന്നോട് കൂടെയുണ്ട്. ഞാൻ നിന്റെ ദൈവമാകുന്നു.

ഞാൻ നിന്നെ പുലർത്തും. ഞാൻ നിന്നെ സഹായിക്കും. ഞാൻ നിന്നെ വഴി നടത്തും. ഒരനർത്ഥവും നിനക്ക് ഭവിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കകയില്ല. ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടിക്കളയും. നീ പരാജയപ്പെടുകയില്ല. ഞാൻ നിന്റെ വലംകൈയ്ക്കു പിടിച്ചിരിക്കുന്നു. ഞാൻ നിനക്ക് ആലോചന പറഞ്ഞു തന്ന് നിന്നെ നേരായ പാതയിലൂടെ നടത്തും. ഒടുവിൽ ഞാൻ നിന്നെ മഹത്വത്തിലേക്കു ചേർക്കുകയും ചെയ്യും. ലോകത്തിന്റെ ധനവാന്മാരും പണ്ഡിതശ്രേഷ്ഠന്മാരും എല്ലാം പരാജയപ്പെടുന്ന ഈ സ്ഥാനത്ത് ഒരു എളിയ ദൈവപൈതൽ വിജയിക്കുന്നതിന്റെ കാരണം, എല്ലാം ഉള്ളവൻ പരിഭ്രമിച്ച് നിലവിളിക്കുമ്പോൾ ലോകപ്രകാരം ഒന്നുമില്ലാത്തവൻ ധൈര്യമായും സന്തോഷമായിരിക്കും.

ബാഹ്യമായ ലോകപരമായ കാര്യങ്ങൾ ഉള്ളതിനാൽ ‘എനിക്ക് ഒന്നിനും മുട്ടില്ല’ എന്നു നാം പറയരുത്. ദൈവത്തിന്റെ സാമീപ്യവും സാന്നിധ്യവും നമ്മോടുകൂടെയില്ലെങ്കിൽ, നാം അരിഷ്ടരും ദരിദ്രരും ആണ്. എന്നാൽ യേശു ഇടയനായിരിക്കുന്നവർക്ക് ഇവിടെ ഒരു മുട്ടുമുണ്ടാകയില്ല. അവിടെ നാം സമ്പന്നനാണ്, ഒന്നിനും കുറവില്ലാത്തവനാണ്. ദൈവം തന്റെ തുലാസിൽ എല്ലാവരെയും തൂക്കിനോക്കുന്ന ഒരു ദിവസമുണ്ട്. അവൻ തൂക്കുന്നത് നമ്മുടെ വസ്തുവകകളോ, വിദ്യാഭ്യാസമോ, സ്ഥാനമോ മാനമോ മററുള്ളവർക്കുവേണ്ടി ചെയ്ത കാര്യങ്ങളോ ഒന്നും അല്ല.

തുടരും….

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യഹോവയോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു. ദൈവത്തിന്റെ തുലാസിൽ ബാഹ്യമായ യാതൊന്നിനും സ്ഥാനമുണ്ടായിരിക്കയില്ല. നമ്മുടെ ഹൃദയത്തിനു മാത്രമേ സ്ഥാനമുണ്ടായിരിക്കുകയുള്ളു. വേഷവും പ്രകടനവും ഒന്നും അവിടെ പ്രശ്നമല്ല. അനേക വേഷഭക്തിക്കാർ ഇന്നുണ്ട്, അവർ കപടഭക്തിക്കാരാണ്. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരാണ്. സ്നേഹിതാ, നമ്മുടെ വേഷവും ഭാവവും ഒന്നും ദൈവത്തിന്റെ തുലാസിൽ നിലനിൽക്കയില്ലെന്ന് മനസ്സിലാക്കി ജീവിതത്തെ കൂടുതൽ നന്മകൾ പ്രവഹിപ്പിക്കുന്ന ഉറവിടമായി തീർക്കുവാൻ നമുക്ക് ഓരോരുത്തർക്കും ദൈവത്തിൽ ആശ്രയിച്ച്, പരിശ്രമിച്ച്, മുന്നോട്ടു പോകാം.

ഞാൻ കുറവില്ലാതിരിക്കുന്നതിന്റെ കാരണം, 'യഹോവ എന്റെ ഇടയനാകുന്നു' എന്നതാണ് ദാവീദ് പറയുന്നത്. നമുക്ക് ഓരോരുത്തർക്കും ഇങ്ങനെ പറയുവാൻ സാധിക്കേണം. യേശു ഇടയനല്ലാതിരിക്കുന്ന എല്ലാവരും ദൈവത്തിന്റെ തുലാസിൽ – സന്നിധിയിൽ – കുറവുള്ളവർ തന്നെയായിരിക്കും. കുറവുള്ളവരെല്ലാം ന്യായവിധിക്ക് യോഗ്യരാണ്. ഇപ്പോൾ തന്നെ, നമ്മെ പരിശോധിച്ച്, നേരായ പാതയിൽ സഞ്ചരിച്ച്, ദൈവത്തെ മഹത്വപ്പെടുത്തുവാൻ ശ്രമിക്കാം. ഇന്ന് ദൈവം നമ്മെ തൂക്കുവാനായി തുലാസ്സുമായി വരുന്നു എങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കും. നാം കുറവില്ലാത്തവരാണോ? യേശു നമ്മോടു കൂടെയുണ്ടോ? യേശു നമ്മുടെ യഥാർത്ഥ ഇടയനാണോ? നമുക്ക് ധൈര്യം ഉണ്ടാകണം, തുലാസിൽ ദൈവം എന്നെ ഇന്നു തൂക്കി നോക്കിയാൽ, ദാവീദിനൊടൊപ്പം എനിക്കും പറയാൻ കഴിയണം, 'എനിക്ക് കുറവുണ്ടാകയില്ല' എന്നും യേശു എന്റെ ഇടയനാണ്' എന്നും.

ഇപ്പോൾ തന്നെ മുഴങ്കാൽ മടക്കി പ്രാർത്ഥിച്ച് യേശുവിനെ ഇടയനും രക്ഷിതാവുമായി അംഗീകരിക്കുക. മറ്റൊന്നിലും ആശ്രയിക്കരുത്. 'പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു'. യഹോവയായ ഇടയൻ തന്റെ ആടുകളെ പച്ചയായ പുൽപ്പുറങ്ങളിൽ കിടത്തുന്ന വിലയേറിയ ശ്രേഷ്ഠമായ അനുഭവത്തെ നാം രുചിച്ചറിയണം. നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തു തന്റെ ആടുകളായ നമ്മെ പച്ചയായ പുൽപ്പുറങ്ങളിൽ കിടത്തുന്നു എന്നു പറയുമ്പോൾ ആ പുൽപ്പുറങ്ങൾ സ്വാഭാവികമായി ഉണ്ടായിവന്നതല്ല എന്നും ഇടയൻ വളരെയധികം അദ്ധ്വാനിച്ച് ഉണ്ടാക്കിയതാണെന്നും നാം മനസ്സിലാക്കണം.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

കർത്താവ് തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്ന ആത്മീയാനുഭവമാണ് നമുക്കുള്ള പുൽമേടുകൾ. അതിമഹത്വവും വിലയേറിയതുമായ ആത്മീയാനുഭവങ്ങൾ കർത്താവ് നമുക്കായി ഒരുക്കിയിരിക്കുന്നു. എത്രമാത്രം വിലയേറിയ അനുഭവങ്ങൾ നിറഞ്ഞ പുൽമേടുകളാണ് കർത്താവ് നമുക്കായി ഒരുക്കിയിരിക്കുന്നത്. അവന്റെ ദയ, കരുണ, മനസ്സലിവ്, സ്നേഹം, വിശ്വസ്തത, കരുതൽ സമാധാനം, സന്തോഷം, നിത്യജീവൻ, രോഗശാന്തി, പ്രത്യാശ എന്നിങ്ങനെ എത്രയോ തരത്തിലുള്ള പുല്ലുകളാണ്, ആ പുൽതകിടിയിൽ വളർന്നു നിൽക്കുന്നത്. അവയെല്ലാം തന്റെ ആടുകൾക്കുവേണ്ടി അവൻ വളർത്തികൊണ്ടുവന്നതാണ്.

തനിയെ വളർന്നുവന്നതല്ല, അവൻ ബദ്ധപ്പെട്ട് വളർത്തികൊണ്ടുവന്നതാണ്, നമുക്കുവേണ്ടി മാത്രം. സ്വർഗ്ഗത്തിലെ തന്റെ സകല മഹത്വത്തെയും വെടിഞ്ഞ് പാപം നിറഞ്ഞ ഈ ലോകത്തിലേക്ക് താണിറങ്ങി വന്നത്, നമ്മുടെ ഓരോരുത്തരുടെയും രക്ഷയ്ക്കും വീണ്ടെടുപ്പിനും വേണ്ടിയാണ്. മനുഷ്യരുടെ നിന്ദയും അപമാനവും അടിയും തുപ്പും ഏററതും അതിവേദന സഹിച്ചതും ക്രൂശു വഹിച്ചതും കാൽവറിയിൽ മരിച്ചതും തന്റെ ആടുകൾക്കായി ഈ പുൽമേടു ഒരുക്കുന്നതിനുവേണ്ടിയാണ്. മരണത്തിന്റെയും പാതാളത്തിന്റെയും സകലശക്തികളെയും അതിജീവിച്ച് മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേററതും പിതാവിന്റെ വലതുഭാഗത്ത് മഹത്വീകരിക്കപ്പെട്ടവനായി സ്ഥിതി ചെയ്യുന്നതും നമ്മൾക്കുവേണ്ടി മാത്രമാണ്.

തന്റെ ആടുകളിൽ ഒന്നുപോലും ആവശ്യത്തിന് പുല്ലില്ലാതെ വിഷമിക്കുവാൻ ഇടയാകരുതെന്ന് കർത്താവിന് നിർബന്ധം ഉണ്ട്. ആകയാൽ, ഒരാടിന് ശരിയായ ആരോഗ്യത്തോടെ കൂടെ വളരുന്നതിനും ബലപ്പെടുന്നതിനും ആവശ്യമായ പുൽതകിടിയിൽ കരുതിയിട്ടുണ്ട്. ആ പുൽതകിടിയിൽ യാതൊന്നിനും കുറവില്ല. കർത്താവായ യേശുക്രിസ്തുവിന്റെ ആടുകളായ നാം ഈ ലോകമാകുന്ന സ്വഭാവിക പുൽതകിടിയിൽ, മേയുവാൻ അവൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. ലോകമാം പുൽതകിടിയിൽ, നല്ല പുല്ലുകളുടെ ഇടയിൽ വിഷപുല്ലുകളും സാത്താൻ കടത്തിവിടുന്നുണ്ട്. ഈ വസ്തുത അറിയാതെ അനേകർ ആ പുൽതകിടിയിൽ മേയുകയും നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നല്ല പുല്ലുകൾക്കിടയിൽ സാത്താൻ ഒളിപ്പിച്ചു വച്ചിരിക്കുന്ന ദുഷ്ടത നിറഞ്ഞ അപകടങ്ങളെപ്പററി നമ്മളിൽ പലരും മനസ്സിലാക്കുന്നില്ല. തൽക്കാലം അപകടമില്ലായെന്നു തോന്നിയാലും ഉള്ളിൽ ചെന്നാൽ ചില നാളുകൾക്കകം രോഗബാധയും ക്രമേണ നാശവും വരുത്തുന്ന ദുഷ്ടതയുടെ മുട്ടകൾ ആ പുല്ലുകളിന്മേൽ സാത്താൻ പതിപ്പിച്ചിട്ടുണ്ട്. ഈ വസ്തുത മനസ്സിലാക്കാതെ, ലോകത്തിലെ അനേക മതനേതാക്കൾ തങ്ങളുടെ അനുയായികളെ ലോകമാം പുൽമേടുകളിൽ അഴിച്ചുവിട്ടിരിക്കുകയാണ്. നിഷ്കളങ്കമായ ആടുകൾ അവിടെ മേയുകയും ക്രമേണ നാശത്തിലേക്ക് നീങ്ങുകയും ചെയ്യുന്നു.

എന്നാൽ ഈ വസ്തുതകൾ നല്ലവണ്ണം അറിയാവുന്ന നമ്മുടെ നല്ല ഇടയനായ കർത്താവ് തന്റെ ആടുകളിലൊന്നിനെയും ലോകമാം പുൽമേടുകളിലേക്ക് അയക്കാതെ സ്വന്തം അദ്ധ്വാനത്താൽ ഒരു പച്ചപുൽപുറം ഒരുക്കിയിരിക്കുന്നു. യേശുവിന്റെ ആടുകൾ, ലോകത്തിൽ കാണുന്ന പുല്ലുകളുടെയെല്ലാം പിന്നാലെ പോകേണ്ടവയല്ല, യേശു ഒരുക്കിയിരിക്കുന്ന പുൽപുറത്തു തന്നെ ആയിരിക്കേണ്ടതാണ്. സ്നേഹിതാ, നാശത്തിൽ പതിക്കാതെ, നിത്യജീവനിൽ നിലനിൽക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്രയും വേഗം ലോകമാം പുൽമേടുകളെ വിട്ട് ആത്മീയ പുൽമേടുകളിലേക്ക് നീങ്ങാം.

ഇടയൻ ആടുകളെ വാങ്ങിയതിനുശേഷം അല്ല പുൽമേടുകൾ അന്വേഷിക്കുന്നത്. പുൽമേടുകൾ ഒരുക്കിയശേഷമാണ് ആടുകളെ അന്വേഷിക്കുകയും വാങ്ങുകയും ചെയ്യുന്നത്. നമ്മുടെ കർത്താവ് അപ്രകാരമാണ് ചെയ്യുന്നത്. നമുക്ക് ആവശ്യമായിരിക്കുന്നത് മുഴുവൻ ഒരുക്കിശേഷമാണ് അവൻ നമ്മെ വിളിക്കുന്നത്. ആദിയിൽ ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചതിനുശേഷമല്ല, അവർക്കായി ദൈവം ഏദൻതോട്ടത്തെ ഉണ്ടാക്കിയത്. ഏദൻതോട്ടവും അതിൽ മനുഷ്യന് ആവശ്യമുള്ളതെല്ലാം ഒരുക്കിയ ശേഷമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. യേശു പറഞ്ഞതായ, വിരുന്നൊരുക്കിയ രാജാവിന്റെ ഉപമയിൽ, രാജാവിന്റെ വിളി 'എല്ലാം ഒരുക്കിയിരിക്കുന്നു, വരുവീൻ ' എന്നായിരുന്നു. എല്ലാം ഒരുക്കിയ ശേഷമാണ് രാജാവ് വിളിക്കുന്നത് – ക്ഷണിക്കുന്നത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമുക്ക് എന്തെല്ലാം ആവശ്യമുണ്ടെന്നും നമ്മുടെ കുഞ്ഞുങ്ങൾക്ക് എന്തെല്ലാം വേണമെന്നും നല്ലവണ്ണം അറിയാവുന്നവനായ കർത്താവ് അവയെല്ലാം ഒരുക്കിയശേഷമാണ് നമ്മെ വിളിക്കുന്നത്. എല്ലാം അറിയുകയും എല്ലാം നമുക്കായി കരുതുകയും ചെയ്ത ശേഷമാണ് നമ്മെ വിളിക്കുന്നത്. ആകയാൽ യേശു നമ്മെ വിളിക്കുന്ന ആ നിമിഷത്തിൽ അവൻ നമുക്ക് കരുതുന്നവനാകുന്നു എന്ന് മനസ്സിലാക്കി കൊണ്ട് നമ്മുടെ ഭാരങ്ങൾ എല്ലാം അവന്റെമേൽ ഇട്ടുകൊണ്ട് അവനെ അനുഗമിക്കുക. നമുക്ക് ആവശ്യമായതെല്ലാം ആ പുൽമേട്ടിൽ അവൻ ഒരുക്കിയിട്ടുണ്ട്. നാം ഒരിക്കലും നിരാശപ്പെടേണ്ടി വരികയില്ല.

ഈ പുൽപ്പുറത്തിന്റെ വിശേഷത, അത് എന്നും പച്ചപുൽപുറം ആയിരിക്കും എന്നതാണ്. അതിലെ പുല്ല് എന്നും പച്ചയായിരിക്കും. അത് ഒരിക്കലും വാടുകയില്ല, ഉണങ്ങുകയില്ല. കാരണം ഇടയൻ ദിവസവും അതിനെ പുലർത്തുന്നത്. അതിന് ചുററുപാടുമുള്ള പുല്ലുകൾ കരിയുമ്പോഴും ഇടയൻ തന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന പുൽതകിടിയിലെ പുല്ല് വാടുന്നില്ല. ഏദൻതോട്ടം ഉണ്ടാക്കിയവനായ ദൈവം, ആ തോട്ടം നനപ്പാൻ ഒരു നദിയെയും ഉണ്ടാക്കിയതായി നാം അറിയുന്നു. പരിശുദ്ധാത്മാവിന് സദൃശ്യമായ ആ നദി ഈ പുൽതകിടിയിലൂടെയും ഒഴുകുന്നു. ഇടമുറിയാതെ അത് ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ, ഇതിലെ പുല്ലുകൾ ഒരിക്കലും വാടുകയില്ല.

ലോകത്തിനോ ലോകർക്കോ അത് മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്നാൽ ദൈവമക്കൾ അത് മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ഈ പച്ചപുൽപുറത്തെ ഓർത്തു നാം ദൈവത്തെ സ്തുതിക്കുന്നു. അതിലേക്കിറങ്ങുവാൻ യേശു നമ്മെ വിളിക്കുന്നു. ഒട്ടും മടിച്ചുനിൽക്കാതെ ഇപ്പോൾ തന്നെ അവിടേക്കിറങ്ങാം. ഈ ലോകത്തിന്റെ മോഹത്തിൽ നിന്നും രാഗത്തിൽ നിന്നും ദൈവമക്കൾക്ക് മോചനം ലഭിച്ച്, സത്യത്തിന്റെ പാതയിൽ സഞ്ചരിക്കുവാൻ പരിശുദ്ധാത്മാവിന്റെ നിറവിനായി യാചിക്കാം. ഉപവാസവും പ്രാർത്ഥനയും നിത്യജീവിതത്തിന്റെ ഭാഗവാക്കാക്കി സാത്താനെയും അവന്റെ സൈന്യത്തിന്റെയും ദുഷ്ടതകൾ പരിഹരിക്കപ്പെടുവാൻ ജീവനുള്ള സത്യവചനത്തിൽ ആശ്രയിക്കാം. കർത്താവ് അതിന് എല്ലാവരെയും സഹായിക്കട്ടെ.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

'എന്നെ കിടത്തുന്നു' എന്ന വചനത്തെപ്പററി ധ്യാനിക്കാം. യഹോവ ഇടയനായിരിക്കുന്ന ആടുകൾ പച്ചപുൽപ്പുറങ്ങളിൽ മേയുന്ന അനുഭവം മാത്രമല്ല, അവിടെ കിടക്കുന്ന ചിത്രമാണ് ദാവീദ് ഇവിടെ വരച്ചു കാണിക്കുന്നത്. ഇത് വളരെ ശ്രദ്ധേയവും ഒരു ദൈവപൈതലിനെ അത്യധികം ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുന്നതുമായ വസ്തുതയാണ്. ഒരാട് കിടക്കണമെങ്കിൽ, അഞ്ച് കാര്യങ്ങൾ അത്യാവശ്യമാണ്. ഒന്ന്: ഭയത്തിൽ നിന്നും തികച്ചും വിമുക്തമായിരിക്കണം. ആടിന്റെ പ്രകൃതം അതാണ്. രണ്ട്: മററ് ആടുകളോ മൃഗങ്ങളോ അതിനെ ഉപദ്രവിക്കുമെന്ന ആശങ്ക അശേഷം ഇല്ലാതിരിക്കണം. മൂന്ന്: കൊതുക്, ഈച്ച തുടങ്ങിയ ക്ഷുദ്രജീവികളിൽ നിന്നും തികച്ചും വിമുക്തമായിരിക്കണം. നാല്: ഭക്ഷിച്ച് തൃപ്തിയായ അനുഭവം ഉണ്ടായിരിക്കണം. അഞ്ച്: കിടക്കുന്ന സ്ഥലം ഈർപ്പമില്ലാത്തതും മലിനപ്പെടാത്തതുമായിരിക്കണം.

കർത്താവ് തന്റെ ജനവുമായുള്ള ബന്ധത്തെപ്പററി ചിത്രീകരിക്കുമ്പോൾ, ഇടയനും ആടുമായുള്ള ബന്ധം എടുത്തിരിക്കുന്നത് തന്നെ ശ്രദ്ധേയമാണ്. കാരണം, ആടിന്റെ പ്രാകൃതം മറെറല്ലാം മൃഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് എന്നതുതന്നെ. എല്ലാ മൃഗങ്ങളും കഴിയുന്ന രീതിയിൽ ആടുകൾ കഴിയുകയില്ല. മററു മൃഗങ്ങളെ സംരക്ഷിക്കുന്ന പ്രകാരം ആടുകളെ സംരക്ഷിക്കുവാൻ കഴിയുകയില്ല. ഒന്നാമതായി, എല്ലാവിധ ഭയങ്ങളിൽ നിന്നും വിമുക്തമായിരിക്കുമ്പോൾ മാത്രമേ ആടുകൾ കിടക്കുകയുള്ളു. ഭയത്തിൽ നിന്നും വിമുക്തമായിരിക്കുന്ന ഒരു വ്യക്തിയ്ക്കു മാത്രമേ യഥാർത്ഥ വിശ്രമം ലഭിക്കുകയുള്ളു. തികച്ചും അർത്ഥവത്തായ ഒരു അനുഭവമാണിത്.

ജോലി ചെയ്യാതിരിക്കുന്ന സമയം മുഴുവൻ വിശ്രമിക്കുകയാണന്നോ കിടക്കുമ്പോഴെല്ലാം വിശ്രമിക്കുകയാണന്നോ ആരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ അത് ശരിയല്ല. അനേകരും മനോവ്യഥയോടും ഭയത്തോടും കൂടെയാണ് കിടക്കുന്നത്. അവർക്ക് സ്വസ്ഥതയോ സമാധാനമോ ലഭിക്കുന്നില്ല. അവരുടെ മനസ്സ് വല്ലാതെ വ്യാകുലപ്പെടുന്നു. അവരുടെ ഹൃദയം വേദനപ്പെട്ടുകൊണ്ടിരിക്കുന്നു. പലരും ഭയത്തിൽ നിന്നും സ്വതന്ത്രരല്ല. ബാഹ്യമായ ഭയത്തെപ്പററിയല്ല, ആന്തരികമായ ഭയത്തെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. നാം ചുററുപാടുകളിലേക്ക് നോക്കികൊണ്ട്, നമ്മൾക്ക് എതിരായി ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു. ഭയം നമ്മുടെ ഉള്ളിൽ വ്യാപിച്ചിരിക്കുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആവശ്യമില്ലാതെ ഭയം നമ്മുടെ ഹൃദയത്തെയും മനസ്സിനെയും കീഴടക്കിയിരിക്കുന്നു. അതിനാൽ നമുക്ക് വിശ്രമം ലഭിക്കുന്നില്ല. എന്നാൽ നമ്മെ സ്നേഹിക്കുന്ന കർത്താവ് നമ്മളെപ്പററി ആഗ്രഹിക്കുന്നത്, നാം നല്ലതുപോലെ വിശ്രമിക്കേണം എന്നാണ്. ശരീരം കൊണ്ട് കഠിനമായി അദ്ധ്വാനിക്കുമ്പോഴും നമുക്ക് വിശ്രമത്തിന്റെ അനുഭവം ലഭിക്കും. നമ്മുടെ ഹൃദയവും മനസ്സും സ്വസ്ഥമായിരിക്കും. ബാഹ്യമായി എന്തെല്ലാം സംഭവിച്ചാലും ശാരീരികമായി ഏതവസ്ഥയിലായിരുന്നാലും നമുക്ക് ആന്തരിക വിശ്രമമുള്ളവരായിരിക്കുവാൻ സാധിക്കും. അതുകൊണ്ടാണ് ദൈവമക്കൾ 'എന്റെ ഹൃദയവും മനസ്സും ദൈവത്തിൽ ഉറച്ചിരിക്കുന്നു. എന്റെ ഉള്ളം യഹോവയിങ്കൽ പ്രത്യാശ വച്ചിരിക്കുന്നു' എന്ന് സാക്ഷിക്കുന്നത്. ആന്തരികമായ വിശ്രമം എത്രയോ ശ്രേഷ്ഠമേറിയതാണ്.

'ഭയം ദൈവത്തിങ്കൽ നിന്നും വരുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണം. 2 തിമൊത്തിയോസ് 1:17 'ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്. 'ഭീരുത്വത്തിന്റെ ആത്മാവിനെ ദൈവം നമുക്ക് തന്നിട്ടില്ല, തരികയുമില്ല. പിന്നെ ഭയം എവിടെ നിന്ന് വന്നു. അത് മാനവജാതിയുടെ ശത്രുവും നമ്മെ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുവാൻ ശ്രമിക്കുന്നവനുമായ സാത്താനിൽ നിന്നും വരുന്നതുമാണ്. അതിന്റെ മൂല കാരണം പാപവുമാണ്. ആദിയിൽ, ആദാവും ഹവ്വായും ഭയത്തിൽ നിന്നും പൂർണ്ണമായി സ്വതന്ത്രരായിരുന്നു.

എന്നാൽ ദൈവത്തോട് അനുസരണക്കേട് കാണിക്കുകയും ദൈവത്തിനെതിരായി പാപം ചെയ്യുകയും ചെയ്തതോടുകൂടെ, ഭയം അവരെ കീഴടക്കി ദൈവത്തെ അഭിമുഖികരിക്കാൻ അവർ അപ്രാപ്തരായി തീർന്നു. സ്നേഹിതാ, നമ്മുടെ ആന്തരികഭയത്തിന് കാരണം, നാം ദൈവത്തോട് പാപം ചെയ്തു എന്നതുതന്നെയല്ലേ. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ സ്ഥാനം പിടിച്ചിരിക്കുന്ന ഭയം നമ്മെ വീണ്ടും കീഴ്പ്പെടുത്തിയിരിക്കുന്നു. മററുള്ളവരുടെ മുമ്പിൽ നാം സന്തോഷിക്കുവാൻ ശ്രമിക്കുന്നു. പക്ഷേ, ഏകനായിരിക്കുമ്പോൾ നെടുവീർപ്പിടുന്നു. കിടക്കാൻ ശ്രമിക്കുന്നു, വിശ്രമം ലഭിക്കുന്നില്ല. നമുക്ക് വിശ്രമം ലഭിക്കണമെങ്കിൽ, ആ ഭയത്തിൽ നിന്നും നാം സ്വതന്ത്രരായേ മതിയാകൂ.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും നോക്കികൊണ്ട് യേശു പറയുന്നു, നിങ്ങൾക്ക് വിശ്രമം ആവശ്യമാണ്. അതിനാൽ എന്റെ അരികിൽ വരിക. ഞാൻ നിങ്ങൾക്ക് വിശ്രമവും ആശ്വാസവും നൽകും. ആന്തരികഭാരം നിമിത്തം ഭാരപ്പെട്ടു കഴിയുന്ന സ്നേഹിത, ഇതു നമ്മോടുള്ള ആഹ്വാനമാണ്. നമുക്കുവേണ്ടിയുള്ള ക്ഷണമാണ്. ഈ നല്ല ഇടയനു മാത്രമേ ആന്തരിക ഭയത്തെ മാററി യഥാർത്ഥ വിശ്രമം നൽകുവാൻ സാധിക്കുകയുള്ളു. സാത്താൻ നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയാണ് നൽകുന്നതെങ്കിൽ, ദൈവം നമുക്ക് തരുന്നത് ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ്. നല്ല ഇടയനായ യേശുവിന്റെ ക്ഷണം സ്വീകരിച്ച് ആരെങ്കിലും അവന്റെ അടുത്ത് എത്തുമ്പോൾ, ലോകത്തിന്റെ വെളിച്ചമായ യേശുവിന്റെ സാന്നിധ്യത്തിൽ സാത്താനാകുന്ന ഇരുൾ ഓടി മറയുന്നു.

വെളിച്ചമുള്ളിടത്ത് ഇരുളിന് സ്ഥാനമില്ല. സാത്താൻ ശക്തി നമ്മളിൽ നിന്നും മാറുന്നതോടുകൂടെ യേശുവിന്റെ ശക്തിയും സ്നേഹവും സുബോധവും നമ്മളിലേക്ക് കടക്കുന്നു. നമ്മളിലുള്ള ഇരുളിനെ മാററിയിട്ട് ശൂന്യമായി നമ്മെ വിടുന്നവനല്ല നമ്മുടെ കർത്താവ്. ശൂന്യമായി വിട്ടിട്ടുപോയാൽ, അവിടെ വീണ്ടും ഇരുളും ഭയവും പ്രവേശിക്കും എന്നതിന് സംശയമില്ല. ചിലർക്ക് ഒരിക്കൽ സന്തോഷവും വിടുതലും ഉണ്ടാകുകയും പെട്ടെന്ന് അത് നഷ്ടപ്പെടുകയും ചെയ്യുന്ന അനുഭവം ഉണ്ടാകുന്നതിന്റെ കാരണം അതാണ്.

വിടുതൽ മാത്രമാണ് അവരുടെ ലക്ഷ്യം, അല്ലാതെ പുനരുത്ഥീകരണം അവരുടെ ലക്ഷ്യമല്ല, ക്രിസ്തുവിൽ നിന്നും വിടുതൽ ലഭിച്ചാലുടനെ, ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിക്കാതെ അവർ പോകുന്നു. ഏറെ താമസിയാതെ, പഴയ ഇരുൾ അവിടെ വ്യാപിക്കുകയും ലഭിച്ച സന്തോഷവും വിടുതലും നഷ്ടമാകുകയും ചെയ്യുന്നു. യേശുവിന്റെ അടുക്കൽ വരുമ്പോൾ, അവൻ ഭീരുത്വത്തിന്റെ ആത്മാവിനെ മാററുക മാത്രമല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ നൽകുകയും ചെയ്യുന്നു. ഭയം മാറി സ്നേഹവും ശക്തിയും അവിടെ സ്ഥാനം പിടിക്കുന്നു. യേശു തന്റെ ആടുകൾക്ക് നൽകുന്ന അനുഭവം ഇതാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സ്നേഹമുള്ളിടത്ത് ഭയമില്ല, ശക്തിയുള്ളിടത്തു ഭയമില്ല. ആത്മീയ സുബോധം അഥവാ സമനില ഉള്ളിടത്ത് ഭയമില്ല. പാപമുള്ളിടത്ത് ഭയം, യേശു ഉള്ളിടത്ത് വിശ്വാസം. ലംഘനം ഉള്ളിടത്ത് ഭയം, അത് ഏററു പറഞ്ഞ് അപേക്ഷിക്കുന്നിടത്ത് ക്ഷമയും കരുണയും. യേശുവിന്റെ ആടുകളുടെ അനുഭവം ഇതാണ്. പച്ചപുൽപ്പുറത്തു കിടക്കുന്ന ആടിനെ ശ്രദ്ധിച്ചാൽ, അവ അവിടെ കിടക്കുകയാണ്, വിശ്രമിക്കുകയാണ്. യാതൊരു ഭയവും അവയെ അലട്ടുന്നില്ല. ദുഷ്ടമൃഗങ്ങൾ അവയെ ആക്രമിക്കുമെന്ന ഭയം അവയ്ക്കില്ല. കള്ളന്മാർ വന്നു മോഷ്ടിക്കുമെന്ന ആശങ്ക അവയ്ക്കില്ല. നാളത്തെ ആഹാരത്തെപ്പററിയുള്ള ആകുലചിന്ത അവയ്ക്കില്ല. ശത്രുക്കൾ ഒളിച്ചിരിപ്പു ണ്ടായിരിക്കും. ദുഷ്ടമൃഗങ്ങൾ തക്കം പാർത്തിരിക്കുന്നുായിരിക്കും. പക്ഷേ, അവയൊന്നും ഇവയെ അലട്ടുന്നില്ല. കാരണം തങ്ങളുടെ ഇടയനിൽ അവയ്ക്കു പൂർണ്ണമായ വിശ്വാസമുണ്ട്.

ഭയത്തിൽ നിന്നും സ്വതന്ത്ര്യരായിരിക്കുന്നതിന്റെ മററൊരു രഹസ്യത്തിലേക്കാണ് ഈ ചിന്ത നമ്മെ നയിക്കുന്നത്. യേശുവിന്റെ അടുക്കൽ വന്ന് പാപത്തിൽ നിന്നും ലംഘനങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുകയും ക്രിസ്തുവിനെ ഉള്ളിൽ കൈക്കൊള്ളുകയും ചെയ്യുന്നതോടുകൂടെ ഭയം മാറുന്നു. ശക്തിയും സ്നേഹവും ഉടലെടുക്കുന്നു. എന്നാൽ അത് നിലനിൽക്കുന്നതിന്റെ അടിസ്ഥാന കാരണം ഇടയനിലുള്ള വിശ്വാസമാണ്. രക്ഷിക്കപ്പെട്ടു എന്നു അഭിമാനിക്കുന്ന പലർക്കും യേശുവിൽ പൂർണ്ണവിശ്വാസമില്ല. അതു നിമിത്തമാണ്, ചെറിയ കാര്യത്തിന്റെ മുൻപിൽ പതറുകയും പരിഭ്രമിക്കുകയും നിലവിളിക്കുകയും ചെയ്യുന്നത്. എന്നാൽ വചനം പറയുന്നത്, യഹോവയിൽ ആശ്രയം വയ്ക്കുകയും, മാത്രമല്ല യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന ജനം ഭാഗ്യമുള്ളത്. നാം ഒരിക്കൽ കർത്താവിൽ ആശ്രയിച്ചു എന്നത് ശരിയാണ്. എന്നാൽ അവൻ തന്നെ ഇപ്പോഴും നമ്മുടെ ആശ്രയമായിരിക്കുന്നുവെങ്കിൽ നാം ഭാഗ്യമുള്ളവരാണ്. എല്ലാ വിധ കാററുകളുടെയും കോളുകളുടെയും മദ്ധ്യത്തിലും ദൈവമക്കൾ നിശ്ചലമായിരിക്കുന്നു. എല്ലാം തങ്ങൾക്കെതിരായി നീങ്ങുമ്പോഴും അവർ സന്തോഷവും ആശ്വാസവുമുള്ളവരായിക്കുന്നു. അവർ കർത്താവിൽ ആശ്രയം വച്ചിരിക്കുന്നതു എന്നതു തന്നെ.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആ പുൽപുറത്തു ശാന്തമായി കിടക്കുന്ന ആടുകളെപ്പോലെ അവർ പൂർണ്ണമായി വിശ്രമിക്കുന്നു. ഈ തുറസ്സായ സ്ഥലത്ത്, ദുഷ്ടമൃഗങ്ങൾ ചുററും ഓടി നടക്കുമ്പോൾ ആടുകൾക്ക് എങ്ങനെ വിശ്രമിപ്പാൻ കഴിയും. ദുഷ്ടമൃഗങ്ങളുടെ അലർച്ച അവയെ ഭയപ്പെടുത്തുന്നില്ലേ, ആടുകളുടെ ഉത്തരം അവയെല്ലാം ശരിയാണ്, പക്ഷേ ഞങ്ങൾക്ക് ഒരു ഇടയനുണ്ട്. അവനിൽ ഞങ്ങൾ ആശ്രയം വച്ചിരിക്കുകയാണ്. അവൻ എല്ലാം നോക്കിക്കൊള്ളും. ആകയാൽ ചുററുപാടുകളെ ശ്രദ്ധിക്കാതെ ഞങ്ങൾ വിശ്രമിക്കുകയാണ്. നമുക്ക് ഇന്ന് പൂർണ്ണവും ആന്തരികവുമായ വിശ്രമം ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾ തന്നെ യേശുവിന്റെ അടുക്കലേക്കു വരിക. അവൻ ഒരുക്കിയിരിക്കുന്ന പച്ചയായ പുൽപുറത്തു മററാടുകളൊടൊപ്പം നമുക്കും പൂർണ്ണമായി വിശ്രമിക്കാം.

നാം ആയിരിക്കുന്ന – ഹൃദയം നീറുകയും മനസ്സ് ഭാരപ്പെടുകയും ചെയ്യുന്ന – ആ രംഗത്തു നിന്നും ഇപ്പോൾ തന്നെ എഴുന്നേൽക്കുക. മുന്നോട്ടു വരിക – യേശുവിനെ സ്വീകരിക്കുക. അവൻ നിന്നെ വിളിക്കുന്നു. ഇപ്പോൾ തന്നെ അവനോട് പ്രാർത്ഥിക്കുക, നമ്മുടെ ജീവിതപാതയിൽ സത്യത്തിലൂടെ, ആത്മീയമായി സഞ്ചരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വഴികാട്ടിയായി തീരണമെന്ന് പ്രാർത്ഥിക്കാം. സകല ദുഃഖവും ഭാരവും അവനിൽ സമർപ്പിച്ച്, അവന്റെ അനുസരണമുള്ള ആടായി മാറാം. അടുത്തതായി, ഒരാടിന് ആവശ്യമായിരിക്കുന്നത്, മററ് ആടുകളിൽ നിന്നോ ജന്തുക്കളിൽ നിന്നോ യാതൊരു ഉപദ്രവവും ഉണ്ടാകുകയില്ല എന്നതായ ധൈര്യമാണ്. ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഇത് ഏറെ പ്രധാനമാണ്.

വിവിധ നിലകളിലുള്ള ശത്രുക്കളെയും ശത്രുയേയും അവർ എപ്പോഴും അഭിമുഖികരിക്കേണ്ടി വരുന്നു. പ്രതീക്ഷിതവും അപ്രതീക്ഷിതവുമായവ നമ്മെ അലട്ടുന്നു. പലപ്പോഴും അവയെ നേരിടുവാനോ അവയിൽ നിന്ന് വിടുതൽ പ്രാപിക്കുവാനോ നാം അപ്രാപ്തരായി നമുക്കുതന്നെ അനുഭവപ്പെടുന്നു. അപ്പോൾ പലരും നിരാശയരും ആശയററവരുമായി തീരുന്നു. എങ്ങനെയെങ്കിലും ഓടിയൊളിക്കുവാൻ അവർ വെമ്പൽ കൊള്ളുന്നു. എങ്ങോട്ടു തിരിയണമെന്നോ എന്തു ചെയ്യണമെന്നോ അറിയാതെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. അതിന്റെ ഫലമോ നാശത്തിൽ നിന്നും നാശത്തിലേക്കുള്ള പതനവുമായിരിക്കും.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മൾക്ക് സ്വസ്ഥതയില്ല, സമാധാനമില്ല. ശരിയായ വിശ്രമം ലഭിക്കുന്നില്ല. പലരും നമ്മെ ഉപദ്രവിക്കുവാൻ ആലോചിക്കുന്നു. നമ്മളെ തകർക്കുവാൻ പലരും ശ്രമിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു. ദൈവമേ ഞങ്ങളുടെ അവസ്ഥ ഇങ്ങനെയോ എന്നു നാം വേദനപ്പെടുന്നു. ഞങ്ങളെ ദൈവം വിളിച്ചത് ഇതിനുവേണ്ടിയോ എന്ന് നാം അത്ഭുതപ്പെടാം. ഞങ്ങളുടെ നിലനിൽപ്പ് ഇതോടുകൂടെ അവസാനിച്ചിരിക്കുന്നവോ എന്നു നമുക്ക് തോന്നിപ്പോകുന്നു. എന്നാൽ സ്നേഹിതാ, ഒരു നല്ല വാർത്ത പറയുവാനുണ്ട്, നാം തോൽക്കുകയില്ല, ശത്രു നമ്മെ ഒന്നും ചെയ്യുകയില്ല. കാരണം നമ്മെ സ്നേഹിച്ച് നമുക്കുവേണ്ടി വിലകൊടുത്ത് നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്ന ഒരു ഇടയൻ നമ്മോടുകൂടെ ഉണ്ട്.

നാം കാണുന്ന ആ ശത്രുവിനെ നാം കാണുന്നതിന് മുൻപേ അവൻ കണ്ടിട്ടുണ്ട്. അവയെ കീഴടക്കുവാനും പായിക്കുവാനും അവനു കഴിയും. അവൻ നമ്മെ സംരക്ഷിക്കും, സഹായിക്കും. അവൻ നമ്മുടെ സഹായവും കോട്ടയുമാണ്. അവൻ നമ്മെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നമ്മെ മറയ്ക്കും. അവന്റെ ചിറക് നമുക്ക് ശരണമായിരിക്കും. അവന്റെ വിശ്വസ്ത നമുക്ക് പരിചയും പലകയും ആകുന്നു. യാതൊന്നിനെയും നമുക്ക് പേടിപ്പാനില്ല. അവയൊന്നും നമ്മോട് അടുത്തു വരികയില്ല.

ഒരു അനർത്ഥവും നമുക്ക് ഭവിക്കുകയില്ല. ഒരു ബാധയും നമ്മുടെ കൂടാരത്തിന് അടുത്തു വരികയില്ല. എല്ലാററിൽ നിന്നും അവൻ നമ്മെ വിടുവിക്കും. അവൻ നമ്മെ ഉയർത്തും. അവൻ നമുക്ക് ഉത്തരമരുളും. അവൻ നമ്മെ വിടുവിച്ച് മഹത്വപ്പെടുത്തും. നമ്മോടുകൂടെയുള്ള നമ്മുടെ ഇടയൻ വലിയവനാണ്. കരുണയും മനസ്സലിവും സ്നേഹവുമുള്ളവനാണ്. ഈ നല്ല ഇടയന്റെ നിരന്തരമായ സാന്നിദ്ധ്യത്തെപ്പററിയുള്ള ബോധ്യമാണ്, ഒരു ദൈവപൈതലിനെ എല്ലാ സംഘർഷബോധത്തിൽ നിന്നും വിടുവിച്ചു സ്വസ്ഥമായും സമാധാനമായും നിലനിർത്തുന്നത്. ചുററുപാടും എന്തുതന്നെ വന്നിരുന്നാലും, ഇടയന്റെ സാന്നിദ്ധ്യത്തെപ്പററി ബോദ്ധ്യമുള്ള ആട്, അവയെപ്പററിയുള്ള യാതൊരു ചിന്തയും കൂടാതെ വിശ്രമിക്കുകയാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ദൈവത്തിന്റെ വഴികളിൽ നടക്കുകയും ചെയ്യുന്ന തന്റെ ജനത്തിനുവേണ്ടി ദൈവം ചെയ്യാൻ ആഗ്രഹിക്കുന്ന അഥവാ ചെയ്യുന്ന കാര്യങ്ങൾ: ശത്രുക്കളെ കീഴടക്കുകയും വൈരികളുടെ നേരെ കൈ തിരിക്കുകയും ചെയ്യുക എന്നതാണ്. നമുക്ക് ശത്രുക്കൾ ഉണ്ടെന്നുള്ള വസ്തുത ദൈവത്തിന് നല്ലവണ്ണം അറിയാം. അതേപ്പററി നാം അറിയുന്നതിന് മുൻപേ കർത്താവ് അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അവൻ പറയുന്നത്, 'ഞാൻ അവരുടെ ശത്രുക്കളെ കീഴടക്കും'. ദൈവം പറയുന്നത്, 'നാം ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ദൈവത്തിന്റെ വഴികളിൽ നടക്കുകയും ചെയ്യുമെങ്കിൽ നമ്മുടെ ശത്രുക്കളെ അവൻ കീഴടക്കും' എന്നാണ്.

ഇവിടെ 'കീഴടക്കും' എന്ന വാക്കു പ്രത്യേകം ശ്രദ്ധിക്കേണം. ശത്രുവിൽ നിന്ന് നമ്മെ വിടുവിക്കുമെന്നോ ശത്രുവിനെ ഓടിക്കുമെന്നോ അല്ല, ശത്രുക്കളെ 'കീഴടക്കും' എന്നാണ്. 'കീഴടക്കും' എന്നാൽ ഇനി ഒരിക്കലും എഴുന്നേററു വരാതെവണ്ണം ശത്രുക്കളെ പരാജയപ്പെടുത്തും എന്നാണ്. അതുകൊണ്ടാണ് 'ഒരു ശത്രു എന്റെ നേരെ പാളയമിറങ്ങിയാലും ഞാൻ ഭയപ്പെടുകയില്ല' എന്ന് ദാവീദ് തന്നെ പറഞ്ഞിരിക്കുന്നത്. നമ്മുടെ ശത്രു പെരുവെള്ളം പോലെ ഇരച്ചുവന്നു കൊള്ളട്ടെ. നാം ഭയപ്പെടേണ്ടതില്ല, നമ്മുടെ ഇടയൻ നമ്മുടെ കൂടെയുണ്ട്. ശത്രുക്കളെ അവൻ കീഴ്പ്പെടുത്തികൊള്ളും. നാം ഭയപ്പെടാതെ, പതറാതെ, വ്യാകുലപ്പെടാതെ സമാധാനമായി കിടന്ന് സ്വസ്ഥമായി വിശ്രമിക്കുക.

രണ്ടാമത്തെ ഭാഗം: 'നമ്മുടെ വൈരികളുടെ നേരെ അവൻ കൈ തിരിക്കും' എന്നാണ്. ഇവിടെ ദൈവം എനിക്കുവേണ്ടി ചെയ്യുന്ന കാര്യം എന്നെ അത്യധികം സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നതാണ്. ദൈവം വൈരികളുടെ നേരെ കൈ തിരിക്കും എന്നാണ് പറയുന്നത്. ശത്രു ഒരു പ്രളയം പോലെ നമ്മെ നശിപ്പിക്കുവാൻ പാഞ്ഞു വരുമ്പോൾ, നമ്മുടെ ഇടയനായ കർത്താവ് ആ വൈരികളുടെ നേരേ കൈ തിരിക്കുന്നു. ആ ശത്രു, അവൻ എത്ര ശക്തനായാലും എത്ര ശക്തിയായി പാഞ്ഞു വന്നിരുന്നാലും ആ കൈ കാണുന്ന നിമിഷത്തിൽ നിൽക്കുന്നു. അങ്ങനെ നാം സുരക്ഷിതരായി മുന്നോട്ടു പോകുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

വിവിധ ചിന്തകളാൽ മനസ്സു വ്യാകുലപ്പെട്ടിരിക്കുന്ന നാം മനസ്സിലാക്കേണ്ടത്, നമ്മുടെ ഇടയൻ ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ചെയ്യുന്നില്ല. അവൻ നമ്മെ കാത്തുകൊണ്ടിരിക്കുകയാണ്. നാം അവന്റെ വാക്കുകൾ കേൾക്കുകയും അവന്റെ വഴികളിൽ നടക്കുകയും ചെയ്യുമെങ്കിൽ അവൻ നമ്മുടെ ശത്രുവിനെ കീഴടക്കുകയും നമ്മുടെ വൈരിയുടെ നേരെ കൈ തിരിക്കുകയും ചെയ്യും. യാതൊരു അനർത്ഥവും നമുക്ക് ഭവിക്കുകയില്ല. ആകയാൽ ധൈര്യപ്പെടുക, സ്വസ്ഥനായിരിക്കുക. എല്ലാ വിധ ഭയങ്ങളിൽ നിന്നും സ്വതന്ത്രനായിരിക്കുക. സുഖമായി കിടക്കുക, വിശ്രമിക്കുക. നമ്മുടെ പല പ്രശ്നങ്ങൾക്കും കാരണം നമ്മുടെ അകാരണമായ ഭയമാണ്. ആ ഭയം നമ്മെ അലട്ടുന്നു. അത് നമ്മെ ക്ഷീണിപ്പിക്കുന്നു. നമ്മുടെ അനുഗ്രഹങ്ങളെ കവർന്നെടുക്കുന്നു. ബലഹീനനും രോഗിയുമാക്കിത്തീർക്കുന്നു. എന്നാൽ കർത്താവിന്റെ ജീവനുള്ള വചനം നമ്മെ ധൈര്യപ്പെടുത്തട്ടെ, തല ഉയർത്തുക. ഇടയൻ നമ്മോടുകൂടെ ഉണ്ട്. ശത്രു നമ്മെ സ്പർശിക്കുക പോലുമില്ല. അവൻ നമ്മെ വിടുവിക്കുകയും ഉയർത്തുകയും നമ്മെ മഹത്വപ്പെടുത്തുകയും ചെയ്യും. ധൈര്യപ്പെടുക, ഇടയനോട് ചേർന്നിരിക്കുക. അവന്റെ വാക്കുകൾ കേൾക്കുക, അവന്റെ വഴിയിൽ നടക്കുക.

കർത്താവായ യേശുക്രിസ്തുവിന്റെ ആടുകളായിരിക്കുന്ന ദൈവമക്കളെ സംബന്ധിച്ചടത്തോളം ഏററവും അർത്ഥവത്തായ ഒരു അനുഭവമാണ്, സുരക്ഷിതത്വം. നമ്മുടെ സ്വസ്ഥതയെയും വിശ്രമത്തെയും അലട്ടുകയും അരോചകപ്പെടുത്തുകയും ചെയ്യുന്ന അനേകവിധ ശക്തികൾ ഈ ലോകത്തിലുണ്ട്. നമ്മെ അസഹ്യപ്പെടുത്തുകയും വേദനപ്പിക്കുകയും ചെയ്യുന്ന വിവിധ കാര്യങ്ങൾ ഉണ്ടാകാറുണ്ട്. നാം ഈ ലോകത്തിലായിരിക്കുന്നിടത്തോളം അതിനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ടെന്നുള്ളത് നിഷേധിക്കുവാൻ കഴിയുകയില്ല. നമ്മുടെ ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന ചെറിയ ചെറിയ കാര്യങ്ങളാണ് അധികം ശ്രദ്ധിക്കേണ്ടത്. ചില കാര്യങ്ങൾ നമ്മെ വേദനിപ്പിക്കുകയും നമുക്ക് അസ്വസ്ഥത ഉളവാക്കുകയും ചെയ്യുന്നു. ചിലത് നമ്മെ വല്ലാതെ മുറിപ്പെടുത്തുന്നു. നമ്മുടെ ഇടയനായ കർത്താവ് എന്റെ ആടുകൾക്കുവേണ്ടിയുള്ള തൊഴുത്തു വളരെ നന്നായും ശുദ്ധമായും തന്നെ സംരക്ഷിക്കുന്നു. എന്നതിനാൽ ആ തൊഴുത്തിൽ നിന്നും ഉപദ്രവങ്ങൾ ഒന്നും ഉണ്ടാകില്ല. ദൈവജനത്തിന്റെ യഥാർത്ഥ അനുഭവത്തെ കാണിക്കുന്ന ഒരു ചിത്രമാണിത്, ചുററുപാടുകളിൽ ഉളവാകുന്ന ദുഷ്ടതകൾ ദൈവജനത്തെ ബാധിക്കുന്നു. അത് അവരെ വേദനിപ്പിക്കുകയും വിശ്രമം ലഭിക്കാത്ത അവസ്ഥയിലാകുകയും ചെയ്യുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അവരുടെ കുററം കൊണ്ടോ കർത്താവിന്റെ കരുതൽ കുറവുകൊണ്ടോ അല്ല അപ്രകാരം സംഭവിക്കുന്നത്. അന്ധകാരത്തിന്റെ അധിപതിയായ സാത്താൻ സ്വതന്ത്രനായിരിക്കുന്ന ഈ ലോകത്തിൽ ആയിരിക്കുന്നതിന്റെ പരിണിതഫലമാണ്. നാം ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം അതിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. എന്നാൽ അപ്രകാരമുള്ള അനുഭവങ്ങളിൽ നിന്നുള്ള സംരക്ഷണത്തിന് നമ്മുടെ കർത്താവ് വേണ്ടതെല്ലാം ചെയ്തിട്ടുണ്ടെന്ന വസ്തുത എത്രയോ സന്തോഷകരമാണ്. ആടുകളെപ്പററി കരുതലുള്ള ഇടയന്മാരെല്ലാം ഈ വിധത്തിലുള്ള ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഒരുക്കിയിരിക്കുന്നു എന്ന പ്രകാരം നമ്മുടെ നല്ല ഇടയനായ കർത്താവ് ആവശ്യമായ സംരക്ഷണം ഒരുക്കിയിട്ടുണ്ട്.

നമ്മുടെ സംരക്ഷണത്തിനായി കർത്താവ് ഉപയോഗിക്കുന്ന കാര്യങ്ങളിൽ ഒന്നാമത്, അവന്റെ രക്തമാണ്. യേശുവിന്റെ രക്തം പോലെ നമ്മുടെ സംരക്ഷണത്തിന് ഉതകുന്ന മറെറാരു വസ്തുവും ഈ ലോകത്തിലില്ല. അവന്റെ രക്തം നമ്മുടെ സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്നതിനുപുറമെ, എല്ലാ വിധ ദുഷ്ടശക്തികളിൽ നിന്നും നമ്മെ സംരക്ഷിക്കുകയും ശത്രുവിന്റെ എല്ലാവിധ ആക്രമണങ്ങളിൽ നിന്നും നമ്മെ വേർതിരിച്ചു കാക്കുകയും ചെയ്യുന്നു. കുഞ്ഞാടിന്റെ രക്തം ഹേതുവായി നമുക്ക് ജയവും സംരക്ഷണവും ലഭ്യമായിരിക്കുന്നു.

മിസ്രമിൽ നിന്നും യിസ്രായേൽ ജനം വിടുവിക്കപ്പെട്ട സംഭവം ‘രക്തം കാണുമ്പോൾ സംഹാരദൂതൻ ഒഴിഞ്ഞുപോകും’ എന്നാണ്. സംഹാരദൂതൻ അതിശക്തിയോടുകൂടി മിസ്രമിൽ എങ്ങും സഞ്ചരിക്കുവാൻ തുടങ്ങി. എല്ലാ ഭവനങ്ങളിലും അതു കയറി സംഹാരക്രിയ തുടർന്നുകൊണ്ടിരുന്നു. ആ ഭവനങ്ങളിൽ പാർക്കുന്നവരാരെന്ന് സംഹാരദൂതന് ഒരു പ്രശ്നമല്ല. സകല ഭവനങ്ങളിലും അത് കയറുന്നു. ആദ്യജാതനെ സംഹരിക്കുന്നു. ധനവാന്റെയും ദരിദ്രന്റെയും വിദ്യാസമ്പന്നന്റെയും വിദ്യാവിഹീനന്റെയും എന്നു വേണ്ടാ പട്ടാളമേധാവിയുടെയും രാജാവിന്റെയും വരെ വീടുകളിൽ കയറി സംഹാരം നടത്തി. ഈ ലോകത്തിലെ യാതൊരു ശക്തിക്കും ആ സംഹാരദൂതനെ തടഞ്ഞു നിർത്തുവാൻ കഴിയാതിരിക്കെ, അതിനെ നിഷ്പ്രയാസം തടഞ്ഞുനിർത്തിയ ഒരു ശക്തി അവിടെ ഉണ്ടായിരുന്നു. അത് മറെറാന്നുമല്ല അറുക്കപ്പെട്ട ആട്ടിൻകുട്ടിയുടെ രക്തമായിരുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഏതെങ്കിലും ഒരു വീടിന്റെ വാതിൽക്കൽ രക്തം കാണപ്പെട്ടാൽ, ആ ഭവനത്തെ ഒഴിഞ്ഞുപോകുവാൻ സംഹാരദൂതൻ നിർബന്ധിതനായിത്തീരുമായിരുന്നു. ആട്ടിൻകുട്ടിയുടെ രക്തം മറി കടന്നു പോകുവാൻ സംഹാരദൂതന് കഴിയുമായിരുന്നില്ല. ആ രക്തത്തിന്റെ ശക്തി എത്രത്തോളമെന്നു മനസ്സിലാക്കണം. അന്ന് അറുക്കപ്പെട്ട അട്ടിൻകുട്ടിയുടെ രക്തത്തിന് അത്രമാത്രം ശക്തിയുണ്ടായിരുന്നെങ്കിൽ, ലോകത്തിനുവേണ്ടി അറുക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ രക്തത്തിന് എത്രമാത്രം ശക്തിയുണ്ടെന്ന് നാം അറിയണം. യേശുക്രിസ്തുവിന്റെ രക്തം പോലെ സംരക്ഷണശക്തിയുള്ള മറ്റൊന്നും ഈ ലോകത്തിലില്ല. എങ്കിൽ നാം അവിടെയും ഇവിടെയും ഓടാതെ യേശുവിന്റെ രക്തത്തിൽ ആശ്രയിക്കുക. ആ രക്തത്തിൽ അഭയം പ്രാപിക്കുക. അതിന്റെ സംരക്ഷണത്തിൽ കീഴിൽ വരിക. ഒരു ബാധയും നമ്മോട് അടുക്കകയില്ല. അന്ധകാരശക്തി നമ്മെ അലട്ടുകയില്ല.

അന്ധകാരശക്തിയുടെയും ദുരാത്മശക്തിയുടെയും വിവിധ ക്ലേശങ്ങൾക്കും ഉപദ്രവങ്ങൾക്കും വിധേയരായികൊണ്ടിരുന്ന അനേകർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം. യേശുവിന്റെ രക്തത്തിന്റെ സംരക്ഷണത്തിൽ കീഴിലായപ്പോൾ അവരെല്ലാം നിമിഷം കൊണ്ട് അത്ഭുതകരമായി വിടുതൽ പ്രാപിച്ചിട്ടുണ്ട്. നാം ഇന്ന് ഏതെങ്കിലും വിധത്തിൽ അലട്ടപ്പെടുന്ന അവസ്ഥയിലായിരിക്കുമ്പോൾ യേശുവിന്റെ രക്തത്തിന്റെ സംരക്ഷണത്തിൽ കീഴിൽ വരണം. നമ്മുടെ അവസ്ഥയ്ക്കു മാററം ഉണ്ടാകും. ആ രക്തം നമ്മെ സംരക്ഷിക്കും. അവിടെ സമ്പൂർണ്ണമായ സംരക്ഷണമുണ്ട്.

ക്ഷുദ്രജീവികളുടെ ആക്രമണത്താൽ മുറിവുപററി വേദനപ്പെടുന്ന അനുഭവത്തിലായിരിക്കുന്നവർക്ക് പരിഹാരത്തിനായി പരിശുദ്ധാത്മാകുന്ന എണ്ണ തന്നെ ഉപയോഗിക്കണം. ഏതു വിധ മുറിവുകൾക്കും ശമനം വരുത്തുവാൻ കഴിവുള്ള എണ്ണയാണ് പരിശുദ്ധാത്മാവ്. യരുശലേമിൽ നിന്നും യെരിഹോവിലേക്ക് പോയ മനുഷ്യനെ കള്ളന്മാർ പതിയിരുന്നു മുറിവേല്പിച്ചു. പക്ഷേ ആ മുറിവുകളിൽ പകരുവാനും അതിനെ സൗഖ്യമാക്കുവാനും പററിയ എണ്ണ ആ ശമര്യക്കാരന്റെ കൈവശമുണ്ടായിരുന്നു. അവൻ ആ എണ്ണ പകർന്നു അവന്റെ മുറിവ് വച്ചുകെട്ടുകയും അവൻ ആരോഗ്യവും വിടുതലും പ്രാപിക്കുകയും ചെയ്തു. യാദൃച്ഛികമായി മുറിവേൽക്കുന്നവരുടെ വിടുതലിനും ആശ്വാസത്തിനുമായി പരിശുദ്ധാത്മാവാകുന്ന എണ്ണ നമുക്ക് ആവശ്യമാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മുടെ നല്ല ഇടയനായ യേശു നമുക്കായി പരിശുദ്ധാത്മാവിനെ ഒരുക്കിയിരിക്കുന്നു, പ്രദാനം ചെയ്തിരിക്കുന്നു. സ്നേഹിതാ, നമ്മളിൽ ആർക്കെങ്കിലും ഹൃദയം മുറിഞ്ഞ് വേദനയിലായിരിക്കുന്നുവെങ്കിൽ എല്ലാ വിധ മുറിവുകളെയും വേദനകളെയും ശമിപ്പിക്കുവാൻ പര്യാപ്തമായ പരിശുദ്ധാത്മാവിനെ പ്രാപിക്കണം. അവയിൽ നിന്നെല്ലാം പരിശുദ്ധാത്മാവ് നമ്മളെ പൂർണ്ണമായും സംരക്ഷിക്കുകയും ആശ്വസിപ്പിക്കുകയും വിടുവിച്ച് സ്വതന്ത്രരാക്കുകയും ചെയ്യും. സംരക്ഷണത്തിന്റെ ദൂതന്മാരെ ദൈവം തന്റെ മക്കൾക്ക് നൽകിയിരിക്കുന്നു എന്നതാണ്. നാം അതൊന്നും അറിയുന്നില്ലായെന്നു മാത്രം. പക്ഷെ, ദൈവത്തിന്റെ ദൂതന്മാർ നമ്മുടെ സംരക്ഷണത്തിനായി അയക്കപ്പെട്ടിട്ടുണ്ട്. അവർ നമ്മോടുകൂടെയുണ്ട്. തന്റെ ആടുകളുടെ എല്ലാവിധ സംരക്ഷണത്തിനും ആവശ്യമായതു മുഴുവൻ നല്ലയിടയനായ കർത്താവ് ചെയ്തിട്ടുണ്ട്. അവന്റെ രക്തവും പരിശുദ്ധാത്മാവും ദൈവത്തിന്റെ ദൂതന്മാരും ഇതിലധികമായി നമുക്ക് എന്തെങ്കിലും ആവശ്യമുണ്ടോ? ധൈര്യപ്പെടുക, വിശ്വസിക്കുക, നാം സുരക്ഷിതരാണ്, ഭയപ്പെടാതെ വിശ്വസിക്കുക.

ഒരു ആട് കിടക്കണമെങ്കിൽ, തിന്ന് തൃപ്തിയായ അനുഭവം ഉണ്ടായിരിക്കണം എന്നതാണ്. വിശക്കുന്ന ഒരു ആട് ഒരിക്കലും കിടക്കുകയില്ല, വിശേഷിച്ചും പുൽപുറത്ത്, ഒരാടിന് പച്ചപുൽപുറത്തേക്ക് അഴിച്ചു വിട്ടാൽ, എത്ര ശ്രമിച്ചാലും എത്ര നിർബന്ധിച്ചാലും അത് കിടക്കുകയില്ല. പച്ച പുല്ലുകൾ തിന്നുതുടങ്ങും. അങ്ങനെ തിന്ന് തൃപ്തിയായ ശേഷം മാത്രമേ അത് കിടക്കുകയുള്ളു. പുൽപുറത്ത് കിടക്കുന്ന ഒരാടിനെ കാണുമ്പോൾ ഒരു കാര്യം ഉറപ്പിച്ചു പറയാം, അത് ആവശ്യത്തിന് ഭക്ഷിച്ചിരിക്കുന്നു എന്നതാണത്. തന്റെ ഇടയനായ യഹോവ തന്നെ, പച്ചയായ പുൽപുറത്തു കിടത്തുന്നു എന്നതാണ് തികച്ചും സംതൃപ്തമായ അനുഭവം. യഹോവ ഇടയനായിരിക്കുന്ന ജനം എപ്പോഴും സംതൃപ്തിയുള്ളവരായിരിക്കും. ഈ ലോകത്തിൽ എല്ലാ വിധത്തിലും സംതൃപ്തരായ ജനമുണ്ടെങ്കിൽ, അവർ ദൈവജനങ്ങളാണ്. ഇതിന്റെ അർത്ഥം ലോകപ്രകാരമുള്ളതെല്ലാം അവർക്ക് ഉണ്ടായിരിക്കണമെന്നില്ല. ലോകപ്രകാരമുള്ളതെല്ലാം ലഭിച്ചാലും ഒരുവന് സംതൃപ്തനായിരിക്കുവാൻ കഴിയുകയില്ലല്ലോ. ലോകമനുഷ്യന് എന്തെല്ലാം ലഭിച്ചാലും അവന് തൃപ്തി വരികയില്ല. വീണ്ടും വീണ്ടും ലഭിക്കണം എന്ന ചിന്ത മാത്രമേ അവനുണ്ടായിരിക്കുകയുള്ളു. ആത്മാർത്ഥമായി ചിന്തിച്ചാൽ, ലോകപ്രകാരം സംതൃപ്തരായ മനുഷ്യർ ആരെങ്കിലും ഉണ്ടോ? കുറെ ലഭിക്കുമ്പോൾ വീണ്ടും ലഭിക്കണമെന്ന ആവേശമുണ്ടാകുകയല്ലാതെ, സംതൃപ്തി അവിടെ കാണുവാൻ സാധിക്കുകയില്ല.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ലഭിച്ചിരിക്കുന്ന ധനത്തിൽ സംതൃപ്താരായിരിക്കുന്ന ധനവന്മാർ ഉണ്ടോ? വീണ്ടും നേടുവനാണ് അവർ ആഗ്രഹിക്കുന്നത്, ശ്രമിക്കുന്നത്. ബാഹ്യമായ, ലോകപ്രകാരമുള്ള സൗകര്യങ്ങളിൽ സംതൃപ്തരായിരിക്കുന്ന ആരെങ്കിലും ഉണ്ടോ? ആഗ്രഹിക്കുന്ന ഒന്നു ലഭിക്കുമ്പോൾ, മറ്റൊന്നുകൂടെ ലഭിക്കണമെന്ന ചിന്തയാണ് സാധാരണയായി ഉണ്ടാകുന്നത്. വലിയ വിജയം കരസ്ഥമാക്കുകയും അനേക കാര്യങ്ങൾ നേടുകയും ചെയ്തിട്ടുള്ള അനേകരും തങ്ങളുടെ മരണസമയത്ത്, തങ്ങൾ ആഗ്രഹിച്ചതെല്ലാം നേടിയില്ല എന്നു വിലപിക്കുന്നത് സാധാരണമാണ്. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ യേശു ശമര്യക്കാരി സ്ത്രീയോട് സംസാരിക്കുമ്പോൾ 'ഈ വെള്ളം കുടിക്കുന്നവന് പിന്നെയും ദാഹിക്കും' എന്നാണ്. ഇത് ഏററവും അധികം അർത്ഥവ്യാപ്തിയുള്ള ഒരു പ്രസ്താവനയാണ്. ഈ ലോകമാകുന്ന കിണററിൽ നിന്നും ലഭിക്കുന്നത് എത്രമാത്രമായിരുന്നാലും അത് കുടിക്കുന്നവർക്കെല്ലാം, അത് വീണ്ടും ലഭിക്കണമെന്ന ദാഹം ഉണ്ടായിക്കൊണ്ടിരിക്കുകയേയുള്ളു.

ലോകത്തിന്റെ ധനം ലഭിക്കുന്നവന്, പിന്നെയും ധനം വേണമെന്ന ദാഹം, ലോകത്തിന്റെ അധികാരം ലഭിക്കുന്നവന്, പിന്നെയും അധികാരം വേണമെന്ന ദാഹം, ലോകപ്രതാപം അധികാരം ലഭിക്കുന്നവന്, അത് പിന്നെയും വേണമെന്ന ദാഹം, ജഢിക സുഖഭോഗങ്ങളിൽ രസിക്കുന്നവർക്ക്, അത് അധികമായി വേണമെന്ന ദാഹം, അങ്ങനെ ഓരോന്നു ചിന്തിച്ചാൽ, ലോകപ്രകാരമുള്ള എന്തും അതിനുള്ള ദാഹം വർദ്ധിപ്പിക്കുകയേയുള്ളു. എന്നാൽ യേശു നൽകുന്നത്, നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയാണ്. അത് നേടിയെടുക്കുവാൻ നാം ശ്രമിക്കേണം. യഥാർത്ഥ അനുഭവത്തിലേക്ക് നാം കടന്നു ചിന്തിച്ചാൽ, നമ്മുടെ നല്ല ഇടയനായ യേശു, നമുക്ക് എന്തെങ്കിലും നൽകുകയല്ല, തന്നേത്തന്നെ നമുക്ക് നൽകിയിരിക്കുകയാണ്. യേശുവിനെ ലഭിച്ചവർ തികച്ചും സംതൃപ്തരാണ്. ലോകപ്രകാരം നമുക്ക് പല കുറവുണ്ടായിരിക്കും. ഒരു പക്ഷെ, പലതും നമുക്ക് ഇല്ലെന്നുതന്നെയിരിക്കും. എന്നാലും നാം സംതൃപ്തരാണ്. തികച്ചും സന്തോഷവരാണ്. എത്ര വലിയ അനുഭവമാണിത്. അനുഭവിക്കുന്നവർക്കു മാത്രമേ അതിന്റെ മാധുര്യം അറിയുവാൻ കഴിയുകയുള്ളു. യേശു ഉണ്ടെങ്കിൽ എല്ലാം ഉണ്ട്. യേശു ഇല്ലെങ്കിൽ ഒന്നിലും തൃപ്തരാകുവാൻ കഴിയുകയില്ല. അതുകൊണ്ടാണ്, ലോകത്തിലെ വെള്ളിയും പൊന്നും മുഴുവൻ ലഭിക്കുന്നതിനേക്കാളും ഏററവും വലിയ സമ്പത്തു ലഭിക്കുന്നതിനേക്കാളും യേശുവിനെ മതിയെന്നു അനേകർ പാടിയത്. അതുകൊണ്ടാണ്, ലോകം മുഴുവൻ എടുത്തുകൊള്ളുക, എന്നിട്ട് യേശുവിനെ തരികയെന്നും പലരും പറഞ്ഞിട്ടുള്ളത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതെ, മുഴുലോകവും ലഭിക്കുന്നതിനേക്കാൾ യേശുവിനെ ലഭിക്കുന്നതാണ് സൗഭാഗ്യം. എന്തെന്നാൽ അതു മാത്രമാണ് ജീവിതത്തിന് സംതൃപ്തി പ്രദാനം ചെയ്യുന്നത്. ഇതു പറഞ്ഞ ദാവീദിന്റെ അനുഭവം നോക്കുക. ലോകപ്രകാരം അവൻ ഒന്നിനും കുറവില്ലാത്തവനും യാതൊരു പ്രയാസവുമില്ലാതെ ജീവിച്ചവനുമായിരുന്നോ? പല അനുഭവങ്ങൾ വച്ചു നോക്കിയാൽ, ദാവീദിനെപ്പോലെ പ്രയാസവും അരിഷ്ടതയും അനുഭവിച്ച അധികമാരും ഇല്ലെന്നു തോന്നിപ്പോകും. എത്രനാൾ അവൻ ശൗലിനെ പേടിച്ച് കാടകളിലും മലകളിലും ഓടി നടക്കുകയും ഗുഹകളിൽ പാർക്കുകയും ചെയ്യേണ്ടി വന്നു. സ്വന്തം മകനിൽ നിന്നു പോലും രക്ഷപ്പെടുന്നതിന് അവൻ ഒരു അനാഥനെയും അരിഷ്ടനെയും പോലെ ഓടിപ്പോകേണ്ടി വന്നു.

എങ്കിലും അവൻ പറയുന്നത്, 'എന്റെ ഇടയനായ യഹോവ എന്നെ പച്ചപുൽപുറത്തു കിടത്തുന്നു' എന്നാണ്. ശൗലിനെ ഭയപ്പെട്ട് ഓടി കാടുകളിൽ ആഹാരമില്ലാതെ കിടന്നപ്പോഴും 'പച്ചപുൽപുറത്തു കിടക്കുന്ന' അനുഭവമായിരുന്നു. സ്വന്തം മകനെ ഭയപ്പെട്ട് ഓടുമ്പോഴും 'പച്ചപുൽപുറത്തു കിടക്കുന്ന' അനുഭവമാണ് അവനുള്ളത്. ശത്രുക്കൾ അവനെ പരിഹസിക്കുകയും മണ്ണ് വാരി എറിയുകയും ചെയ്തപ്പോഴും അവന്റെ അനുഭവം 'പച്ചപുൽപുറത്തു കിടക്കുന്ന' തിന് തുല്ല്യമായിരുന്നു. ഇത് നാം മനസ്സിലാക്കി ജീവിതത്തിൽ ആത്മീയസന്തോഷം കണ്ടെത്തി ജീവിക്കണം. അപ്പോസ്തലനായ പൗലൊസിന്റെ അനുഭവം നോക്കിയാൽ, അദ്ദേഹം അനുഭവിച്ചതുപോലുള്ള കഷ്ടതകൾ ഈ ലോകത്തിൽ അധികംപേർ അനുഭവിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കല്ലേറ്, പട്ടിണി, അടി, നഗ്നത, ആപത്ത്, വാള്, കപ്പൽഛേദം, ഉറക്കിളപ്പ് എന്നുവേണ്ടാ കഷ്ടതയുടെ ഒരു നീണ്ട പട്ടിക തന്നെ വിവരിക്കുന്നുണ്ട്.

പക്ഷെ പിറുപിറുത്തുകൊണ്ടും നെടുവീർപ്പിട്ടുകൊണ്ടും അല്ല അദ്ദേഹം പറയുന്നത്, പ്രത്യുത വിജയത്തിന്റെയും സംതൃപ്തിയുടെയും ധ്വനിയോടെ കൂടെയാണ്. അപ്രകാരമുള്ള അനുഭവങ്ങളുടെയെല്ലാം മദ്ധ്യത്തിലും അദ്ദേഹം തികച്ചും സംതൃപ്തനായിരുന്നു. ലോകപ്രകാരമുള്ള പല കാര്യങ്ങളിലും അദ്ദേഹം കുറവുള്ളവനായിരുന്നു. എന്നാൽ യേശു അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു, ആകയാൽ അദ്ദേഹം സംതൃപ്തനായിരുന്നു. ക്രിസ്തീയ ജീവിതമെന്നു പറയുന്നത് ലോകപ്രകാരം പട്ടുമെത്തയുടെ അനുഭവമല്ല, മറിച്ച് തികഞ്ഞ ആത്മ സംതൃപ്തിയുടെ അനുഭവമാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ലോകപ്രകാരം നേടുന്നതുതൊന്നും ശാശ്വതമല്ലന്നെതാണ് ഇതിന്റെ അടിസ്ഥാന വസ്തുത, അത് കേവലം താൽക്കാലികമാണ്. മനുഷ്യൻ രാപ്പകൽ അദ്ധ്വാനിച്ച് കഷ്ടപ്പെട്ടു നേടുന്നതെല്ലാം എത്രത്തോളം നിലനിൽക്കും. യഥാർത്ഥമായ ആവശ്യത്തിന്റെ വേളകളിൽ അവയൊന്നും നമ്മെ സഹായിക്കുകയില്ല. നാം ഒരിടത്ത് ഏകനായിരിക്കുമ്പോൾ, ഒരു ആപത്തിൽ അകപ്പെടുമ്പോൾ, തീരാവ്യാധിക്ക് വിധേയമായി തീരുമ്പോൾ, നമ്മുടെ സമ്പത്തും സ്നേഹിതരും പണവും പ്രതാപവും സ്ഥാനവും മഹിമയും വീട്ടിലെ അതിമനോഹരമായ ഉപകരണങ്ങളും ഒന്നും നമുക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല. മാത്രമല്ല, ചിലപ്പോൾ അവയെല്ലാം നമുക്ക് കൂടുതൽ വേദനയ്ക്കു മുഖാന്തരമായി തീരാനും ഇടയുണ്ട്. ആ വിധത്തിൽ എത്തുമ്പോഴാണ്,

ഈ ലോകത്തിന്റേതായ കാര്യങ്ങളുടെ പ്രയോജനരാഹിത്യവും മററും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. എന്നാൽ ജീവിതത്തിന്റെ ഏതൊരു രംഗത്തും നമ്മെ സഹായിപ്പാൻ ഒരുക്കമുള്ളവനായി ഒരുവൻ നമ്മോടുകൂടെ ഉണ്ട്. അത് നമ്മുടെ നല്ല ഇടയനായ യേശുവാണ്. ക്ഷേമമമായും സുഖമായിരിക്കുമ്പോൾ മാത്രം നമ്മോടുകൂടെയിരുന്ന് നമ്മെ സഹായിക്കുന്നവനല്ല കർത്താവ്. കഷ്ടകാലത്തിലും അവൻ അടുത്ത തുണയാണ്. മരണനിഴലിൽ താഴ്‌വരയിലും അവൻ കൂടെയുണ്ട്. ജീവിതത്തിന്റെ രംഗത്തു മാത്രമല്ല അവൻ നമ്മെ സഹായിക്കുന്നത്. മരണരംഗത്തും അവൻ നമ്മെ കൈപിടിച്ച് നിത്യതയിലേക്ക് നയിക്കുന്നു. എത്ര ആശ്വാസപ്രദമായ വസ്തുത. ഇത് വ്യക്തമായും മനസ്സിലാക്കിയ സങ്കീർത്തനക്കാരൻ പറയുന്നത്, 'ഈ ഭൂമിയിൽ നിന്നെയല്ലാതെ (ദൈവത്തെയല്ലാതെ) മറ്റൊന്നും ആഗ്രഹിക്കുന്നില്ല' എന്നാണ്. സങ്കീർത്തനങ്ങൾ 72:25 സംതൃപ്തി നൽകുന്നത് യേശു മാത്രമാണ്.

നാം ജീവിതത്തിൽ സംതൃപ്തനാണോ? അല്ലെങ്കിൽ ഇപ്പോൾ തന്നെ ഈ നല്ല ഇടയനായ യേശുവിന്റെ അടുക്കലേക്ക് വരിക. ഈ ലോകത്തിൽ എന്തെല്ലാം സംഭവിക്കട്ടെ, നമ്മുടെ ജീവിതത്തിൽ എന്തും സംഭവിക്കട്ടെ, നമുക്ക് തികച്ചും സംതൃപ്തരായിരിപ്പാൻ കഴിയും. പച്ചപുൽപുറത്ത് കിടക്കുന്ന അനുഭവത്തിൽ നിലനിൽപ്പാൻ സാധിക്കും. സങ്കീർത്തനത്തിൽ വീണ്ടും നാം വായിക്കുന്നത് 'പാറയിൽ നിന്നുള്ള തേൻകൊണ്ട് അവൻ നമുക്ക് തൃപ്തി വരുത്തുന്നു എന്നാണ്. സങ്കീർത്തനം 81:16 പാറയിൽ നിന്നുള്ള തേൻ നമ്മുടെ കർത്താവായ യേശു തന്നെയാണ്. യേശുവാണ് ജീവിതത്തിന് തൃപ്തി നൽകുന്നവൻ, അവന്റെ അടുക്കലേക്ക് വരിക.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശു നൽകുന്നതിനെയല്ല, യേശുവിനെ സ്വീകരിക്കുക, നാം ജീവിതത്തിൽ സംതൃപ്തരായിരിക്കും. അതേ സംതൃപ്തിയോടു ജീവിതം അവസാനിപ്പിക്കുവാനും സാധിക്കും. ആടുകൾ സ്വസ്ഥമായി കിടക്കണമെങ്കിൽ അവ കിടക്കുന്ന സ്ഥലം മലിനപ്പെടാത്തതും ഈർപ്പമില്ലാത്തതും ആയിരിക്കണം. മററു മൃഗങ്ങളെ വളർത്തുന്ന പ്രകാരം ആടുകളെ വളർത്തുവാൻ സാദ്ധ്യമല്ല. മററു ജന്തുക്കൾ കിടക്കുന്നിടത്ത് ആടുകൾ കിടക്കുകയില്ല. നനവും മാലിന്യവും ഉള്ള സ്ഥലങ്ങളിൽ മററ് മൃഗങ്ങൾ കിടന്നേക്കാം, എന്നാൽ ആടുകൾ കിടക്കുകയില്ല. ദൈവജനത്തെ ആടുകളോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത് എന്ന വസ്തുത എത്ര ശ്രദ്ധേയമാണ്. ഏതു സ്ഥാനത്തും ആരുടെ കൂടെയും കഴിയുവാൻ ദൈവജനത്തിന് സാദ്ധ്യമല്ല. പാപത്തിന്റേതായ മാലിന്യവും ലോകയിമ്പങ്ങളാകുന്ന ഈർപ്പമുള്ള സ്ഥാനങ്ങളിൽ സ്വസ്ഥമായി കിടക്കുവാൻ യേശുവിന്റെ ആടുകൾക്ക് കഴിയുകയില്ല. സ്നേഹിതാ, നാം കർത്താവിന്റെ ആടാകുന്നുവെങ്കിൽ, മററുള്ളവരെപ്പോലെ ആയിരിക്കുവാനോ, ജീവിക്കുവാനോ, മററുള്ളവർ ആയിരിക്കുന്ന സ്ഥാനങ്ങളിൽ ആയിരിക്കുവാനേ നമുക്ക് സാധിക്കുകയില്ല.

ലോകയിമ്പങ്ങളിൽ മററുള്ളവർ പ്രമോദിക്കുമ്പോൾ അത് തികച്ചും നമുക്ക് അരോചകമായിരിക്കും. മററുള്ളവർ പാപത്തിൽ ആനന്ദിക്കുമ്പോൾ, അവിടെ നിൽക്കാൻപോലും നമുക്ക് സാധിക്കുകയില്ല. പാപം ചെയ്യുന്നത് പോകട്ടെ, പാപികളുടെ വഴിയിൽ നിൽക്കാൻ പോലും നമുക്ക് സാധിക്കുകയില്ല. ദുഷ്ടത പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്നു മാത്രമല്ല, ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കുവാൻ പോലും നമുക്ക് സാധിക്കുകയില്ല. കാരണം നാം കർത്താവിന്റെ ആടാണ്. നാം യേശുവിന്റെ പൈതലും അവനായി വേർതിരിക്കപ്പെട്ടവരുമാണ്. ഇതുകൊണ്ടാണ് ഇടയൻ ആടുകളെ എവിടെയെങ്കിലും അഴിച്ചു വിട്ടു തീററാതെ, അവയ്ക്കായി പ്രത്യേകമായ പുൽമേടുകൾ തയ്യാറാക്കുന്നത്. ദാവീദ് ഇവിടെ പ്രസ്താവിക്കുന്ന പുൽമേടുകൾ സ്വാഭാവികമായി ഉണ്ടായിട്ടുള്ളവയല്ലെന്നും പ്രത്യേകമായി അദ്ധ്വാനിച്ച് ഉണ്ടാക്കിയിട്ടുള്ളവയാണെന്നും കാണുന്നു. ഈ ലോകത്തിന്റേതായ മാലിന്യങ്ങളും ഈർപ്പവുമുള്ള സ്ഥാനങ്ങളിൽ തന്റെ ആടുകൾ അലഞ്ഞുതിരിയുവാനോ ഞരങ്ങി കൊണ്ട് കഴിഞ്ഞുകൂടുവാനോ കർത്താവ് ആഗ്രഹിക്കുന്നില്ല. അവയ്ക്കായി വളരെയധികം അദ്ധ്വാനിച്ച് നല്ലനിലയിലുള്ള പച്ചപുൽമേടുകൾ അവൻ ഒരുക്കിയിരിക്കുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഈ ലോകം നമുക്ക് സമാധാനമോ സന്തോഷമോ സ്വസ്ഥതയോ നൽകുകയില്ല. ലോകത്തിലേക്ക് നാം ഒന്ന് ഇറങ്ങിനോക്കിയാൽ പലതും അവിടെ ലഭിക്കുമെന്ന് നമുക്ക് തോന്നിയേക്കാം. പല തരത്തിലുള്ള പുല്ലുകൾ അവിടെ വളരുന്നുണ്ടാകാം. ഒരു പക്ഷെ, അവയിൽ കുറച്ചു തിന്ന് വയറ് നിറയ്ക്കുവാൻ നമുക്ക് കഴിഞ്ഞെന്നു വന്നേക്കാം. എന്നാൽ അവിടെ സ്വസ്ഥമായി കിടക്കുവാൻ നമുക്ക് കഴിയുമോ? അവിടെ വിശ്രമം നമുക്ക് ലഭിക്കുമോ? ലോകത്തിലേക്കിറങ്ങി, ലോകഇമ്പങ്ങൾ ആസ്വദിച്ചശേഷം അന്നു സമാധാനമായും സന്തോഷമായും സ്വസ്ഥമായും കിടന്നുറങ്ങുവാൻ നമുക്ക് കഴിയുമോ? നാം ഇന്ന് ഈ അനുഭവത്തിലായിരിക്കുകയാണോ? നാം ഒരിക്കൽ യേശുവിന്റെ ആടുകളായിരുന്നു. ഇപ്പോഴും അങ്ങനെയായിരുക്കുന്നു എന്ന് അഭിമാനിക്കുകയും അനുമാനിക്കുകയും ചെയ്യുന്നു. എന്നാൽ രക്ഷയുടെ സന്തോഷം ഇപ്പോഴും നാം അനുഭവിക്കുന്നുണ്ടോ? ഒരു ദൈവപൈതലിന് ഉ ായിരിക്കേണ്ടതായ സ്വസ്ഥതയും സമാധാനവും നമുക്ക് ഇപ്പോഴും അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ സ്ഥാനം വിട്ട് നാം അല്പം ലോകത്തിലേക്ക് ഇറങ്ങിപ്പോയില്ലേ? അവിടെ കാണുന്ന പുല്ല്, ആരും കാണാതെ ഭക്ഷിച്ചിട്ട്, ആരും കാണാതെ മടങ്ങി വന്നിട്ട്, പഴയ സ്ഥാനത്തു കിടക്കാമെന്നും വിശ്രമിക്കാമെന്നും നാം വിചാരിച്ചു.

അക്ഷരപ്രകാരം അങ്ങനെ ചെയ്യുകയും ചെയ്തു. പക്ഷെ, നമ്മുടെ ഹൃദയം ഇന്നു നീറുകയല്ലേ? സമാധാനവും സന്തോഷവും നമ്മെ വിട്ടു പോയിരിക്കുകയല്ലേ? അസ്വസ്ഥത നമ്മെ ബാധിച്ചിരിക്കുകയല്ലേ? മററാരും ഈ വസ്തുത അറിഞ്ഞിട്ടില്ല എന്നതു ശരിയാണ്. പക്ഷെ, നാം അസ്വസ്ഥനാണ്. ഒരു കാര്യം നാം വ്യക്തമായി മനസ്സിലാക്കുക. ലോകത്തിന്റെ പുൽമേടുകളിൽ നിന്നും ഭക്ഷിച്ചതിനുശേഷം, കർത്താവിന്റെ പുൽമേടുകളിൽ വന്ന് കിടന്ന് അയവിറക്കാൻ നമുക്ക് സാധിക്കുകയില്ല. ലോകത്തിന്റെ പുൽമേടുകളിൽ നിന്നും പുല്ലു തിന്നാമെന്നല്ലാതെ, അവിടെ കിടക്കുവാനോ അയവിറക്കുവാനോ കഴിയുകയില്ലായെന്നു നമുക്കറിയാം. അവിടെ പലതും ആസ്വദിക്കുവാനുണ്ട്, പക്ഷെ അവിടെ നമുക്ക് ആനന്ദിക്കുവാൻ കഴിയുകയില്ല. അവിടെ പലതും ലഭിക്കും, എന്നാൽ ആശ്വാസം ലഭിക്കുകയില്ല. സ്നേഹിതാ, ശ്രദ്ധിക്കുക ലോകമാം പുൽമേടുകളിൽ കിടക്കുവാൻ സ്ഥലമില്ല. തികഞ്ഞ അസ്വസ്ഥതയോടെയും അരാജകത്വത്തിന്റെയും ജീവിതം അവസാനിപ്പിക്കുക മാത്രമേ കരണീയാമായിട്ടുള്ളു. എന്നാൽ യേശുവിന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന പുല്ലുമേടുകളിൽ പുല്ലുകൾ മാത്രമല്ല, പുല്ലു തിന്നതിനുശേഷം അവിടെ കിടന്ന് അയവിറക്കുവാനും സ്ഥലമുണ്ട്. കർത്താവ് തന്റെ ജനത്തിനായി പ്രത്യേകാൽ ഒരുക്കിയിരിക്കുന്നതാണിത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

തന്റെ ആടുകൾ അവിടെ തിന്നു തിന്ന് അവിടെ തന്നെ കിടക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. അവിടെ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട്. യേശുവിന്റെ രക്തമാകുന്ന വേലി അതിനു ചുററിനും കെട്ടിയിട്ടുണ്ട്. സ്വർഗ്ഗീയ ദൂതന്മാരാകുന്ന പടയാളികൾ അതിന് ചുററും കാവലുണ്ട്. അതിനുള്ളിൽ മാലിന്യമില്ല, ഈർപ്പമില്ല. ശരിയായ രീതിയിൽ തന്നെ ഇടയൻ അതിനെ സംരക്ഷിക്കുന്നു. ഇടയന്റെ ശ്രദ്ധ എപ്പോഴും അവിടെയുണ്ട്. എത്ര ശ്രേഷ്ഠമേറിയ അനുഭവം. ലോകമാം പുൽമേടുകളിൽ നിന്ന് തിന്നിട്ട് കർത്താവിന്റെ പുൽമേടുകളിൽ വിശ്രമിക്കാൻ വിചാരിക്കുന്ന ചിലരുണ്ട്. രണ്ട് തോണിയിൽ കാൽ ചവിട്ടുവാൻ വിചാരിക്കുന്നവരാണവർ. ഒരേ സമയം ദൈവത്തെയും മാമ്മോനെയും അഥവാ ദൈവത്തെയും ലോകത്തെയും സേവിപ്പാൻ ശ്രമിക്കുന്നവരാണവർ, അപ്രകാരം നമുക്ക് സാധിക്കുകയില്ല എന്ന വസ്തുത വ്യക്തമായും മനസ്സിലാക്കുക. ദൈവത്തെയും സാത്താനെയും ഒരേ സമയം അനുസരിപ്പാനും പ്രസാദിപ്പാനും നമുക്ക് സാധിക്കുകയില്ല. ദൈവത്തെ അനുസരിക്കണമെങ്കിൽ, സാത്താനോട് അനുസരണക്കേട് കാണിച്ചേ മതിയാകുള്ളു. ദൈവത്തോട് അനുസരണക്കേട് കാണിക്കാതെ, സാത്താനെ അനുസരിപ്പാനും നമുക്ക് സാധിക്കുകയില്ല. ഒരോ സമയം രണ്ടു യജമാനന്മാരെ സേവിപ്പാൻ നമുക്ക് കഴിയുകയില്ല.

യേശുവിന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്ന പുൽമേടുകൾ എത്രയോ ശ്രേഷ്ഠമേറിയവയാണ്. മുൻപ് നാം കണ്ടപ്രകാരം അവിടെ ഭയമില്ല. ലോകത്തിന്റേതായ ഒരു ക്ഷുദ്രജീവിയും ദൈവജനത്തെ അലട്ടുകയില്ല. സംതൃപ്തിയുടെ അനുഭവം അവിടെ എപ്പോഴും നിലനിൽക്കുന്നു. സമ്പൂർണ്ണമായി വിശ്രമിക്കുന്നതിന് തടസ്സമായി അവിടെ യാതൊന്നുമില്ല. സ്നേഹിതാ, ഇതിലധികം നമുക്ക് എന്താണ് വേണ്ടത്? നാം ഇപ്പോൾ ഈ അനുഭവത്തിലായിരിക്കുന്നവോ? ലോകത്തിലെ വലിയ പുല്ലുകളുടെ പിന്നാലെ നാം പോകരുത്. അവിടെ വിശ്രമമില്ല. അത് നമ്മെ സംതൃപ്തനാക്കുകയില്ല. യേശു ഒരുക്കിയിരിക്കുന്നത് ചതപ്പുനിലമല്ല. പാപത്തിൽ നിന്നും മാലിന്യത്തിൽ നിന്നും നമ്മെ നാൾതോറും ശുദ്ധീകരിക്കുകയും അതിൽ നിലനിർത്തുകയും ചെയ്യുന്നതിന് പര്യാപ്തമായ ഒരു ഉറവ അവിടെയുണ്ട്. അത് കാൽവറിയിൽ തുറക്കപ്പെട്ട ഉറവയാണ്. ആ ഉറവ ഈ പുൽമേടുകളിലല്ലാതെ മറെറാരിടത്തും ലഭ്യമല്ല. ഈ അനുഭവത്തെപ്പററി സങ്കീർത്തനക്കാരൻ പറയുന്നത്, 'ദൈവമേ, എങ്കിലും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു, നീ എന്റെ വലങ്കൈക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നെത്തേതിൽ എന്നെ മഹത്വത്തിലേക്ക് കൈക്കൊള്ളും' എന്നാണ്. സങ്കീർത്തനങ്ങൾ 73:24.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

എത്ര ശ്രേഷ്ഠമേറിയ അനുഭവമാണിത്. ഈ പുൽമേടുകളിൽ ആയിരിക്കുന്നവർ ദൈവത്തിന്റെ അടുക്കലാണിരിക്കുന്നത്. ദൈവത്തിന്റെ വലംകൈ അവരെ പിടിച്ചിരിക്കുന്നു. ഇത്ര ശ്രേഷ്ഠമേറിയ അനുഭവം മറ്റൊരിടത്തും കാണുവാൻ സാധിക്കുകയില്ല. ഇത്രമാത്രം ശ്രേഷ്ഠമേറിയ പുൽമേടുകളിലൂടെ നമ്മെ നടത്തുവാൻ പ്രസാദിച്ച ദൈവത്തിന് സ്തോത്രം. ഈ അനുഭവത്തിൽ ആയിരിക്കാതെ, നിലനിൽക്കാതെ ആയിരിക്കുന്ന പ്രിയമുള്ളവരേ! ഈ നല്ല ഇടയൻ നമ്മെ സ്നേഹമായി ക്ഷണിക്കുന്നു. അവൻ ഒരുക്കിയിരിക്കുന്ന പച്ച പുൽമേടുകളിൽ നമുക്ക് കിടക്കാം. അവിടേക്ക് പോകാം. ലോകത്തിൽ അലയുന്നത് നിർത്തുക. യേശുവിന്റെ പാദത്തിങ്കൽ പോകാം. നിത്യവിശ്രമവും സന്തോഷവും ആശ്വാസവും സ്വസ്ഥതയും അനുഭവിക്കാം. സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നമ്മെ നടത്തുന്നു. ഭക്ഷിക്കുവനായി പച്ചപുല്ലുകൾ എത്രമാത്രം ഉണ്ടായിരുന്നാലും ആടുകൾക്ക് ജീവിക്കുവാൻ വെള്ളം കൂടെ ആവശ്യമാണ്. കിടക്കുന്നത് അതിമനോഹരമായ പച്ചപുൽമേടുകളിലായിരിക്കും. പക്ഷേ അതിന്റെ സമൃദ്ധികൊണ്ടു മാത്രം ജീവൻ നിലനിൽക്കുകയില്ല.

ആവശ്യത്തിന് പച്ചപുൽ ഭക്ഷിച്ചതിനുശേഷം അവിടെ നിന്നും വെള്ളത്തിനരികത്തേക്ക് പോകേണ്ടത് ആടുകളുടെ ജീവിതത്തിൽ ഒഴിച്ചു കൂടുവാൻ പാടില്ലാത്ത ആവശ്യവും കർത്തവ്യവുമാണ്. ഇത് അറിയാവുന്ന ഇടയൻ, ആടുകൾ പുല്ലു തിന്നുന്ന സമയം നോക്കി അവയ്ക്കു പററിയ ജലം എവിടെയുണ്ടെന്നു കണ്ടു പിടിക്കുകയും പുല്ലുകളുടെ ഇടയിൽ നിന്ന് അവയെ സാവകാശം വെള്ളത്തിനരികിലേക്ക് നയിക്കുകയും ചെയ്യുന്നു. വെള്ളം കുടിക്കാതെ ഒരു ദിവസംപോലും തള്ളി നീക്കുവാൻ കഴിയുന്ന മൃഗമല്ല ആട്. മരുപ്രദേശങ്ങളിലുള്ള ചില ജന്തുക്കൾക്ക് അനേകം നാളുകൾ വെള്ളം കുടിക്കാതെ ജീവിക്കുവാൻ കഴിയും. ഒട്ടകങ്ങൾക്കാണെങ്കിൽ ഒരിക്കൽ ആമാശയത്തിൽ വെള്ളം സംഭരിച്ചു വച്ചിട്ട് അത് വിനിയോഗിച്ച് അനേകദിവസങ്ങൾ വെള്ളമില്ലാതെ മരുഭൂമിയിലൂടെ യാത്ര ചെയ്യുവാൻ കഴിയും. എന്നാൽ ആടുകൾ അവയിൽ നിന്നെല്ലാം വ്യത്യസ്ഥമാണ്. സമയത്ത് വെള്ളം ലഭിക്കാതിരുന്നാൽ ആട് വാടി തളർന്നുപോകും. ഒരു ദൈവപൈതലിനെ ആടിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നത് എത്ര അർത്ഥവത്താകുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവം ഒരുക്കിയിരിക്കുന്ന ആത്മീയഭോജനം ഭക്ഷിക്കുക മാത്രമല്ല, ആത്മീയപാനീയം ദിനം തോറും കുടിക്കേണ്ടതും ആടുകൾക്ക് ആവശ്യമാണ്. ആത്മീയജലം, ആത്മാവിനെ തന്നെ പാനം ചെയ്യാത്ത ഒററ ദിവസം പോലും ജീവിക്കേണ്ടവിധം ജീവിക്കുവാൻ ഒരു ദൈവപൈതലിനും സാധിക്കുകയില്ല. ആടിന്റെ ശരീരത്തിൽ 70% ജലമാകുന്നുവെന്ന് ശരീരശാസ്ത്രജ്ഞന്മാർ പറയുന്നു. ശരീരത്തിന്റെ ഓരോ സെല്ലും വെള്ളത്താൽ നിറയപ്പെട്ടിരിക്കുന്നു. ശരീരത്തിന്റെ ഏതൊരു അവയവും യഥാവിധി പ്രവൃത്തിക്കുന്നതിന് ജലാംശം ക്രമീകൃതമായ നിലയിൽ തുടരേണ്ടത് ആവശ്യമണ്. ശരീര അദ്ധ്വാനത്തിലും ആയാസത്തിലും ആയിരിക്കുമ്പോൾ അല്പാല്പം വെള്ളം നഷ്ടപ്പെടുകയും ജലത്തിന്റെ സമീകൃത നിലയ്ക്കു വ്യത്യാസം വരികയും ചെയ്യുന്നു. അങ്ങനെ നഷ്ടപ്പെടുന്ന ജലത്തിന്റെ സ്ഥാനത്ത് വീണ്ടും ജലം എത്തിച്ചേർന്നു കൊണ്ടിരിക്കുന്നില്ലെങ്കിൽ ശരീര അവയവങ്ങൾ തളർന്നു വീണുപോകുവാൻ ഇടയാകും. ചുരുക്കി പറഞ്ഞാൽ, ശരീരത്തിലുള്ള വെള്ളത്തിന്റെ അടിസ്ഥാനത്തിലാണ് ശരീരത്തിന്റെ ബലവും പ്രവർത്തനശേഷിയും സ്ഥിതി ചെയ്യുന്നത്.

ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഇതെല്ലാം വളരെ പ്രധാനമാണ്. ഒരുവന്റെ ആത്മീയവയവങ്ങൾ ക്രമീകൃതമായ നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കണമെങ്കിൽ, ആത്മീയജലം യഥാസമയം കുടികൊണ്ടിരുന്നേ മതിയാകുകയുള്ളു. ഓരോ ദിവസവുമുള്ള ജീവിതത്തിന്റെ ഫലമായി വെള്ളത്തിന്റെ അളവ് ക്രമേണ കുറഞ്ഞുകൊണ്ടിരിക്കും. നമ്മുടെ ശരീരത്തിൽ ഓരോ നിമിഷവും ജലാംശം അല്പാല്പമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അദ്ധ്വാനിക്കുമ്പോൾ അത് കൂടുതലായി നഷ്ടപ്പെടുകയും ചെയ്യുന്നു. അത് നാം അറിയുന്നില്ല. പക്ഷെ, ആ പ്രക്രീയ ശരീരത്തിൽ നിർബാധം നടന്നുകൊണ്ടിരിക്കുകയാണ്. ഒടുവിൽ ദാഹിക്കുമ്പോൾ മാത്രമേ നാം അത് മനസ്സിലാക്കുകയുള്ളു. ശരീരത്തിലുള്ള ജലാംശം കുറെ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ആ ഭാഗം വിളിച്ചു പറയുന്നു. അപ്പോൾ നാം വെള്ളം കുടിക്കുവാൻ തയ്യാറാകുന്നു. അല്ലെങ്കിൽ നമ്മുടെ നിലനില്പ് തന്നെ അപകടത്തിലാണ്. ദാഹിക്കുമ്പോൾ വിശ്രമിച്ചാൽ മതിയെന്നു വിചാരിച്ചാൽ അതും ശാശ്വതമായ പരിഹാരമല്ല.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആത്മീയജലപാനം ചെയ്യാത്ത ഒരു വിശ്വാസിക്കും നിലനിൽപാൻ സാദ്ധ്യമല്ല. ആത്മീയജലത്തെ അവഗണിക്കുന്നവരുടെയെല്ലാം ആത്മീയനിലനിൽപും തികച്ചും അപകടത്തിലാണ്. ആത്മീയജലത്തെ – ആത്മാവിനെ – അവഗണിക്കാതെ അതിന് അതിന്റേതായ പ്രാധാന്യം കൊടുക്കുവാൻ തയ്യാറാകണം. ആടുകൾക്ക് ആവശ്യമുള്ള വെള്ളം കണ്ടുപിടിക്കുന്നത് ആടുകൾ തന്നെയല്ല. അത് കണ്ടുപിടിക്കുന്നതും അവിടേക്ക് ആടുകളെ നയിക്കുന്നതും ഇടയന്റെ കർത്തവ്യമാണ്. ഇടയൻ അത് യഥാവിധി നിർവഹിക്കുകയും ചെയ്യുന്നു. ആടുകൾ തന്നെ ജലം കണ്ടുപിടിക്കുവനായി ശ്രമിച്ചാൽ, കണ്ണിൽ കാണുന്ന ഏത് ജലവും തിരഞ്ഞെടുക്കുവാൻ ശ്രമിക്കും, അത് പലപ്പോഴും അശുദ്ധവും മാലിന്യവും ആയിരിക്കും. ചിലപ്പോൾ രോഗാണുക്കൾ നിറയപ്പെട്ട ജലമായിരിക്കും. അപ്രകാരം ഉപയോഗ യോഗ്യമല്ലാത്ത ജലം കുടിക്കുന്നതിനാൽ ആടുകൾക്ക് അസ്വസ്ഥതകൾ വന്നേക്കാം. അതുകൊണ്ട് ഇടയൻ തന്നെ ജലം തിരഞ്ഞെടുക്കുകയും ആടുകളെ അവിടേക്ക് നയിക്കുകയും ചെയ്യുന്നു. ആടുകളുടെ ഏക കർത്തവ്യം ഇടയനെ പിൻപററുകയും അനുഗമിക്കുകയും ചെയ്യുക എന്നതാണ്.

ഈ വസ്തുതകൾ അറിയാവുന്ന നമ്മുടെ നല്ല ഇടയനായ യേശു, ആവശ്യമായ ജീവജലത്തിന്റെ ഉറവ നമുക്കായി ക്രമീകരിച്ചിട്ടുണ്ട്. നമുക്കുവേണ്ടി അതിമനോഹരമായ പുൽമേടുകളെ ഒരുക്കിയവനായ ആ നല്ല ഇടയൻ സ്വസ്ഥതയുള്ള വെള്ളവും നമുക്കായി ഒരുക്കിയിരിക്കുന്നു. ആടുകളുടെ നല്ല ഇടയനായി യേശു മാത്രമേ ഉള്ളു എന്നതിനാൽ ആടുകൾക്കുവേണ്ടി ശുദ്ധജലം ഒരുക്കുവനായിട്ട് അവൻ മാത്രമേയുള്ളു. എന്നാൽ ആത്മീയദാഹമുള്ള അനേകം ജനങ്ങൾ ഇന്ന് ഒന്നുകിൽ സ്വയമായി ജലം കണ്ടുപിടിക്കുവാനോ അല്ലെങ്കിൽ അറിയാതെ തന്നെ മറേറതെങ്കിലും കള്ള ഇടയന്മാരുടെ പിന്നാലെ പോകുവാനോ ശ്രമിക്കുന്ന ദയനീയ കാഴ്ച നമുക്ക് കാണുവാൻ സാധിക്കും. ആത്മീയദാഹം ശമിപ്പിക്കുവാൻ പലരും പല മാർഗ്ഗങ്ങൾ ആരായുന്നു. അവയുടെ പിന്നാലെ പായുന്നു. ലോകപ്രകാരമുള്ള എന്തെങ്കിലും കാര്യങ്ങളാൽ തങ്ങളുടെ ദാഹം ശമിപ്പിക്കാമെന്ന ചിന്തയിൽ അവർ പലതിന്റെയും പിന്നാലെ പോകുന്നു. ഒടുവിൽ നിരാശരായി നിലം പതിക്കുകയും ചെയ്യുന്നു.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സ്നേഹിതാ, ആത്മീയദാഹം ശമിപ്പിക്കുവാൻ പര്യാപ്തനായ ഒരുവനേയുള്ളു. അത് നമ്മുടെ നല്ല ഇടയനായ യേശുവാണ്. അവനെ സമീപിക്കുക. അത് മാത്രമേ നമുക്ക് കാരണീയമായിട്ടുള്ളു. മററു പലർ, സ്വന്തപരിശ്രമത്താൽ ഈ ജീവജലം കണ്ടെത്തുവാൻ ശ്രമിക്കുന്നുണ്ട്. അവരെപ്പററി വിശുദ്ധ വേദപുസ്തകം വ്യക്തമായി പറയുന്നു. യിരമ്യപ്രവചനം 2-ാം അദ്ധ്യായത്തിൽ 13-ാം വാക്യം ശ്രദ്ധിക്കുക. അവിടെ പ്രവാചകൻ ഇപ്രകാരം പറയുന്നു, 'എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ, പൊട്ടകിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു'. ദൈവജനമെന്ന്, ഇന്നത്തെ ഭാഷയിൽ ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ ചെയ്യുന്ന ഭയങ്കരമായ ദോഷത്തെപ്പററിയാണ് ഇവിടെ പ്രവാചകൻ പറയുന്നത്. ജീവന്റെ ഉറവിടമായ യേശു ഒരുക്കിയിരിക്കുന്ന മാർഗ്ഗം അവർക്കു വേണ്ടാ, അതിനെ മാററി വെച്ചിട്ട് തങ്ങൾ തന്നെ ആവശ്യമായ വെള്ളം കണ്ടുപിടിക്കാമെന്ന് ചിന്തിച്ച് ആ നിലയിൽ പരിശ്രമിക്കുന്നു.

അങ്ങനെ അവർ ദൈവവചനത്തിൽ നിന്നും അന്യപ്പെട്ട് തങ്ങളുടേതായ കിണറുകൾ കുഴിക്കുവനായി ശ്രമിക്കുന്നു. അഹോരാത്രം അതിനുവേണ്ടി അദ്ധ്വാനിക്കുന്നു. പക്ഷെ, തങ്ങൾ കുഴിക്കുന്നതോ വെറും പൊട്ടകിണറുകൾ മാത്രം. ദൈവവചനവും ദൈവം വച്ചിരിക്കുന്ന വ്യവസ്ഥകളും വിട്ടിട്ട് സ്വന്തം സമുദായത്തിന്റെ പാരമ്പര്യത്തിനും അനുഷ്ഠാനങ്ങൾക്കും പഠിപ്പിക്കലിനും അനുസരിച്ചുള്ള പൊട്ടകിണറുകളെ കുഴിച്ചുകൊണ്ടിരിക്കുന്ന അനേകരെ ഇന്നു കാണുവാൻ കഴിയും. തങ്ങൾ കുഴിക്കുന്ന കിണററിൽ എന്നെങ്കിലും വെള്ളം കണ്ടെത്തുമെന്നായിരിക്കാം അവർ വിചാരിക്കുന്നത്. എന്നാൽ കുഴിക്കുന്നത് പൊട്ടക്കിണറുകൾ മാത്രമാണ്. ദൈവവചനത്തിന്റെ വ്യവസ്ഥ വിട്ട് ആത്മീയശാന്തിയും പോഷണവും കണ്ടെത്താമെന്ന് ചിന്തിച്ച് കഴിയുന്ന സ്നേഹിതാ, ശ്രദ്ധിക്കുക ശരിയായ ജലം ഏതെന്ന് ഇടയനു മാത്രമേ അറിയാവൂ. അത് അവൻ കരുതിയിട്ടുണ്ട്. നാം തന്നെ അത് കുഴിക്കേണ്ടതില്ല. അതെല്ലാം ഇടയൻ ശ്രദ്ധിക്കുന്നുണ്ട്. ആ ഇടയനെ അനുഗമിക്കുക. ആ നല്ല ഉറവയിൽ നാം നിഷ്പ്രയാസം എത്തിച്ചേരും.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഈ വിധം കിണറുകളെ കുഴിച്ചുകൊണ്ടിരിക്കുന്ന ജനത്തിന്റെ ചിത്രമാണ് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ കാണുന്നത്. അവർ പെരുന്നാളിനും ഉത്സവത്തിനായും കൂടി. മതം അനുശാസിക്കുന്നതെല്ലാം അനുഷ്ഠിച്ചു. ഒടുവിൽ ഒടുക്കത്തെ നാളായി. ആർക്കും ദാഹശമനം ഉണ്ടായില്ല. ഇതു കണ്ട നല്ല ഇടയനായ യേശു വിളിച്ചു പറഞ്ഞു, 'ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ'. ദാഹശമനത്തിനായി പല വഴിക്ക് പായുന്ന, പല വഴികൾ പരിശോധിക്കുന്ന സ്നേഹിതാ, ഇതാ നല്ല ഇടയന്റെ ധ്വനി വീണ്ടും മുഴങ്ങുന്നു. നമുക്ക് ആത്മീയദാഹമുണ്ടോ? യേശുവിന്റെ അടുക്കൽ വരിക. അവിടെ നിന്നും കുടിക്കുക. അവിടെ ജീവന്റെ സമൃദ്ധിയുണ്ട്. തികഞ്ഞ സംതൃപ്തിയുണ്ട്. ദാഹിച്ചു വരണ്ട നമ്മുടെ വായിൽ കുളിർമയും ശരീരത്തിന് ഉന്മേഷവും ശുഷ്കിച്ച ആത്മാവിന് പരിപോഷണവും അവിടെയുണ്ട്. നമ്മുടെ നല്ല ഇടയനായ യേശു വിളിച്ചു പറയുന്നു, 'ദാഹിക്കുന്ന ഏവനും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.' വിശുദ്ധ യോഹന്നാൻ 7:37,38.

ദാഹശമനത്തിനുള്ള ജലം ദൈവാലയത്തിലെ ഉത്സവങ്ങളിൽ പങ്കെടുക്കുന്നതിനാലോ വഴിപാടുകൾ അർപ്പിക്കുന്നതിനാലോ ആചാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിനാലോ ലഭിക്കുന്നതല്ല. പലരും അപ്രകാരം ചെയ്തനന്തരം അധികദാഹത്തോടെ കൂടെ ക്ഷീണിച്ചു തളർന്നവരായി അവിടെ നിന്നും പിൻതിരിയുകയാണ്. പിന്നെ ദാഹശമനത്തിനുള്ള ജലം എവിടെ ലഭിക്കും. ദൈവത്തിന്റെ പുത്രനായ യേശുവിങ്കൽ നിന്നു മാത്രമേ അത് ലഭിക്കുകയുള്ളു. അതുകൊണ്ടാണ്, ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ എന്ന് യേശു പറഞ്ഞത്. അവന്റെ അടുക്കൽ ചെന്നു കുടിക്കുന്നതിന് വിശ്വാസം ആവശ്യമാണ്. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും.' എന്നു യേശു പറഞ്ഞതിന്റെ കാരണം അതാണ്. നിറഞ്ഞശേഷമേ കവിഞ്ഞു ഒഴുകയുള്ളല്ലോ.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിൽ വിശ്വസിക്കുന്നവന്റെ ഉള്ളം ആ ജലത്താൽ നിറയപ്പെടും എന്നു മാത്രമല്ല, നിറഞ്ഞു കവിയുന്ന അനുഭവവും ഉണ്ടാകും. എത്രയോ ശ്രേഷ്ഠമായ അനുഭവം. ആ ജലത്തിന്റെ അടുത്തേക്ക് നല്ല ഇടയനായ യേശുവിന്റെ ആടുകളെ നയിക്കുന്നു. യേശു പറഞ്ഞതും മനുഷ്യന്റെ ആത്മീയദാഹശമനം വരുത്തുവാൻ പര്യാപ്തമായ ഈ ജലം ദൈവത്തിന്റെ ആത്മാവു തന്നെയാണ്. യേശു ഇതേപ്പററി പറയുമ്പോൾ, ആത്മാവ് അതിന്റേതായ നിലയിൽ വന്നിരുന്നില്ല. കാരണം അവൻ അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായിരുന്നു. യേശു തേജസ്ക്കരിക്കപ്പെട്ട ശേഷം ഭൂമിയിലേക്കു വരേണ്ടിയിരുന്നതും വിശ്വസിക്കുന്നവർക്ക് ലഭിക്കാതിരുന്നതുമായ ആത്മാവിനെ കുറിച്ചാണ് നല്ല ഇടയനായ യേശു അന്നു പറഞ്ഞത്. തേജസ്ക്കരിക്കപ്പെട്ടത് അവൻ ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേററ് സ്വർഗ്ഗരോഹണം ചെയ്തതോടുകൂടെ ആയിരുന്നല്ലോ. അങ്ങനെ അവൻ സ്വർഗ്ഗരോഹണം ചെയ്തശേഷം അഥവാ യേശു തേജസ്ക്കരിക്കപ്പെട്ട ശേഷം വന്നവനായ ആത്മാവിന്റെ അനുഭവം എന്താകുന്നുവെന്ന് വചനം വ്യക്തമായി പ്രസ്താവിക്കുന്നു. ഇത് സംബന്ധിച്ച് യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ – പരിശുദ്ധാത്മാവ് – നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. വിശുദ്ധ യോഹന്നാൻ 16:7.'ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറെറാരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും. വിശുദ്ധ യോഹന്നാൻ 14:16. നമ്മുടെ നല്ല ഇടയനായ യേശു തന്നെയാണ് ഈ ആത്മജലം കണ്ടുപിടിച്ചതെന്നും അവൻ തന്നെയാണ് ഇതിനെ തന്റെ ആടുകൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും അവയെ അതിന്റെ അടുക്കലേക്ക് നയിക്കുകയും ചെയ്യുന്നതെന്നും ഇതിൽ വ്യക്തമാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നത് തന്റെ ആടുകൾക്ക് പ്രയോജനമാണെന്ന് യേശു പറഞ്ഞു. കാൽവറിയിൽ താൻ തന്റെ ആടുകൾക്കായി ജീവനെ മറുവിലയായി ഏല്പിച്ചു നേടിയ നിത്യജീവന്റെയും വീണ്ടെടുപ്പിന്റെയും അനുഭവത്തിൽ നിന്നും വ്യത്യസ്തമായ ഒരനുഭവമാണ്. തന്റെ സർഗ്ഗാരോഹണത്താലും തദ്വാരായുള്ള മഹത്വീകരണത്താലും അവൻ തന്റെ അത് ആടുകൾക്കുവേണ്ടി നേടിയത്. തന്റെ ആടുകൾക്ക് ഒരിക്കലും ക്ഷീണമോ തളർച്ചയോ ഉണ്ടാകാതെ ഉറച്ച് നിന്ന് ജീവിക്കുക മാത്രമല്ല, പ്രവൃത്തിക്കുകയും കൂടി ചെയ്യേണ്ടതിന് ആവശ്യമായ ജലം പ്രദാനം ചെയ്യുക എന്നതായിരുന്നു അത്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവിക കരുതലുകളുടെ മൂന്നു പ്രത്യേകതകൾ: ദൈവിക കരുതൽ വ്യക്തിപരമാണ്. അത് ക്രിയാത്മകമാണ്. അത് സമ്പൂർണ്ണമാണ്. ദൈവം സകല ആവശ്യങ്ങൾക്കും മതിയായവൻ. ദൈവം വിശ്രമവും ഉന്മേഷവും നൽകുന്നു. ദൈവം സംരക്ഷണം നൽകുന്നു, ആശ്വസിപ്പിക്കുന്നു. ദൈവം പ്രത്യാശ നൽകുന്നു. സൗഖ്യം നൽകുന്നു, സമൃദ്ധി നൽകുന്നു. നിറഞ്ഞു കവിഞ്ഞ ജീവിതസംതൃപ്തി നൽകുന്നു. ഭാവിയിൽ അനിശ്ചതത്വമില്ല. ദൈവം നൽകുന്ന സ്ഥിരമായ നന്മയും ദൈവത്തിന്റെ തീർന്നുപോകാത്ത കരുണയും അവസാനം യഹോവയുടെ ആലയത്തിൽ തന്നോടുകൂടെ കഴിയാമെന്നുള്ള ഉറപ്പും ലഭിച്ചിരിക്കുന്നു. അതെ, കാൽവറിയിൽ മരിക്കയും അടക്കപ്പെടുകയും മൂന്നാം നാൾ ജയത്തോടെ കൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശു നാല്പതു നാൾ വീണ്ടും ഈ ലോകത്തിൽ തന്റെ ശിഷ്യന്മാരോട് കൂടെ ആയിരുന്ന യേശു അവർ കാൺകെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. അപ്രകാരം മഹത്വീകരിക്കപ്പെട്ട യേശു, സ്വർഗ്ഗത്തിൽ അവന് മുമ്പുണ്ടായിരുന്ന എല്ലാ മഹത്വങ്ങളും തിരികെ പ്രാപിച്ചു, പോകുമ്പോൾ അവൻ ശിഷ്യന്മാരെ ഓർമ്മിപ്പിച്ചു, 'നിങ്ങൾ യരുശലേമിൽ നിന്നും വാങ്ങിപോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം.' അത് കേട്ടപ്പോൾ തന്നെ അവൻ എന്തിനെപ്പററിയാകുന്നു പറയുന്നതെന്ന് അവർക്ക് മനസ്സിലായികാണും.

സ്വർഗ്ഗത്തിലേക്ക് പോയി കഴിഞ്ഞാൽ, പിതാവിനോട് ചോദിച്ച് മററൊരു കാര്യസ്ഥനെ അയക്കാമെന്ന അവന്റെ വാക്കുകൾ അവരുടെ മനസ്സിൽ ഓടിയെത്തിക്കാണും. തൻ നിമിത്തം യേശു സ്വർഗ്ഗത്തിലേക്ക് പോയിക്കഴിഞ്ഞ് അല്പസമയം പോലും പാഴാക്കി കളയാതെ അവർ യരുശലേമിലെ മാളിക മുറിയിലേക്കു പോയി. പിതാവിന്റെ സന്നിധിയിലെത്തിയ യേശു, താൻ സ്വശിഷ്യന്മാരോട് ചെയ്ത വാഗ്ദത്തം മറന്നുപോകുന്നില്ല. അവൻ പിതാവിനോട് ചോദിച്ചു. പിതാവ് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയക്കുവാൻ തയ്യാറായി. ഇങ്ങനെ ഭൂമിയിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ ഒരുങ്ങികൊണ്ടിരിക്കുമ്പോൾ, അങ്ങ് സ്വർഗ്ഗത്തിൽ ആ പരിശുദ്ധാത്മാവിനെ അയക്കുവാൻ ദൈവം ഒരുങ്ങുകയായിരുന്നു. സ്വീകരിക്കുവാൻ ഭൂമി ഒരുങ്ങുമ്പോൾ, അയക്കുവാൻ സ്വർഗ്ഗം തയ്യാറാകും എന്നത് എത്രയോ ശ്രേഷ്ഠമായ വസ്തുതയാണ്. സ്നേഹിതാ, ദൈവികാനുഗ്രഹങ്ങളെ സ്വീകരിപ്പാൻ നാം ഒരുങ്ങുമ്പോൾ, അതിനെ അയക്കുവാൻ സ്വർഗ്ഗം ഒരുങ്ങുന്നു. നാം എന്തെങ്കിലും പ്രാപിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം സ്വർഗ്ഗം തയ്യാറാകത്തതല്ല, നാം ഒരുങ്ങാത്തതാണ്. നാം ഒരുങ്ങുക. അപ്പോൾ സ്വർഗ്ഗം തയ്യാറായി കഴിഞ്ഞിരിക്കുന്നതായി നമുക്ക് മനസ്സിലാകും.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതെ ശിഷ്യന്മാർ ഒരുങ്ങിപ്പോഴക്കും സ്വർഗ്ഗം തയ്യാറായി കഴിഞ്ഞു. യേശുവിന്റെ അപേക്ഷപ്രകാരം പിതാവായ ദൈവം പരിശുദ്ധാത്മാവിനെ ശിഷ്യഗണത്തിന്മേൽ അയച്ചു. ആ മാളിക മുറിയിലേക്ക് ആത്മാവ് അന്ന് – ആ പെന്തിക്കോസ്ത് നാളിൽ – ഇറങ്ങി വന്നു. അവിടെ ഉണ്ടായിരുന്ന ശിഷ്യവൃന്ദത്തിന്റെ മേൽ ആത്മാവ് പകർന്നു. അവരെല്ലാവരും ആത്മാവ് നിറഞ്ഞവരായി, ആത്മാവ് അവർക്ക് നൽകിയ പ്രകാരം അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. അങ്ങനെ നല്ല ഇടയനായ യേശുവിന്റെ വാഗ്ദത്തപ്രകാരം ആത്മാവ് വന്നു. പക്ഷെ ആ അനുഭവം അവിടെ നിന്നില്ല. സഭ എവിടെയെല്ലാം വ്യാപിച്ചോ അവിടെയെല്ലാം ഈ അനുഭവം ഉണ്ടായി. ഇന്നും ഇത് തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സഭ എവിടെയെല്ലാം നിലനിൽക്കുന്നവോ അവിടെയെല്ലാം ഈ അനുഭവവും നിലനിൽക്കുന്നു. സഭ എവിടെയെല്ലാം വ്യാപിക്കുന്നവോ അവിടെയെല്ലാം ഇതും വ്യാപിച്ചുകൊണ്ടിരിക്കുന്നു. വാഗ്ദത്തത്തിനായി ഒരുങ്ങുന്ന എല്ലാ വ്യക്തികളും ഈ അനുഭവം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ആത്മാവ് സ്വർഗ്ഗത്തിൽ നിന്ന് അയക്കപ്പെടുവാൻ കാത്തിരിക്കേണ്ടതില്ല. എന്നാൽ നാം പ്രാപിക്കുവാൻ കാത്തിരിക്കേണ്ടതുണ്ട്. നാം ഈ അനുഭവം പ്രാപിച്ചോ?

എങ്കിൽ അതിനായി ദൈവത്തെ സ്തുതിക്കുക. അത് പ്രാപിച്ചിട്ടില്ലെങ്കിൽ കർത്താവ് തന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന ഈ ആത്മീയ അനുഭവം പ്രാപിക്കുവാൻ ഇനിയും ഒട്ടും താമസിയാതെ തയ്യാറാകുക. യേശു പറഞ്ഞത്, 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പോലെ ജീവജലനദികൾ ഒഴുകും' എന്നാണ്. സമൃദ്ധിയായതും നിലയ്ക്കാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായ അനുഭവത്തെയാണ് ഇത് കാണിക്കുന്നത്. യേശുവിന്റെ അടുക്കൽ വരുന്നവർക്ക്, വിശ്വസിക്കുന്നവർക്ക്, അല്പമായി ജലം നൽകപ്പെടുന്ന അനുഭവമല്ലിത്, പ്രത്യുത ആ പ്രവാഹം നാമുമായി ബന്ധിപ്പിക്കപ്പെടുന്ന അനുഭവമാണ്. അതിൽ നിന്നും കുടിക്കുന്നവർ സമ്പൂർണ്ണതൃപ്തരായി തീരുന്നുവെന്നു മാത്രമല്ല, മററുള്ളവർക്കു കൂടെ പകർന്നുകൊടുക്കുവാൻ തക്കവണ്ണം പര്യാപ്തരായിത്തീരുകയും ചെയ്യുന്നു. ഒരിക്കൽ ഈ അനുഭവം പ്രാപിക്കുന്നത് അഭികാമ്യവും പ്രശംസനീയവും ആനന്ദപ്രദവുമാണ്. എന്നാൽ അത് ഒരിക്കൽ പ്രാപിച്ച് അവസാനിപ്പിക്കേണ്ടതല്ല. അത് ലക്ഷ്യമല്ല, ഒരു ആരംഭം മാത്രമാണ്. അപ്രകാരം ആത്മസ്നാനം പ്രാപിച്ചവർ, ദിനം തോറും ആ നദിയിൽ നിന്നും കുടിച്ച് നിറവുള്ളവരായി നിലനിൽക്കേണ്ടത് ആവശ്യമാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതുകൊണ്ടാണ് എഫെസ്യ ലേഖനത്തിൽ 'ആത്മാവിൽ നിറഞ്ഞവരായിരിപ്പിൻ' എന്ന് പൗലൊസ് നിർദ്ദേശിച്ചിരിക്കുന്നത്. ഒരിക്കൽ വെള്ളം കുടിച്ചതുകൊണ്ട് എന്നും ജീവിപ്പാൻ നമുക്കു കഴിയാത്തതുപോലെ, ഒരിക്കൽ ആത്മാവിൽ നിറഞ്ഞതുകൊണ്ട് എന്നും ആത്മീയമായി ജീവിപ്പാൻ നമുക്ക് കഴിയുകയില്ല. ശാരീരികമായി ജീവിക്കുവാൻ ദിവസവും ജലം കുടിക്കേണ്ടത് ആവശ്യമായിരിക്കുന്ന പ്രകാരം, ആത്മീകമായി ജീവിക്കുവാൻ എന്നും ആത്മീകജലപാനം ചെയ്യേണ്ടതും ആവശ്യമാണ്. അത് അറിയാവുന്നവനായ നല്ലവനായ യേശു അതിനുള്ള മാർഗ്ഗങ്ങളും ഒരുക്കിയിട്ടുണ്ട്. അതാണ് ഈ വചനം വ്യക്തമാക്കുന്നത്, 'എന്റെ ഇടയൻ എന്നെ സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നടത്തുന്നു.' ഇവിടെ യേശുവാണ് നയിക്കുന്നത്, അനുസരിക്കുന്ന ആടിന് ഈ വിഷയത്തിൽ ഒരു പ്രയാസവും ഉണ്ടാകുകയില്ല. കുറച്ച് പച്ചപുല്ലുകൾ തിന്നു കഴിയുമ്പോൾ ഇടയൻ ആടിനെ അവിടെ നിന്നും തിരിച്ച് ജലത്തിന്റെ അടുക്കലേക്ക് കൊണ്ടുപോകുന്നു. ഇടയനെ അനുഗമിക്കുകയും പിൻപറ്റുകയും ചെയ്യുക എന്നതാണ് ഇവിടെ പ്രധാനം. സ്നേഹിതാ, ഇടയനെ അനുഗമിക്കുക, അവനെ പിൻതുടരുക. നമുക്ക് ആവശ്യമായതെല്ലാം ആ നല്ല ഇടയൻ ഒരുക്കിയിട്ടുണ്ട്. അവനെ പിൻപററിയാൽ നമുക്ക് ഒന്നിനും കുറവുണ്ടാകയില്ല. ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയും മുടക്കുകയില്ല. പച്ചപുല്ലുകളാൽ നിറയപ്പെട്ട പുൽമേടുകൾ തയ്യാറാക്കിയിട്ട് ആടുകളെ അവിടേക്ക് നയിക്കുന്ന ഇടയൻ, സ്വസ്ഥതയുള്ള ജലം ക്രമീകരിച്ചിട്ട് തന്റെ ആടുകളെ അവയിലേക്കും നയിക്കുന്നു. തന്റെ ആടുകൾ ശരിയായ ആരോഗ്യത്തോടുകൂടെ ജീവിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യേണ്ടതിന് എന്തെല്ലാം ആവശ്യമുണ്ടെന്ന് അറിയാവുന്ന ഇടയൻ അവയെല്ലാം ക്രമീകരിക്കുന്നു എന്നു മാത്രമല്ല, അവയിലേക്ക് ആടുകളെ നയിക്കുകയും കൂടെ ചെയ്യുന്നു. സമീകൃതമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ അനുഭവം കൂടെയാണ് പ്രസ്തുത വാക്യം. പച്ചപുല്ലുകൾ തിന്നുകയും തുടർന്ന് ജലം കുടിക്കുകയും ചെയ്യുക, ദൈവവചനമാകുന്ന ആത്മീയഭോജനം ഭക്ഷിച്ചതിനുശേഷം പരിശുദ്ധാത്മാവാം നദിയിൽ നിന്നും ആത്മീയജലം കൂടെ കുടിക്കുക. എത്ര ശ്രേഷ്ഠമായ അനുഭവമാണിത്. എത്ര മെച്ചമായ നിലയിലാണ് ഇടയൻ തന്റെ ആടുകൾക്കായി എല്ലാം ക്രമീകരിച്ചിരിക്കുന്നത്. ക്രിസ്തീയജീവിതം സമീകൃതമായ നിലയിൽ കെട്ടിപ്പടുക്കേണ്ടത് ആവശ്യമാണ്. ദൈവം തന്റെ ജനത്തിനായി ഒരുക്കിയിരിക്കുന്നതിനെല്ലാം അതിന്റേതായ ക്രമത്തിന് അനുഭവിപ്പാനും നാം തയ്യാറാകേണ്ടതാണ്.

തുടരും....

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ചിലർ തങ്ങൾക്കിഷ്ടമായി തോന്നുന്ന ചിലതിന് അമിതമായ പ്രാധാന്യം കൊടുക്കകയും മററുചിലതിനെ പാടെ അവഗണിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒന്നിന് അമിതപ്രാധാന്യം കൊടുത്തിട്ട് മറെറാന്നിനെ അവഗണിക്കുകയോ ചെയ്യുന്നത് അല്പം പോലും അഭികാമ്യമല്ല. ദൈവവചനം ഏതിനെല്ലാം പ്രാധാന്യം കൊടുത്തിട്ടുണ്ടോ അവയ്ക്ക് എല്ലാം അതേ പ്രാധാന്യം നാം കൊടുക്കേണ്ടതാണ്. ഇവിടെ പച്ചപുല്ലിൽ മേയുന്നതും സ്വസ്ഥജലം കുടിക്കുന്നതും തുല്യപ്രാധാന്യമുള്ളതാണ്. അതുകൊണ്ടാണ് അവ രണ്ടും ഒരേ നിലയിൽ ഇടയൻ തന്നെ ക്രമീകരിക്കുകയും ആടുകളെ അവിടേക്ക് നയിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നത്. ഇവിടെ പച്ചപുല്ല് മേട് ദൈവവചനങ്ങൾക്കും അതിലെ പുല്ലുകൾ ഓരോ വചനത്തിനും സദൃശ്യമാണ്. ഇടയൻ തന്റെ ആടുകൾക്കുവേണ്ടി പച്ചപുൽ മേടുകൾ എപ്രകാരമാണ് ക്രമീകരിക്കുന്നതെന്ന് അറിയണം. നാം വളരേണ്ടതിന്, നിലനിൽക്കേണ്ടതിന് ദൈവവചനം ദിനം തോറും ഭക്ഷിക്കേണ്ടത് ആവശ്യമാണ്. അത് നാം വായിക്കുകയും ധ്യാനിക്കുകയും വേണം. അതിനെ ഹൃദയത്തിൽ സംഗ്രഹിച്ചുകൊള്ളണം.

ഏതു നിലയിലും ദൈവവചനം നമ്മുടെ ജീവിതത്തിൽ ഒരു പ്രധാനഭാഗമായി തീരേണ്ടത് ക്രിസ്തീയജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമാണ്. മററ് പലതിനും പ്രാധാന്യം കൊടുത്തിട്ട് ദൈവവചനത്തെ ഓരോരോ അളവിൽ അവഗണിക്കുന്ന പലരുണ്ട്. ദൈവവചനത്തിന് പകരം വയ്ക്കാവുന്നതായി ദൈവവചനമല്ലാതെ മറെറാന്നുമില്ല എന്ന് നാം ഓർക്കണം. ദൈവവചനം ക്രിസ്തീയജീവിതത്തിന്റെ ആഹാരമാണ്. അത് ദിനം തോറും ഭക്ഷിക്കുന്ന അനുഭവം നമുക്കുണ്ടാകണം. നമുക്ക് ആത്മീയശക്തിയില്ല, നിലനിൽക്കാൻ കഴിയുന്നില്ല, പോരാട്ടത്തിൽ ജയം ലഭിക്കുന്നില്ല എന്നെല്ലാം പരാതിപ്പെടുന്നു. അവയുടെ വെളിച്ചത്തിൽ പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നു. പക്ഷെ, ആത്മീയഭക്ഷണം കഴിക്കാതെ എങ്ങനെ ആത്മീയമായി ജീവിക്കുവാനും പുഷ്ടിപ്പെടുവാനും സാധിക്കും. ആകയാൽ, ഇനിയും മററുള്ളവരോട് പ്രാർത്ഥനയ്ക്കായി അപേക്ഷിക്കുന്നതിന് മുൻപേ, കണ്ടുണർന്ന് യഥാസ്ഥാനപ്പെടുകയും ദൈവവചനം വായിക്കുവാനും ധ്യാനിക്കുവാനും തയ്യാറാകുകയും ചെയ്യണം. യേശുവിനെ സാത്താൻ പരീക്ഷിച്ചപ്പോൾ സാത്താനെ ആട്ടിപ്പായിക്കുവനായി അവൻ ഉപയോഗിച്ച ആയുധം ദൈവവചനം ആയിരുന്നു. വിവിധമായ ദുരുപദേശങ്ങളും മാനുഷിക അഭിപ്രായങ്ങളും പരക്കെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് സത്യഉപദേശം എന്താണെന്ന് തിരിച്ചറിയുന്നതിനും അതിനെ തെററ് പററാതെ പിൻപററുന്നതിനുള്ള മാർഗ്ഗം ആരായണം.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനത്തിൽ ഗ്രാഹ്യം ഉണ്ടായിരിക്കുക എന്നുള്ളതു തന്നെ. ഏത് ദുരുപദേശം വന്നാലും അതിന്റെ പിന്നാലെ പോകുന്ന പലരെയും ഇന്നു കാണുവാൻ സാധിക്കും. അവർ ഒടുവിൽ നാശത്തിന്റെ പടുകുഴിയിൽ പതിക്കുകയും ചെയ്യുന്നു. ദൈവവചനം പരിശോധിക്കുവാനും പഠിക്കുവാനും തയ്യാറാകത്തതാണ് എല്ലാ വിധ നാശത്തിന്റെയും പ്രധാന കാരണം. ഏതുവിധേനയും നമ്മെ തകർക്കുന്നതിന് എല്ലാ വിധ തന്ത്രങ്ങളും പ്രവൃത്തിച്ചുകൊണ്ട് ഓടി നടക്കുന്ന സാത്താനെ ജയിച്ച് പോകുവാൻ ഇടയാകണമെങ്കിൽ ദൈവവചനം നാം ശരിയായി പഠിച്ചിരിക്കേണ്ടതാവശ്യമാണ്. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന് പ്രാധാന്യം കൊടുക്കുന്ന പ്രകാരം തന്നെ നമ്മുടെ ശുശ്രൂഷകളിലും ആരാനകളിലും ദൈവവചനത്തിന് അതിന്റേതായ പ്രാധാന്യം കൊടുക്കേണ്ടതാണ്. ദൈവവചനത്തിന് പകരം വയ്ക്കാവുന്നതായി മറ്റൊന്നും ഇല്ലാതെ പ്രകാരം തന്നെ, ദൈവവചനത്തിന്റെ ശുശ്രൂഷയ്ക്കു പകരം വയ്ക്കാവുന്നതായി മറ്റൊന്നുമില്ല. അന്ത്യകാലത്ത് കെട്ടുകഥകളിലേക്കും കിഴവി കഥകളിലേക്കും മനുഷ്യൻ ശ്രദ്ധ തിരിക്കുമെന്ന് വചനം പറയുന്നു. കേൾവികാർക്ക് ആത്മീയമായി യാതൊരു പ്രയോജനവും ചെയ്യാത്തതും ജനത്തെ രസിപ്പിക്കുവാൻ മാത്രം ഉതകുന്നതുമായ കഥകളാൽ നിറഞ്ഞ പ്രസംഗങ്ങൾ കൊണ്ട് ഇന്ന് പല പ്രസംഗപീഠങ്ങളും നിറഞ്ഞിരിക്കുകയാണ്. ഈ വിധ വിഷയത്തിനെതിരായി നാം ജാഗരൂകരായിരിക്കേണ്ടതാണ്. മറ്റേ ഏതെങ്കിലും വിഷയം, അതെത്ര പ്രാധാനമെന്നു തോന്നിയാലും അവ പ്രസംഗിക്കുവാനല്ല, ദൈവവചനം പ്രസംഗിക്കുവാനാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. അതിൽ തന്നെ നാം ഉറച്ചു നിൽക്കേണ്ടതുമാണ്. ആത്മീയത സ്പർശിച്ചിട്ടുപോലുമില്ലാത്ത ശുശ്രൂഷകൾ ക്രിസ്തീയ മണ്ഡലത്തിന്റെ ഒരു രംഗത്തു നടക്കുമ്പോൾ, മറുഭാഗത്ത് ദൈവവചനത്തിന് പ്രാധാന്യം കൊടുക്കതെ, ഉണർവ്വ് എന്നു സങ്കല്പിച്ചിരിക്കുന്ന ചില ഇളക്കപെരുമാററങ്ങൾക്ക് മററു ചിലർ പ്രാധാന്യം കൊടുക്കുന്നത്. ഇത് രണ്ടും ഒരുപോലെ അപകടമാണ്. എന്നാൽ ദൈവവചനം പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും മാത്രം ശ്രദ്ധ പതിപ്പിച്ച് എപ്പോഴും പച്ചപുല്ലിൽ മാത്രം കിടക്കുവാൻ ശ്രമിക്കുന്നുണ്ട്. അതും അപകടകരമാണ്. പച്ചപുല്ല് തിന്നേണ്ടതിന് അത്യാവശ്യമായിരിക്കുന്ന പ്രകാരം സ്വസ്ഥതയുള്ള വെള്ളത്തിൽ നിന്നും കുടിക്കേണ്ടതും ആവശ്യമാണ്. ഇടയൻ ഒരുക്കിയിരിക്കുന്ന പച്ചപുല്ല് തിന്നുകഴിഞ്ഞാലുടനെ ആ ഇടയൻ തന്നെ ഒരുക്കിയിരിക്കുന്ന ജലവും കുടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭക്ഷണം കഴിഞ്ഞാലുടനെ, വെള്ളം കുടിക്കാൻ ശ്രമിക്കാത്തവർ അനേകരുണ്ട്. അവർ കുടിക്കുന്നില്ലെന്നു മാത്രമല്ല, അതിന്റെ ആവശ്യമില്ലെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവവചനം പഠിക്കണം, എത്രയും പഠിക്കാമോ അത്രയും പഠിക്കേണം.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പക്ഷെ, അറിവ് മാത്രം ആയാൽ ദൈവവചനം പറയുന്നത്, 'അറിവ് ചീർപ്പിക്കുന്നു' എന്നാണ്. വചനം പഠിച്ച് തലയിൽ മാത്രം കൊണ്ടുനടന്നാൽ അത് നമ്മെ കൊല്ലുന്നു. വചനത്തിൽ വലിയ പരിജ്ഞാനം പ്രാപിച്ചിരിക്കുന്ന പലരുമുണ്ട്. പക്ഷെ, അവർ അറിവിൽ ചീർക്കുകയും ആത്മീയമായി നാശത്തിലേക്ക് ക്രമേണ നീങ്ങുകയുമാണ് ചെയ്യുന്നത്. എന്നാൽ തുടർന്ന് വചനം പറയുന്നത്, ' ആത്മാവോ ജീവിപ്പിക്കുന്നു' എന്നാണ്. ആകയാൽ, വചനം പഠിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് എഴുന്നേററ് ഇടയനോടുകൂടെ മുന്നോട്ടു നീങ്ങുക. അതാ അവൻ നമ്മെ വിളിക്കുന്നു. അവനെ അനുഗമിക്കുക. അധികം താമസിയാതെ സ്വസ്ഥതയുള്ള വെള്ളത്തിനരികിൽ നാം എത്തും. 'ഭയപ്പെടാതെ കുടിക്ക' യെന്ന് ഇടയൻ നമ്മോടു പറയുന്നു. കുടിക്കുക, അവോളം കുടിക്കുക, നിറയുവോളം കുടിക്കുക. ഇടയൻ നമുക്കായി ഒരുക്കിയിരിക്കുന്ന ജലമാണിത്. അതിനെ ഉപേക്ഷയായി വിചാരിക്കേണ്ടതില്ല. മതിവരുവോളം കുടിക്കുക. നാം കഴിക്കുന്ന ഭക്ഷണം ദഹിക്കുവാൻ ആരംഭിക്കുന്നത് വെള്ളം കൂടെ അകത്തു ചെല്ലുമ്പോഴാണ്. ദഹിക്കുമ്പോൾ മാത്രമേ നാം കഴിച്ച ആഹാരം 'ജീവിപ്പിക്കുന്ന' വസ്തുവായി രൂപാന്തരപ്പെടുന്നുള്ളു. അപ്പോൾ അത് ശരീരത്തെ ജീവിപ്പിക്കുന്നു. ആഹാരം ജീവന് ആവശ്യമാണ്. പക്ഷെ, വെള്ളം കൂടെ ചേരുമ്പോൾ മാത്രമേ അത് ജീവിപ്പിക്കുകയുള്ളു. വെള്ളമില്ലാതെ ആഹാരം മാത്രം കഴിച്ചാൽ, അത് ചീർക്കുകയുള്ളു. ശരീരത്തിന് യാതൊരു പ്രയോജനവും ചെയ്യുന്നില്ലെന്ന് മാത്രമല്ല, ദോഷമേ സംഭവിക്കുകയുള്ളു. ദൈവത്തിന്റെ ആത്മാവിനെ അവഗണിച്ചിട്ട് ദൈവവചനത്തിന് മാത്രം പ്രാധാന്യം കൊടുക്കുന്നവരുടെ അനുഭവം ഇതാണ്. നാം പഠിക്കുന്ന വചനം 'ജീവിപ്പിക്കുന്ന' തായി രൂപാന്തരപ്പെടണമെങ്കിൽ ആത്മാവിനെ കൂടെ നാം പാനം ചെയ്തേ മതിയാകുയുള്ളു. അറിവിൽ ചീർത്തിരിക്കുന്ന സ്നേഹിതാ, വിശുദ്ധ വേദപുസ്തകത്തിലെ എല്ലാം നമുക്ക് അറിയാമെന്നു നാം അഭിമാനിക്കുന്നു. പക്ഷേ, അത് നമുക്കോ മററുള്ളവർക്കോ എന്തെങ്കിലും പ്രയോജനമുണ്ടോ? കഴിച്ച ഭക്ഷണം അതേ നിലയിൽ അവിടെ കിടക്കുന്നതല്ലാതെ, അതു ജീവനായി തീർന്നിട്ടില്ല എന്നതാണ് അതിന്റെ കാരണം. അതാ ഇടയൻ നമ്മെ വിളിക്കുന്നു, നമുക്ക് പുൽമേട് ഒരുക്കിയ ഇടയൻ തന്നെയാണ് അവൻ ഒരുക്കിയിരിക്കുന്ന സ്വസ്ഥജലത്തിലേക്ക് നമ്മെ വിളിക്കുന്നത്. അവനെ അനുഗമിക്കുവാൻ നാം ഇനിയെങ്കിലും തയ്യാറാകുമോ. സ്വന്ത അഭിപ്രായത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ചീർക്കുന്ന അനുഭവത്തിൽ കൊല്ലുന്ന അക്ഷരവുമായി മാത്രം ആയുസ് ചെലവഴിക്കാതെ, ജീവിപ്പിക്കുന്ന ആത്മാവാം നദിയിലേക്ക് ഇറങ്ങണം. ആ ആത്മാവിനെ പാനം ചെയ്യുക. ദൈവവചനത്തിന് പ്രാധാന്യം കൊടുക്കുന്നതുപോലെ തന്നെ ആത്മാവിൻ നിറവിനും പ്രാധാന്യം കൊടുക്കുന്ന ദൈവജനത്തെ ഓർത്ത് നാം ദൈവത്തെ സ്തുതിക്കുന്നു.

തുടരും...

# സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പലരും പലതും പഠിപ്പിക്കുന്നുണ്ടെങ്കിലും ഈ അനുഭവത്തിലേക്ക് ധാരാളം പേർ ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതിൽ നാം സന്തോഷിക്കണം. അവർ മനുഷ്യനെയല്ല, ഇടയനത്രെ പിൻപററുന്നത്. അവരെ നയിക്കുന്നത് മനുഷ്യനല്ല, ഇടയനാണ്. ഈ കൂട്ടത്തിൽ ചേർന്ന് ഇടയനെ പിൻപററി, സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് പോകുവാൻ നാം ഒരുങ്ങണം. നല്ല ഇടയനായ യേശു നമ്മെ ക്ഷണിക്കുന്നു. അതെ അവൻ 'സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക്' നമ്മെ നയിക്കുന്നു. ഇടയൻ തന്റെ ആടുകൾക്കായി ഒരുക്കുന്ന ജലത്തിന്റെ മാർഗ്ഗത്തെപ്പററി: പ്രധാനമായും മൂന്നു രംഗങ്ങളിൽ നിന്നും അഥവാ മാർഗ്ഗങ്ങളിലൂടെയാണ് ആടുകൾക്ക് ജലം ലഭിക്കാറുള്ളത്. ഒന്ന്: പുല്ലുകളിലെ പ്രഭാതമഞ്ഞ് – ര ്: ആഴമുള്ള കിണറുകൾ – മൂന്ന് : അരുവികൾ അഥവാ ഒഴുക്കുജലം. അതിരാവിലെ എഴുന്നേററ് പുല്ലു തിന്നുന്ന പ്രകൃതമുള്ള അപൂർവ്വം ജന്തുക്കളിൽ ഒന്നാണ് ആട്. നേരം വെളുക്കുന്നതിനെ മുൻപു തന്നെ എഴുന്നേററ് പുല്ലു തിന്നുവാൻ അത് ഇഷ്ടപ്പെടുന്നു. നല്ല നിലാവുള്ള രാത്രികളിൽ, പുൽമേടുകളിൽ മേഞ്ഞുകൊണ്ടിരിക്കുവാൻ അവ ഇഷ്ടപ്പെടാറുണ്ട്. അതിരാവിലെ, പ്രഭാതം പൊട്ടിവിരിയുന്നതിന് മുൻപ്, നാം പുൽമേടുകളിലേക്ക് ഇറങ്ങുക. പുല്ലുകൾ എല്ലാം നനഞ്ഞിരിക്കുന്നത് കാണാം. പ്രഭാതമഞ്ഞാണ് അതിന് കാരണം. പ്രഭാതമഞ്ഞ് എല്ലാ പുല്ലുകളിലും തങ്ങിനിൽക്കുന്നു. അവ നനഞ്ഞിരിക്കും എന്നു മാത്രമല്ല, ചിലപ്പോൾ ഇലകളുടെ അഗ്രങ്ങളിൽ മഞ്ഞുതുള്ളികൾ നിൽക്കുന്നതായി കാണാം. ആ പുല്ലുകൾ ആടുകൾ ഭക്ഷിക്കുമ്പോൾ, പുല്ലുകളോടൊപ്പം മഞ്ഞുവെള്ളം കൂടി ആമാശയത്തിലേക്ക് എത്തിച്ചേരുന്നു. ഈ വിധമുള്ള പുല്ലുകൾ ഭക്ഷിക്കുന്ന ആടുകൾക്ക് പകൽ വെള്ളം കുടിക്കേണ്ടതായ ആവശ്യം സാധാരണ ഗതിയിൽ ഉണ്ടാകുകയില്ല. ചൂടുള്ള കാലാവസ്ഥയിലോ കൂടുതൽ നടക്കേണ്ട സാഹചര്യങ്ങളിലോ ആണെങ്കിൽ വീണ്ടും കുടിക്കേ ണ്ടതായി വരുന്നു. തണുപ്പുള്ള കാലാവസ്ഥയിൽ വീ ും വെള്ളം കുടിക്കാതെ കഴിയുവാൻ അവയ്ക്കു പ്രയാസമുണ്ടാകയില്ല. ഇത് ഒരു വലിയ ദൈവം ആത്മീയപാഠം നമ്മെ പഠിപ്പിക്കുകയാണ്. ദൈവത്തിനുവേണ്ടി ഉറച്ചു നിൽക്കുകയും വിജയജീവിതം നയിച്ചുകൊണ്ട് ആത്മീയവീരന്മാരായി പ്രശോഭിക്കുകയും ചെയ്തിട്ടുള്ള എല്ലാവരും അതിരാവിലെ എഴുന്നേററ് ദൈവസന്നിധിയിലിരുന്ന് വചനം ധ്യാനിക്കുകയും പ്രാർത്ഥിച്ച് ആത്മീയശക്തി പുതുക്കുകയും ചെയ്തിട്ടുള്ളവരാണ്. അതിരാവിലെയുള്ള വചന ധ്യാനവും പ്രാർത്ഥനയുമാണ് ഒരു ദൈവപൈതലിന്റെ ആത്മീയ ആരോഗ്യത്തെ നിലനിർത്തുന്ന വസ്തുതയുടെ അതിപ്രധാന രഹസ്യം. അതിരാവിലെ ദൈവസന്നിധിയിലായിരിക്കുക.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനത്തിൽ നിന്നും ഭക്ഷിക്കുക. ആത്മാവിനെ പാനം ചെയ്യുക. ശരിയായ പുഷ്ടിയും ബലവും പ്രാപിക്കുക. പുതിയ ദിവസത്തെ അഭിമുഖികരിക്കുക. എത്രയോ ശ്രേഷ്ഠമായ അനുഭവം. പ്രകൃതിയെ സംബന്ധിച്ചിടത്തോളം ഏററവും ശാന്തമായ അന്തരീക്ഷമാണ് പ്രഭാതത്തിലുള്ളത്. രാത്രിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടജന്തുക്കളെല്ലാം തങ്ങളുടെ മാളങ്ങളിലേക്ക് തിരികെ കയറുന്ന നിമിഷം, അപ്പോൾ തന്നെ പകൽ സഞ്ചരിക്കുന്ന ജന്തുക്കളെല്ലാം ഭൂമിയിലേക്ക് ഇറങ്ങുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുള്ളു. തളർച്ച ക്ഷീണിപ്പിക്കുന്ന വെയിലിന്റെ ചൂട് അനുഭവപ്പെടാൻ ഇനിയും സമയം വേണം. അങ്ങനെ എല്ലാ വിധത്തിലും ശാന്തമായ അന്തരീക്ഷമാണ് ദൈവത്തിൽ നിന്നും പ്രാപിക്കുവാനും ബലപ്പെടുവാനുള്ള ഉത്തമമായ സമയം. പ്രഭാതം അതിന്റേതായ നിലയിൽ വിനിയോഗിക്കുവാൻ ശ്രമിക്കാത്ത ആടുകളെ ശ്രദ്ധിച്ചാൽ, വെയിലിന്റെ ചൂട് ഏററു തുടങ്ങുമ്പോൾ അത് പുല്ലു തിന്നുവാൻ ആരംഭിക്കുന്നു. പുല്ല് അവിടെ ഉണ്ട്, പക്ഷെ അതിൽ വെള്ളത്തിന്റെ നനവ് ഇല്ല. സൂര്യന്റെ ചൂട് അവയെല്ലാം അപഹരിച്ചു. ഇനിയും അല്പം പുല്ല് തിന്നിട്ട് ജലത്തിനായി ഓടേണ്ടിയിരിക്കുന്നു. വളരെ വേഗം ക്ഷീണിക്കുന്നു. മററ് കാര്യങ്ങൾക്ക് വേണ്ടി – വിശ്രമത്തിനും മററും വേണ്ടി – വിനിയോഗക്കേണ്ടതായ സമയം പുൽമേടിനും ജലാശയത്തിനും ഇടയ്ക്കു ഓടുവാനായി വിനിയോഗിക്കേണ്ടി വരുന്നു. എന്നിട്ട് വൈകിട്ട്, 'എനിക്ക് ഇന്നു അല്പം പോലും വിശ്രമം ലഭിച്ചില്ല. കഠിനമായ അദ്ധ്വാനം ആയിരുന്നു. യാതൊന്നും നേടുവാൻ കഴിഞ്ഞില്ല' എന്നു പറഞ്ഞുകൊണ്ട് തളർന്നുവീഴുകയും ചെയ്യും. അതേ സമയം, പ്രഭാതത്തിൽ എഴുന്നേററ് മഞ്ഞുതുള്ളികളാൽ നിറയപ്പെട്ടിരുന്ന പുല്ലുകൾ ഭക്ഷിച്ച ആടുകളെ നോക്കിയാൽ, ആവശ്യത്തിനുള്ള പുല്ലും വെള്ളവും ഉള്ളിലെത്തി കഴിഞ്ഞു. സൂര്യന്റെ ചൂട് വ്യാപിച്ചപ്പോൾ, അവ നല്ല തണലുള്ള ഭാഗത്തേക്ക് നീങ്ങി കിടന്നുകൊണ്ട് അയവിറക്കുന്നു. നല്ല വിശ്രമം, സമാധാനസമ്പൂർണ്ണമായ വിശ്രമം. ഇവ കിടന്ന് വിശ്രമിച്ച് അയവിറക്കുമ്പോൾ, ആദ്യം കണ്ട ആടുകൾ വെയിലത്ത് വെള്ളത്തിനായി ഓടുകയാണ്. ഇതിന്റെ വെളിച്ചത്തിൽ, നമ്മുടെ ക്രിസ്തീയജീവിതത്തെപ്പററി ചിന്തിച്ചാൽ പ്രഭാതത്തിൽ മററു കാര്യങ്ങളിൽ പ്രവേശിക്കുവൻ തുടങ്ങുന്നതിന് മുമ്പേ, എല്ലാം ശാന്തമായിരിക്കുന്ന അനുഭവത്തിൽ, ദൈവസന്നിധിയിലിരുന്ന് വചനം ധ്യാനിക്കുകയും പ്രാർത്ഥിച്ച് ആത്മാവിനെ പാനം ചെയ്തു ബലം പ്രാപിക്കുകയും ചെയ്യുന്ന വ്യക്തി, നിറഞ്ഞ ആത്മീയ ഉന്മേഷത്തോടും പ്രസരിപ്പോടും കൂടെ ദിവസത്തെയും അതിന്റേതായ പ്രശ്നങ്ങളെയും അഭിമുഖികരിക്കുന്നു.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദിവസം മുഴുവനും നമുക്ക് ആത്മീയവിശ്രമം ഉണ്ട്, ആത്മീയപ്രസരിപ്പ് ഉണ്ട്. അല്പവും തളരാതെയും ക്ഷീണിക്കാതെയും ആ ദിവസത്തെ ശാന്തമായി നാം അവസാനിപ്പിക്കാൻ കഴിയുന്നു. എന്നാൽ പ്രഭാതം, അതിനായി വിനിയോഗിക്കാത്ത വ്യക്തികളാകട്ടെ, പകലിന്റെ ചൂടേററ് തളർന്ന് വിശ്രമമോ ശാന്തതയോ ലഭിക്കാതെയും യാതൊന്നും നേടാതെയും ക്ഷീണിച്ച് തോൽവിയടഞ്ഞവരായി വൈകിട്ട് കിടക്കയിലേക്ക് പോകേണ്ടി വരുന്നു. ആകയാൽ പ്രഭാതമഞ്ഞ് നമുക്ക് നഷ്ടപ്പെടുത്താതിരിക്കാം. അതിരാവിലെ ദൈവസന്നിധിയിൽ സത്യവേദപുസ്തകവുമായി അല്പസമയം ചെലവഴിക്കാൻ നാം തയ്യാറാകണം. ആത്മീയബലവും ശക്തിയും പ്രാപിച്ച് ജയത്തോടെ നിലനിൽപ്പാൻ നമ്മൾക്ക് സാധിക്കും. പ്രഭാതമഞ്ഞാണ് ലോകത്തിൽ ലഭിക്കാവുന്നതിലേക്കും ഏററവും ശുദ്ധമായ ജലം. സാധാരണഗതിയിൽ, അതിൽ യാതൊരു കളങ്കവും ഉണ്ടായിരിക്കുകയില്ല. പുല്ലു നല്ലതാണെങ്കിൽ, അതിന്റെ ഇതളുകളിൽ തങ്ങിനിൽക്കുന്ന പ്രഭാതമഞ്ഞും തികച്ചും ശുദ്ധമായിരിക്കും. നമ്മുടെ നല്ല ഇടയൻ തന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന പുൽമേടുകളിൽ വച്ചുപിടിപ്പിച്ചിരിക്കുന്ന പുല്ലുകൾ നിശ്ചയമായും നല്ലതുതന്നെ ആണ്. അങ്ങനെയെങ്കിൽ, അവയിൽ തങ്ങി നിൽക്കുന്ന പ്രഭാതമഞ്ഞ് തികച്ചും ശുദ്ധം തന്നെ ആയിരിക്കും. പകലിലെ കാററിൽ ഇളകുന്ന പൊടിപടലങ്ങൾ അതിനെ അശുദ്ധമാക്കുകയില്ല. ഓടി നടക്കുന്ന ജന്തുക്കളോ മീതെ പറക്കുന്ന പക്ഷികളോ അവയുടെ പരിശുദ്ധതയെ ഹനിക്കപ്പെടുന്നില്ല. തൻ നിമിത്തം അപ്രകാരമുള്ള പുൽമേടുകളിലേക്ക് തങ്ങളുടെ ആടുകളെ നയിക്കുവാൻ ഇടയൻ പ്രത്യേകം ശ്രദ്ധിക്കുന്നു. നമ്മുടെ നല്ല ഇടയനായ യേശുവും അപ്രകാരം തന്നെ ചെയ്യുന്നു. ആകയാൽ, ആത്മീയമായി നിലനിൽക്കുവാൻ ആഗ്രഹിക്കുന്ന സ്നേഹിതാ, ആത്മീയമായ പ്രഭാതമഞ്ഞ് നഷ്ടപ്പെടുത്താതിരിക്കുക. പ്രഭാതത്തിൽ ദൈവവചനവുമായി ദൈവസന്നിധിയിൽ അല്പസമയമെങ്കിലും ചെലവഴിക്കുവാൻ ശ്രമിക്കുക. മനുഷ്യന്റെ കൃത്രിമപ്രയോഗങ്ങളൊന്നും സ്പർശിച്ചിട്ടില്ലാത്ത, തികച്ചും ശുദ്ധവും സ്വസ്ഥവും നിശ്ചലവുമായ ജലം. രോഗാണുക്കളോ മററു മാലിന്യങ്ങളോ ബാധിച്ച് അത് മലിനമോ അപകടകാരിയോ ആകുവാൻ സമയം ആയിട്ടില്ല. അത് ജലമായി രൂപാന്തരപ്പെട്ടു കഴിഞ്ഞിട്ടേയുള്ളു. ആടുകൾക്ക് അത് യാതൊരു തരത്തിലും അപകടമാകയില്ലെന്നു മാത്രമല്ല, ഏററവും മെച്ചമായ പാനീയവുമാണ്. അതിന്റെ തണുപ്പും നിശ്ചലതയും ആടുകളുടെ ആരോഗ്യത്തിന് എപ്പോഴും സഹായമാണ്. അതുകൊണ്ട് തന്നെ, ആ വിധത്തിൽ ലഭിക്കുന്ന സന്ദർഭം ഒരു ഇടയൻ ഒരിക്കലും പാഴാക്കുകയില്ല.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ജലത്തിന്റെ തണുപ്പും നിശ്ചലതയും ആടുകളുടെ ആരോഗ്യത്തിന് എപ്പോഴും സഹായമാണ്. അതുകൊണ്ടു തന്നെ, ആ വിധത്തിൽ ലഭിക്കുന്ന സന്ദർഭങ്ങൾ ഒരു ഇടയൻ ഒരിക്കലും പാഴാക്കുകയില്ല. ഇടയൻ അതിരാവിലെ എഴുന്നേററ് ആടുകളെ ഉണർത്തുകയും അവയെ പുൽമേടുകളിലേക്ക് നയിക്കുകയും ചെയ്യുന്നു. പലപ്പോഴും ആടുകളെ നിർബന്ധിച്ചായിരിക്കും ഇടയൻ അവിടേക്ക് കൊണ്ടുപോകുന്നത്. പുല്ലുകൾ നനഞ്ഞിരിക്കുന്നതിനാൽ, അവയിലിറങ്ങുവാൻ ആദ്യം ആടുകൾ മടിക്കുക സ്വാഭാവികമാണ്. എന്നാൽ ഇടയൻ മുൻപേ നടക്കുന്നു എന്നതിനാൽ, ആടുകളും ഇടയനെ അനുഗമിക്കുന്നു. ഒടുവിൽ അവ പുല്ലുകൾ മേയുവാൻ തുടങ്ങുന്നു. പുല്ലോടു കൂടെ നിശ്ചലമായ ജലവും ഉള്ളിൽ കടക്കുന്നു. ലഭിക്കാവുന്ന ഏററവും നല്ല പുല്ലും ശ്രേഷ്ടമായ ജലവും അങ്ങനെ അവയ്ക്കു ലഭിക്കുന്നു. ആവശ്യംപോലെ അവ ഭക്ഷിക്കുന്നു. വെയിലിന്റെ ചൂട് അനുഭവപ്പെട്ടു തുടങ്ങുമ്പോഴേക്കും തിന്നു തൃപ്തിയായ നിലയിൽ അവ തണലിൽ കിടന്ന് അയവിറക്കുവാൻ തുടങ്ങുന്നു. ഇനിയും അവയ്ക്കും അന്ന് വെള്ളം കുടിപ്പാനായി എങ്ങും ഓടേണ്ടതായ ആവശ്യമില്ല. അതിരാവിലെ ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നതുപോലെ ശ്രേഷ്ഠമായ അനുഭവം ദൈവപൈതലിന് വേറെ ലഭിക്കുകയില്ല. ആ നിശ്ചലമായ അന്തരീക്ഷത്തിലേക്ക് നയിക്കുവാൻ നമ്മുടെ ഇടയൻ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്യുന്നു. അതിരാവിലെ എഴുന്നേററ് വചനം ധ്യാനിപ്പാനും പ്രാർത്ഥിച്ച് ബലപ്പെടുവാനും ദൈവാത്മാവ് നമ്മെ തട്ടി ഉണർത്തുമ്പോൾ നാം അത് ചെയ്യണം. ഉറക്കത്തിൽ നിന്ന് ഉണർന്ന് ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നത് പലർക്കും പ്രയാസമായി തോന്നിയേക്കാം. എന്നാൽ നമ്മുടെ ഇടയനായ യേശുവിനെ നോക്കുക. അവൻ ഇന്നു നമ്മെ ഉണർത്തുവാനും നയിക്കുവാനും ശ്രമിക്കുന്നു എന്നു മാത്രമല്ല അവൻ അതിന് മാതൃക കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. യേശു ഈ ലോകത്തിൽ ആയിരുന്ന കാലത്ത് 'അവൻ അതികാലത്ത്' പ്രാർത്ഥിപ്പാൻ പോയിരുന്നു എന്ന് തുടരെ വായിക്കുന്നുണ്ട്. അപ്രകാരം ചെയ്യേണ്ടതിന്റെ ആവശ്യവും പ്രാധാന്യവും അതുകൊണ്ടുള്ള പ്രയോജനവും അവൻ മനസിലാക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെയാണ്, അപ്രകാരം നയിപ്പാനും അവൻ ആഗ്രഹിക്കുന്നത്. അതിരാവിലെയുള്ള ധ്യാനത്തിൽ ലഭിക്കുന്നതുപോലുള്ള നിശ്ചലത അഥവാ ഏകാഗ്രത മറേറതെങ്കിലും സമയങ്ങളിൽ ലഭിക്കുക സാദ്ധ്യമല്ല. ആകയാൽ അതിരാവിലെ ദൈവാത്മാവ് നമ്മെ ഉയർത്തുമ്പോൾ ഉണരുക. അപ്പോൾ യേശു നമ്മെ നിശ്ചല ജലത്തിന്റെ അരികിലേക്ക് നയിക്കുന്നതായി നമുക്ക് അനുഭവപ്പെടും. ഈ നിശ്ചല ജലത്തിന്റെ പ്രത്യേകത, അത് എപ്പോഴും ലഭിക്കുന്നതല്ല എന്നതാണ്. അത് ലഭിക്കുന്ന ഒരു സമയമുണ്ട്. ആ സമയത്ത് അല്ലാതെ മറെറാരു സമയത്തും അത് യാതൊരു നിലയിലും ലഭിക്കുന്നതല്ല.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അതിരാവിലെ എഴുന്നേററ് തിന്നുന്ന ആടുകൾക്ക് മാത്രമേ അത് ലഭിക്കുകയുള്ളു. സ്വന്തം സൗകര്യവും സമയവും നോക്കി ചെന്നാൽ അത് അവിടെ ഉണ്ടായിരിക്കുകയില്ല. നമ്മുടെ സൗകര്യത്തിനനുസരിച്ച് ലഭിക്കാവുന്ന ഒന്നല്ല ആത്മീയാനുഗ്രഹം, അത് പ്രാപിക്കാവുന്ന ഒരു നിശ്ചിത സമയമുണ്ട്. തക്കസമയത്ത് അത് പ്രാപിക്കുന്നവർ ഭാഗ്യമുള്ളവരാണ്. ആടുകൾക്ക് ജലം ലഭിക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം വെട്ടിയുണ്ടാക്കുന്ന കിണറുകളാണ്. എല്ലാ സ്ഥലങ്ങളിലും എപ്പോഴും പ്രഭാതമഞ്ഞ് ലഭിച്ചു എന്നു വരികയില്ല. മഞ്ഞുള്ള സ്ഥലങ്ങളിൽ പോലും പകലിലോ സായാഹ്നത്തിലോ ആ ജലം ലഭിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ആടുകൾക്ക് ജലം പ്രദാനം ചെയ്യുന്നതിന് ഇടയന്മാർക്ക് കിണറുകളെ അഭയം പ്രാപിക്കുകയേ നിവൃത്തിയുള്ളു. ഇടയൻ തന്റെ ആടുകൾക്കായി പ്രത്യേകമായി അദ്ധ്വാനിച്ചു ഉണ്ടാക്കി ക്രമീകരിച്ചിരിക്കുന്നതാണ് ഈ കിണർ. ആടുകൾ അത് മനസ്സിലാക്കുന്നില്ലായിരിക്കാം. പക്ഷെ, ഇടയൻ അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുണ്ട്. തന്റെ ആടുകളായ ദൈവജനത്തിനുവേണ്ടി നല്ല ഇടയനായ യേശു എന്തെല്ലാം ചെയ്യേണ്ടി വന്നു എന്നതിന്റെ ശരിയായ ഒരു ചിത്രം നമുക്ക് ദർശിക്കുവാൻ കഴിയും. അവിടവിടെയായി ചില കുഴികളിൽ വെള്ളം നിറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. പക്ഷെ, നല്ല ഇടയന്മാർ ആടുകളെ അതിലേക്ക് നയിക്കുകയില്ല. കാരണം അതിലെ ജലം നല്ലതായിരിക്കയില്ല. അഴുക്കും മററും വീണു ജലം മലിനപ്പെട്ടിരിക്കുകയോ അണുക്കൾ കടന്നുകൂടിയിരിക്കുകയോ ചെയ്യാം. ആടുകളെപ്പററി ചിന്തയില്ലാത്ത കൂലിക്കാരായ ഇടയന്മാർ ആ വിധ ജലത്തിലേക്ക് ആടുകളെ നയിച്ചുവെന്നു വരാം. എന്നാൽ ആ ആടുകൾ ക്രമേണ രോഗികളായിത്തീരുന്നു. അപ്രകാരമുള്ള ജലത്തിലേക്ക് നയിക്കുന്നത് ഇടയന് വളരെ എളുപ്പമാണ്. യാതൊരു ചിലവുമില്ല, യാതൊരു അദ്ധ്വാനവും വേണ്ട. പക്ഷെ, ആടുകളെ സ്നേഹിക്കുന്ന നല്ല ഇടയന്മാർ ഒരിക്കലും അപ്രകാരം ചെയ്യുകയില്ല. നമ്മുടെ നല്ല ഇടയനായ യേശു, നമ്മെ ഏതെങ്കിലും ജലത്തിലേക്ക് നയിക്കുന്നവനല്ല. സ്വർഗ്ഗത്തിൽ നിന്നും താണലോകത്തിലേക്ക് അവൻ ഇറങ്ങി വന്നതും കാൽവറിയിൽ കഷ്ടതയേററു മരിച്ചതും ഉയിർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്കു പോയതെല്ലാം, ഇവ ഒരുക്കുവാൻ വേണ്ടിയായിരുന്നു. തന്റെ സ്വന്തം ജീവനെ തന്നെ അതിന് വിലയായി അവൻ നൽകേണ്ടി വന്നു. സ്നേഹിതാ, നമ്മെ സഹായിപ്പാൻ, ജീവജലം നമുക്ക് പ്രദാനം ചെയ്യുവാൻ അവൻ എത്രമാത്രം സഹിച്ചുവെന്നും ചെലവു ചെയ്തുവെന്നും നാം മനസ്സിലാക്കണം. ആ ജലത്തിന്റെ അടുക്കലേക്കാണ് അവൻ തന്റെ ആടുകളെ നയിക്കുന്നത്. അപ്രകാരമുള്ള കിണററിലേക്ക് ഇറങ്ങുവാൻ പലപ്പോഴും ആടുകൾ വളരെയധികം മടിക്കാറുണ്ട്. തങ്ങളുടെ ഇടയൻ തങ്ങൾക്ക് മുമ്പായി ആ പടികളിലൂടെ താഴേക്ക് ഇറങ്ങുന്നതായി കാണാം.

തുടരും...

**Day 73 of 90 days** ✝ ✝ ✝ **6th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

താഴെയുള്ള അനുഭവം എന്താണെന്ന് അവയ്ക്കു വ്യക്തമല്ലെങ്കിലും ഇടയനെ വിശ്വാസമുള്ള ആടുകൾ ഇടയന്റെ പിന്നാലെ പോകുന്നു. ഒടുവിൽ താഴെ എത്തുന്നു. അതാ, അവിടെ നല്ല തണുപ്പുള്ള നിശ്ചലജലം. അവിടെ ഇടയൻ നിൽക്കുന്നു. ആടുകൾ ഓരോരോന്നോരോന്നായി ഭയപ്പെടാതെ ഇറങ്ങി നിന്നു കുടിക്കുന്നു. അവസാനത്തെ ആടും കുടിക്കുന്നതുവരെ ഇടയൻ അവിടെത്തന്നെ നിൽക്കും. എല്ലാം കുടിച്ചു എന്നു ബോദ്ധ്യപ്പെട്ടു കഴിയുമ്പോൾ ഇടയൻ മുകളിലേക്കു കയറുകയും ആടുകൾ തന്നെ അനുഗമിക്കുകയും ചെയ്യുന്നു. ക്രിസ്തീയജീവിതത്തിലെ ഒരു പ്രത്യേക അനുഭവത്തെയാണ് ഇത് കാണിക്കുന്നത്. ചില ദൈവമക്കൾ തങ്ങൾക്ക് ആവശ്യമായിരിക്കുന്ന ആത്മീയജലം പാനം ചെയ്യുന്നതിനായി, നമ്മുടെ ഇടയൻ അവരുടെ ജീവിതത്തിൽ ചില പ്രത്യേക രംഗങ്ങൾ ഒരുക്കാറുണ്ട്. ചില കുഴികളിലേക്ക് ഇറങ്ങുവാൻ അവൻ നമ്മെ നിർബന്ധിച്ചുവെന്നു വരാം. അതായത്, നാം പ്രതീക്ഷിക്കാത്ത ചില പ്രയാസരംഗങ്ങളിലേക്ക് അവൻ നമ്മെ നയിച്ചുവെന്ന് വരാം. അവിടേക്ക് ഇറങ്ങുവാൻ നമുക്ക് പ്രയാസമായിരിക്കും. ഇടുങ്ങിയതും പ്രകാശമില്ലാത്തതുമായ ആ പാതയിലൂടെ താഴേക്കിറങ്ങുക. ഇറങ്ങുന്തോറും തണുപ്പും ഇരുട്ടും വർദ്ധിക്കുന്നു. താഴെ അററം കാണാതെ നാം ആകെ ഭയപ്പെടുന്നു.'എന്റെ കർത്താവേ! എന്നെ എവിടേക്കാണ് നയിക്കുന്നത്, എല്ലാം തകരുവാൻ പോകുകയാണോ, ആശയ്ക്കുള്ള യാതൊരു വകയും കാണുന്നില്ലല്ലോ'. ഈ വിധ രംഗങ്ങളിലേക്ക് ഇടയൻ നമ്മെ നയിച്ചിട്ടുണ്ടോ, ഭയപ്പെടേണ്ട, നാം അല്പം ആത്മീയജലം കുടിക്കേണ്ടതായ ആവശ്യമുണ്ടെന്നു മനസ്സിലാക്കിയ ഇടയൻ നമ്മെ ആ വെള്ളത്തിലേക്ക് നയിക്കുകയാണ്. അതിരാവിലെ എഴുന്നേററ് പ്രഭാതമഞ്ഞ് പാനം ചെയ്യാത്ത ആടുകളെയെല്ലാം ഇടയൻ നിർബന്ധമായി ഇതിലേക്ക് നയിക്കാറുണ്ട്. ദൈവം നൽകുന്ന സന്ദർഭത്തെ തക്കത്തിൽ ഉപയോഗിക്കാത്ത പലരുണ്ട്. അവർ ഈ സാഹചര്യങ്ങളിലേക്ക് ഇറങ്ങുവാൻ പലപ്പോഴും നിർബന്ധിക്കപ്പെടാറുണ്ട്. അപ്രകാരമുള്ളവരാണ് ഈ രംഗത്ത് ഭയപ്പെട്ടു നിലവിളിക്കുന്നത്. രംഗത്തിന്റെ ലക്ഷ്യം അവർ മനസ്സിലാകുന്നില്ല. എന്നാൽ അപ്രകാരമുള്ള രംഗത്ത് നാം ഭയപ്പെടേണ്ടതില്ല, എന്തെന്നാൽ നമ്മുടെ ഇടയൻ നമ്മോടുകൂടെയുണ്ട്. ഈ രംഗത്ത് തികഞ്ഞ അന്ധകാരവും വല്ലാത്ത തണുപ്പും ആയിരിക്കും. പക്ഷെ നാം ഒററയ്ക്കല്ല ഇടയൻ കൂടെയുണ്ട്. അവൻ പോകുവാൻ പറയുന്നവനല്ല, എന്റെ പിന്നാലെ വരിക എന്നു പറയുന്നവനാണ്. നാം അവനെ അനുഗമിച്ചാൽ മതി. അധികം താമസിയാതെ ആ ജീവജലത്തിന്റെ സവിധത്തിൽ നാം എത്തും. ഭയപ്പെടാതെ കുടിക്കുക. ഇടയൻ നമ്മെ അവിടേക്ക് നയിച്ചത്, നാം അവിടെ നിന്നും കുടിക്കേണ്ടതിനാണ്. കുടിക്കുക, മതിവരുവോളം കുടിക്കുക. ഇടയൻ അത് നോക്കി നിൽക്കുകയാണ്.

തുടരും...

**Day 74 of 90 days** ✝✝✝ **7th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആവശ്യത്തിനുള്ള ജീവജലം പാനം ചെയ്തു എന്നു കാണുമ്പോൾ ഇടയൻ തന്നെ നമ്മെ മുകളിലേക്ക് നയിക്കുന്നു. വീണ്ടും മുകളിലെത്തി കഴിയുമ്പോൾ, 'ഞാൻ കുഴിയിൽ ഇറങ്ങിയത് നന്നായി ' എന്നു പറയുവാൻ സാധിക്കും. ദാവീദിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഞാൻ കഷ്ടത്തിലായത് എനിക്ക് ഗുണമായി' എന്നാണ്. കുഴിയിലിറങ്ങുവാനുള്ള ഭയം നിമിത്തം ചില ആടുകൾ ഇടയൻ കാണാതെ അവിടെ നിന്ന് ഓടിപ്പോകാറുണ്ട്. വെള്ളം കുടിച്ചേ മതിയാകു എന്നതിനാൽ, ഓടുന്ന വഴിയിൽ കാണുന്ന കുഴിയിൽ നിന്നും അവ വെള്ളം കുടിക്കുന്നു. അത് മലിനജലമാണ്. ഇത് ആടിന്റെ നാശത്തിന് കാരണമാകുന്നു എന്നു മാത്രമല്ല. ഇടയന്റെ ഹൃദയത്തെ വേദനിപ്പിക്കുകയും ചെയ്യുന്നതാണ്. കഷ്ടതയുടെ കുഴിയിലേക്ക് ഇടയൻ നയിക്കുമ്പോൾ, കർത്താവിനെ നോക്കികൊണ്ട് അവിടെ ധൈര്യമായി നിൽക്കുന്നതിനു പകരം അവിടെ നിന്ന് ഓടി കഷ്ടപ്പെടാതെ ജലം കുടിക്കുവാൻ ശ്രമിക്കുന്ന ആടുകൾ ഇന്നും ഉണ്ട്. പക്ഷെ, അത് അവരുടെ നാശത്തിനു വഴി തെളിക്കുകയേയുള്ളു എന്ന് മനസ്സിലാക്കുമ്പോഴേക്കും പലപ്പോഴും അപകടം സംഭവിച്ചു കഴിഞ്ഞിരിക്കും. ആകയാൽ സ്നേഹിതാ, ഏതു വിധ കഷ്ടതയായലും ഇടയനെ പിൻപററി ആ നിശ്ചലജലത്തിൽ നിന്നും കുടിച്ചു ബലം പ്രാപിക്കുക. ജലം ലഭിക്കുവാനുള്ള മൂന്നാമത്തെ മാർഗ്ഗം ഒഴുക്കുജലമാണ്. എന്നാൽ നല്ലതുപോലെ ഒഴുകുന്ന ജലത്തിൽ നിന്നും കുടിപ്പാൻ ആടുകൾക്ക് കഴിയുകയില്ല. അങ്ങനെ ഒഴുകുന്ന നദിയുടെ ചില സ്ഥലങ്ങളിൽ ചില പാറയിടുക്കുകൾ ഉണ്ടായിരിക്കും. ആ പാറകളുടെ ഇടയിലുള്ള ജലം നിശ്ചലമായിരിക്കും. അല്ലെങ്കിൽ ജലം നിശ്ചലമാക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. അതിനുശേഷം ഇടയൻ ആടുകളെ അവിടേക്ക് നയിക്കുന്നു. ചുററുപാടുകളിൽ വെള്ളം ശക്തിയായി ഒഴുകിക്കൊണ്ടിരിക്കയായിരിക്കാം. എന്നാൽ അതിന്റെയെല്ലാം മദ്ധ്യത്തിൽ ഇടയൻ തന്റെ ആടുകൾക്കായി നിശ്ചലജലം ഒരുക്കിയിരിക്കുന്നു. ലോകത്തിന്റെ എല്ലാ ജോലിത്തിരക്കുകളുടെയും ധനത്തിന്റെ ധൃതഗതിയുടെയും ഈ കാലത്ത് എങ്ങനെ നിശ്ചലജലം ലഭിക്കും എന്ന് സംശയിച്ചേക്കാം. എല്ലാ ബഹളവും തിക്കും തിരക്കും ആയിരിക്കുന്നു എന്നതു ശരിയാണ്. അതിന്റെയിടയിൽ, അതാ ഇടയൻ നിശ്ചലമായ ജലം തന്റെ ആടുകൾക്കായി ക്രമീകരിച്ചിരിക്കുന്നു, എത്ര നല്ല ഇടയൻ. എല്ലാ ബഹളങ്ങളുടെയും ഇടയിൽ ദൈവജനം ദൈവസന്നിധിയിലിരുന്ന് അനുഗ്രഹം പ്രാപിക്കാറുണ്ടല്ലോ. ഭവനത്തിൽ വലിയ ജോലിത്തിരക്കും കുഞ്ഞുങ്ങളുടെയും മററും ബഹളമായിരിക്കും. എന്നാൽ അതിന്റെയെല്ലാം മദ്ധ്യത്തിൽ അല്പം ശാന്തമായ രംഗം ഇടയൻ നമുക്ക് ഒരുക്കുന്നുണ്ടല്ലോ.

തുടരും...

**Day 75 of 90 days** ✝✝✝ **8th January 2018**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

പെന്തെക്കൊസ്തു നാളിൽ യരുശലേമിലെ അന്തരീക്ഷം എന്തായിരുന്നു, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പതിനായിരക്കണക്കിനു ആളുകൾ അവിടെ തിങ്ങിക്കൂടിയിരിക്കുകയാണ്. എവിടെയും ആൾക്കൂട്ടവും ബഹളവും. ശാന്തമായ അന്തരീക്ഷം ആ പട്ടണത്തിലെങ്ങുമില്ല. എന്നാൽ അതിന്റെ മദ്ധ്യത്തിൽ ഒരു മാളിക മുറിയിൽ, അതാ ഒരു ചെറിയ കൂട്ടം. എല്ലാ തിരക്കുകളിൽ നിന്നും ഒഴിഞ്ഞ് ബഹളങ്ങളിൽ നിന്ന് ഒററപ്പെട്ട് ശാന്തമായി യേശു ഒരുക്കിയ സ്ഥാനത്ത് ആയിരിക്കുന്നു. ബഹളങ്ങൾക്കിടയിൽ നിന്നവർ ഒന്നും പ്രാപിക്കാതിരുന്നപ്പോൾ ദൈവം ഒരുക്കിയ മാളിക മുറിയിലിരുന്നവർ നിശ്ചലജലം കുടിക്കുകയായിരുന്നു. എത്രയോ ശ്രേഷ്ഠമായ അനുഭവം. സ്നേഹിതാ, എല്ലാ സാഹചര്യങ്ങളുടെയും തിരക്കുകളുടെയും മദ്ധ്യത്തിലും നമുക്ക് ശാന്തമായ അന്തരീക്ഷം പ്രാപിപ്പാൻ പ്രയാസമുണ്ടാകുകയില്ല. നിശ്ചലജലം കുടിപ്പാൻ നിഷ്പ്രയാസം സാധിക്കുകയും ചെയ്യും. വെള്ളം ധാരാളമുണ്ട് എന്ന വിചാരത്തിൽ ചില ആടുകൾ ഇടയൻ നിർദ്ദേശിക്കുന്നിടത്തു നിൽക്കാതെ ഓടിപ്പോയി മററു സ്ഥലങ്ങളിൽ നിന്ന് വെള്ളം കുടിക്കാൻ ശ്രമിക്കാറുണ്ട്. അവ വെള്ളത്തിൽ വീണ് ഒഴുക്കിൽ ആകാനും ഇടയുണ്ട്. എന്നാൽ ഇടയൻ ഒരുക്കുന്ന സ്ഥാനത്തു നിൽക്കുന്ന ആടുകൾ വെള്ളം കുടിച്ച് തൃപ്തി പ്രാപിക്കുന്നു. അഥവാ വഴുതി വീണാൽ രക്ഷിപ്പാനായി ഇടയൻ അവിടെ തന്നെ ഉണ്ടായിരിക്കും ഭയപ്പെടാതെ അവയ്ക്കു കുടിപ്പാൻ സാധിക്കും. ആകയാൽ ദൈവം ഒരുക്കുന്ന നിശ്ചല ജലത്തിലേക്ക് ഇടയൻ നമ്മെ നയിക്കുമ്പോൾ ഭയപ്പെടാതെ ഇടയനെ അനുഗമിക്കുക. അത് നമുക്ക് അനുഗ്രഹത്തിനും ശക്തീകരണത്തിനും നിലനിൽപ്പിനും സഹായമായിത്തീരും. ഒരു ആട് തന്റെ നല്ല ഇടയനെപ്പററി 'എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുന്നു. ഇംഗ്ലീഷിൽ ഇത് 'He restoreth my soul' എന്നാണ്. Restore എന്ന വാക്കിന്റെ ശരിയായ അർത്ഥം, പുനഃസ്ഥാപിക്കുക ആഥവാ 'പഴയ സ്ഥാനത്തു തന്നെ വീണ്ടും വയ്ക്കുക' എന്നതാണ്. എന്തെങ്കിലും ഒന്ന്, അത് ഇരുന്ന അഥവാ അതിനെ വച്ചിരുന്ന സ്ഥാനത്തു നിന്ന് മാറിപ്പോകയോ മാററപ്പെടുകയോ ചെയ്താൽ, അതിനെ വീണ്ടും അതേ സ്ഥാനത്തു തന്നെ പുനഃസ്ഥാപിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. ഈ നിലയിൽ നാം ചിന്തിച്ചാൽ, 'എന്റെ ഇടയൻ എന്റെ പ്രാണനെ പഴയ സ്ഥാനത്ത് പുനഃസ്ഥാപിക്കുന്നു' എന്ന വാക്യം വായിക്കാവുന്നതാണ്. ഒരു ദൈവപൈതലിന്റെ ആത്മാവ് ക്ഷീണിച്ച് തളർന്നു, അത് ആയിരിക്കേണ്ട സ്ഥാനത്തു നിന്ന് അന്യപ്പെടുന്നതായ രംഗമുണ്ടാകുമ്പോൾ നല്ല ഇടയനായ യേശു അവിടെയെത്തി അവന്റെ ആത്മാവിനെ പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ഇടയന്റെ സ്നേഹത്തിന്റെ ചിത്രമാണ് ഇവിടെ കാണപ്പെടുന്നത്.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഇടയൻ എപ്പോഴും തന്റെ ആടുകളെപ്പററി അത്യധികം ശ്രദ്ധയുള്ളവനായിരിക്കേണ്ടതിന്റെ ആവശ്യം ഇതു കൂടെയാണ്. തന്റെ ആടുകൾ മേഞ്ഞുകൊണ്ട് നടക്കുന്നതിനിടയിൽ ഏതെങ്കിലും കാരണത്താൽ ഒരാട് എവിടെയെങ്കിലും വീണുപോയി എന്നുവരാം. അങ്ങനെ സംഭവിക്കുന്നതിനു വിവിധ കാരണങ്ങൾ ഉണ്ടാകാം എന്നതു ശരിയാണ്. എന്നാൽ അതിന്റെ ഫലം ആട് എഴുന്നേററ് മററാടുകളോടുകൂടെ വീണ്ടും നടക്കുവാൻ കഴിയാത്ത നിലയിൽ, വീണസ്ഥാനത്ത് കിടന്നു പോകുന്നു എന്നതാണ്. ഇടയൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ആടിന് ആപത്ത് സംഭവിക്കുന്നു. അതുകൊണ്ടാണ് ഇടയൻ ദിവസവും വൈകിട്ട് തന്റെ ആടുകളെ എണ്ണി നോക്കാറുള്ളത്. തന്റെ ആടുകളെല്ലാം മടങ്ങിയെത്തിട്ടുണ്ടോ എന്ന് വ്യക്തമായും അറിയുന്നതിനാണ് ഇടയൻ അപ്രകാരം ചെയ്യുന്നത്. പൊതുവായി ഒന്നു നോക്കിയതുകൊണ്ടു മാത്രം എല്ലാ ആടുകളും ഉണ്ടോ എന്ന് അറിയുകയില്ല. അതുകൊണ്ട്, അവൻ അവയെ എണ്ണിനോക്കുന്നു. പലപ്പോഴും ജലാശയത്തിന്നരികിലേക്ക് ആടുകളെ നയിച്ചശേഷം അവ കിടന്നു വിശ്രമിക്കുവാൻ ആരംഭിക്കുമ്പോൾ ഇടയൻ അവയെ എണ്ണിനോക്കുന്നു. ആടുകൾ എവിടെയെങ്കിലും വീണുപോകുവാൻ സാദ്ധ്യതയുണ്ട് എന്നതാണ് അതിന്റെ കാരണം. ആടുകൾ വീണുപോയാൽ, ഒരിക്കലും അതിന് സ്വയമായി രക്ഷിപ്പാൻ കഴിയുകയില്ല എന്നതും ഒരു വസ്തുതയാണ്. ഇടയൻ അവിടെയെത്തി രക്ഷിക്കുന്നില്ലെങ്കിൽ, ആ ആടിന്റെ അവസ്ഥ വളരെ മോശമാകും. എന്നാൽ ഇവിടെ, നല്ല ഇടയനായ യേശുവിന്റെ ആടു പറയുകയാണ്, ‘ എന്റെ ഇടയൻ എന്റെ പ്രാണനെ പുനഃസ്ഥാപിക്കുന്നു’. വിശുദ്ധ ലൂക്കൊസ് 15 –ാം അദ്ധ്യായത്തിൽ കാണപ്പെടുന്ന കാണാതെപോയ ആടിന്റെ ഉപമയിൽ ഈ ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. പകൽ മുഴുവൻ ഇടയൻ ആടുകളെ പച്ചപുൽപ്പുറത്തും നിശ്ചലമായ ജലത്തിനരികത്തും മാറി മാറി നയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ ഒരു ആട് എങ്ങനെയോ ഒരു കുഴിയിൽ വീണു പോയി. അപ്പോൾ ഇടയൻ അത് അറിഞ്ഞില്ല. തനിക്കുണ്ടായ നഷ്ടത്തെപ്പററി യാതൊന്നും അറിയാത്ത ഇടയൻ തന്റെ ആടുകളെയെല്ലാം വൈകിട്ട് ആലയിലേക്ക് നയിച്ചു. സാധാരണപോലെ ആലയിലേക്ക് പ്രവേശിക്കുന്ന ആടുകളെ അവൻ എണ്ണി നോക്കി. ആകെ നൂറ് ആടുകൾ ഉണ്ടായിരുന്നു. ഇപ്പോൾ തൊണ്ണൂററിയൊൻപത് മാത്രമേയുള്ളു. ഒരെണ്ണം എവിടെയോ വീണുപോയിരിക്കുന്നു. തൊണ്ണൂററിയൊൻപത് ഉണ്ടല്ലോ, ഒന്നല്ലേ പോയുള്ളു, സാരമില്ല എന്നു പറഞ്ഞുകൊണ്ട് കിടന്നുറങ്ങുവാൻ ആ നല്ല ഇടയന് സാധിച്ചില്ല. കൂലിക്കാരനായ ഇടയനായിരുന്നെങ്കിൽ അപ്രകാരം ചെയ്യുമായിരുന്നു. അല്ലെങ്കിൽ ഈ രാത്രിയിൽ ഞാൻ എന്തു ചെയ്യുവാനാണ്. നേരം വെളുത്തിട്ട് പോയി നോക്കാം എന്നു പറഞ്ഞ് സ്വയം സമാധാനപ്പെടുവാൻ ശ്രമിക്കുമായിരുന്നു. എന്നാൽ സ്വന്തം ഇടയന് അപ്രകാരം പറഞ്ഞ് കൊണ്ടിരിക്കാൻ സാദ്ധ്യമല്ല.

തുടരും...

**Day 77 of 90 days** **10th January 2018**

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ഒരു ആട് നഷ്ടപ്പെട്ടാൽ അത് ഇടയന് വലിയ നഷ്ടമാണ്. കാരണം അത് അവന്റെ സ്വന്തം ആടാണ്. അതിന് അവൻ വില കൊടുത്തിട്ടുള്ളതാണ്. ഇതിനകം തന്നെ അതിനുവേണ്ടി വളരെയധികം അദ്ധ്വാനിക്കുകയും ചെലവിടുകയും ചെയ്തിട്ടുണ്ട്. ആകയാൽ അത് പോകട്ടെ, ബാക്കിയുണ്ടല്ലോ എന്നു പറഞ്ഞിരിക്കുവാൻ അവന്റെ ഹൃദയം അവനെ അനുവദിക്കുകയില്ല. ഇടയൻ തന്റെ തൊണ്ണൂററിയൊൻപത് ആടുകളെയും ആ ആലയിൽ വിട്ടിട്ട്, കാണാതെപോയ ആ ഒരാടിനെ അന്വേഷിച്ച് ഇറങ്ങുന്നു. പകൽ തന്നെ വളരെ സൂക്ഷിച്ച് മാത്രം നടക്കേണ്ട ആ വഴിയിലൂടെ രാത്രിയിൽ നടക്കുക എത്ര പ്രയാസമാണ്. അവന്റെ കാലുകൾ കല്ലിൽ തട്ടുകയും ശരീരത്തിൽ മുള്ളുകൾ കുത്തിക്കയറുകയും ചെയ്യുന്നു. ദുഷ്ടജന്തുക്കളുടെ ചീററലും അലർച്ചയും ഇരുവശവും മുഴങ്ങുന്നു. എങ്ങും വല്ലാത്ത ഇരുട്ട്. പക്ഷെ അവയൊന്നും ഇടയന്റെ ശ്രദ്ധയിൽപെടുന്നില്ല. അവന്റെ ഹൃദയം മുഴുവൻ കാണാതെപോയ ആ ഒരു ആടിനെകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതിനെ കണ്ടെത്തിയല്ലാതെ, താൻ മടങ്ങിപ്പോകയില്ല. ആ അന്വേഷണത്തിൽ നിന്നും തന്നെ പിൻതിരിപ്പിക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്ന വാക്യം ഇവിടെയാണ് തികച്ചും അന്വർത്ഥമായി കാണപ്പെടുന്നത്. എല്ലാ പ്രതിബന്ധങ്ങളെയും സഹിച്ചുകൊണ്ട് ഇടയൻ പകൽ സഞ്ചരിച്ച എല്ലാ വഴികളിലൂടെയും മുന്നോട്ടു പോകുന്നു. ഒടുവിൽ അതാ ആ കുഴിയിൽ, തന്റെ ആട് കിടക്കുന്നു. അത് വീണു കിടക്കുകയാണ്. തനിയെ എഴുന്നേൽക്കുവാൻ നിവൃത്തിയില്ല. കിടന്നു നിലവിളിക്കുകയല്ലാതെ മററൊരു മാർഗ്ഗവും ഇല്ല. 'എന്റെ ഇടയൻ എത്രയും വേഗം വന്ന് എന്നെ രക്ഷിച്ചില്ലെങ്കിൽ വല്ല ദുഷ്ടമൃഗങ്ങളും വന്ന് എന്നെ കടിച്ചുകീറിക്കളയും' എന്ന രീതിയിൽ 'എന്റെ ഇടയൻ വരണമേ' യെന്ന പ്രാർത്ഥനയോടെ അത് അവിടെ കിടക്കുകയാണ്. അതിന്റെ ഏക പ്രത്യാശ സ്വന്തം ഇടയൻ മാത്രമാണ്. പെട്ടെന്ന് ആട് ഒരു ശബ്ദം കേട്ടു, നിമിഷനേരത്തേക്ക്, ഏതെങ്കിലും ദുഷ്ടമൃഗങ്ങളായിരിക്കുമോ അതെന്ന് ആട് ഭയപ്പെട്ടിരിക്കാം. പക്ഷെ അടുത്ത നിമിഷത്തിൽ ആടിന് സുപരിചിതമായ ഒരു ശബ്ദം കേൾക്കുന്നു. ശബ്ദം കേൾക്കുന്നു എന്നു മാത്രമല്ല, തന്റെ പേരുചൊല്ലി വിളിക്കുകയാണ്. ആടിന് കാര്യം വ്യക്തമായി. എന്റെ ഇടയൻ എന്നെ അന്വേഷിച്ച് എന്നെ രക്ഷിപ്പാനായി ഇതാ എത്തിയിരിക്കുന്നു. അതിന്റെ ഭയവും ഭീതിയും നിരാശയും ചിന്തയും നിമിഷത്തിനിടയിൽ ഓടി മറഞ്ഞു. ഇടയന്റെ സ്നേഹത്തെ കുറിച്ചുള്ള ചിന്ത അതിനെ വികാരഭരിതമാക്കിയിരിക്കാം. ആ സ്നേഹത്തിന്റെ മുമ്പിൽ അതിന്റെ ഹൃദയം ആനന്ദത്തിൽ നിറഞ്ഞിരിക്കുന്നു. വികാരതള്ളലോടു കൂടെത്തന്നെ, ആ ആട് ശബ്ദം പുറപ്പെടുവിച്ച്, താൻ അവിടെയുണ്ടെന്ന് ഇടയനെ അറിയിച്ചു. ഇടയൻ അവിടേക്ക് സൂക്ഷിച്ചുനോക്കി. അതെ തന്റെ ആട് അവിടെയുണ്ട്.

തുടരും…

Day 78 of 90 days ✝✝✝ 11th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആടിന്റെ ആശങ്കയെല്ലാം ഓടിമറഞ്ഞു. സന്തോഷത്താൽ ഹൃദയം കുതിച്ചുയർന്നു. യാതൊന്നും ചിന്തിക്കാതെ, അപകടത്തെ കുറിച്ചു ഗൗനിക്കാതെ ഇടയൻ ആ കുഴിയിലേക്ക് ചാടിയിറങ്ങി. സന്തോഷത്താൽ നിറയപ്പെട്ട രണ്ടു ഹൃദയങ്ങൾ തമ്മിൽ അടുക്കുകയാണ്. കാണാതെപോയ തന്റെ ആടിനെ കണ്ടുകിട്ടിയ സന്തോഷമാണ് ഇടയനുള്ളതെങ്കിൽ, തന്നെ രക്ഷിപ്പാനായി, വീണ്ടെടുപ്പാനായി തന്റെ ഇടയൻ അവിടെയെത്തി എന്നതിലാണ് ആട് സന്തോഷിക്കുന്നത്. ഇടയൻ വീണ്ടും ആടിന്റെ പേര് വിളിച്ചു. ആട് അതിന് മറുപടിയായി വികാരവായ്പോടെ ശബ്ദം പുറപ്പെടുവിച്ചു. രണ്ടുപേരും വ്യക്തമായി പരസ്പരം തിരിച്ചറിഞ്ഞു. ഇടയൻ കുനിഞ്ഞ് തന്റെ ആടിനെ കോരിയെടുത്തു. അവിടെയുണ്ടായിരുന്ന മാലിന്യങ്ങളോ മറ്റെന്തെങ്കിലുമോ അവന് പ്രശ്നമല്ല. സ്നേഹം മാത്രമാണ് അവിടെ പ്രകടമായി കാണുന്നത്. ആടിനെ ഇടയൻ തോളിലിട്ടുകൊണ്ട് ആ കുഴിയിൽ നിന്ന് കയറി തന്റെ ആലയിലേക്ക് നടന്നു. ആടിനോടുണ്ടായിരുന്ന സ്നേഹത്തിന്റെ ശക്തിയിലാണ് ഇടയൻ ഇങ്ങോട്ട് നടന്നുവന്നതെങ്കിൽ, അതിനെ കണ്ടെത്തിയതിലുള്ള സന്തോഷത്തിന്റെ ശക്തിയിലാണ് അവൻ ഇപ്പോൾ നടന്നുപോകുന്നത്. അതിവേഗത്തിൽ അവൻ ആലയത്തിൽ എത്തി. കാണാതെപോയിരുന്ന തന്റെ ആടിനെ മററുള്ളവയോടൊപ്പം നിർത്തിയിട്ട് നിവർന്ന് നിന്ന് ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ദീർഘശ്വാസം വിട്ടു. ആടും മററാടുകളുടെ ഇടയിൽ ഒന്നു നിവർന്നു നിന്നു. കാണാതെ പോയ എന്റെ ആടിനെ കണ്ടുകിട്ടിയിരിക്കുന്നു. ആകയാൽ എന്നോടുകൂടെ സന്തോഷിപ്പിൻ എന്ന് ഇടയൻ പറയുമ്പോൾ, ആ ആടിന് എന്താണ് പറയുവാനുള്ളത്. അത് പറയുന്നു, എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിച്ചു അഥവാ ഞാൻ നഷ്ടപ്പെട്ടുപോയിരുന്ന സ്ഥാനത്തു നിന്നും എന്റെ ഇടയൻ എന്നെ കോരിയെടുത്ത് എന്നെ പഴയ സ്ഥാനത്ത് പുനഃസ്ഥാപിച്ചിരിക്കുന്നു. സ്നേഹിതാ, നമ്മുടെ നല്ല ഇടയനായ കർത്താവായ യേശു ക്രിസ്തുവിന്റെ സ്നേഹപ്രവർത്തനത്തിന്റെ എത്രയോ മനോഹരമായ ഒരു ചിത്രമാണിത്. വിവിധ കാരണങ്ങളാൽ അവിടവിടെ തളർന്നു വീണുകിടക്കുന്ന പ്രാണൻ അവിടെ കിടന്ന് നശിച്ചുപോകുവാൻ ഈ നല്ല ഇടയൻ ആഗ്രഹിക്കുന്നില്ല. കുറെ വിശ്വാസികൾ തന്നോടുകൂടെ നിലനിൽക്കുന്നു എന്നതിനാൽ മാത്രം അവൻ തൃപ്തനല്ല. തന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയ ഒരു പ്രാണൻ പോലും നഷ്ടപ്പെട്ടുപോകരുത് എന്ന് അവന് നിർബന്ധവും താൽപര്യവും ഉണ്ട്. ആകയാൽ, തളർന്നു വീണു കിടക്കുന്ന പ്രാണനെ വീണ്ടെടുത്ത് പുനഃസ്ഥാപിക്കുവാൻ അവൻ അവരുടെ അടുക്കലേക്കു കടന്നുചെല്ലുന്നു. പത്രൊസ് വീണുപോയപ്പോൾ, യേശുവിനെ തള്ളിപറഞ്ഞപ്പോൾ, യേശു അവനെ തള്ളിക്കളയാതെ, അവനെ നോക്കുകയും അവനെ വീണ്ടെടുത്ത് പഴയസ്ഥാനത്ത് ആക്കുകയും ചെയ്തു.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

വിശ്വസിക്കുവാൻ കഴിയാതെപോയ തോമസ്സ്, കർത്താവ് ജീവിക്കുന്നു എന്നു വിശ്വസിപ്പാൻ തയ്യാറാകാതെ തന്റെ അവിശ്വാസത്തിൽ തന്നെ ഉറച്ചുനിന്നപ്പോൾ, ബാക്കിയുള്ള ശിഷ്യന്മാർ മതി എന്ന് സമാധാനിച്ചിരിക്കാതെ അവനുവേണ്ടി മാത്രമായി ശിഷ്യന്മാരുടെ മദ്ധ്യേ വീണ്ടും പ്രത്യക്ഷനായി. അവനെ പേർചൊല്ലി വിളിച്ചു അവനെ വീണ്ടെടുത്ത് യഥാസ്ഥാനത്തു പുനഃസ്ഥാപിച്ചതായി നാം അറിയാം. അവന്റെ സ്നേഹം എത്ര വലിയത്. അവൻ ചതഞ്ഞ ഓടയെ ഒടിക്കുകയോ പുകയുന്ന തിരിയെ കെടുത്തുകയോ ചെയ്യുന്നില്ല. സ്നേഹിതാ, നാം ഈ അവസ്ഥയിൽ ക്ഷീണിച്ച് തളർന്ന്, വീണ അവസ്ഥയിൽ, ഇനിയും ആശയ്ക്കു മാർഗ്ഗമില്ല എന്ന ചിന്തയിൽ കഴിയുകയാണോ. ഭയപ്പെടേണ്ട, നമ്മെ സ്നേഹിക്കുന്ന ഒരു ഇടയനുണ്ട്. അവൻ നമ്മെ വീണ്ടെടുത്ത് പുനഃസ്ഥാപിക്കുവാൻ നമ്മുടെ അടുക്കലേക്കു വരുന്നു. എഴുന്നേൽക്കുക, അവന്റെ അടുത്തേക്ക് ചെല്ലുക. അവന്റെ സ്നേഹത്തെ കാണുക. വികാരവായ്പോടെ അവന്റെ പാദാന്തികെ വീഴുക. അവൻ നമ്മെ പുനഃസ്ഥാപിക്കും. അവൻ നമ്മെ പ്രാണനെ തണുപ്പിക്കും. നിന്റെ ആത്മാവ് ഉള്ളിൽ വിഷാദിച്ച് വീണുകിടക്കുന്നതെന്ത്. തുടർന്ന് ഒരു വിലയേറിയ ആഹ്വാനവും, ദൈവത്തിൽ പ്രത്യാശവയ്ക്കുക. ദൈവത്തെ സ്തുതിക്കുക. ഈ വിധം വീണു കിടക്കുന്ന അനുഭവം ഒരു ദൈവപൈതലിന് ഉണ്ടാകുക തീരെ അസ്വാഭിവകമാണ് എന്ന് ചിന്തിക്കുവാൻ നമുക്കിടയാകരുത്. അങ്ങനെ ചിന്തിക്കുവാനിടയായാൽ ആ രംഗത്തെയും കൂടെ സാത്താൻ ശക്തിയായി ചൂഷണം ചെയ്യുവാൻ ഇടയാകും എന്ന വസ്തുത നാം ഓർത്തുകൊള്ളേണ്ടതാണ്. ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം കാലം നമ്മെ അലട്ടുകയും വേദനപ്പെടുത്തുകയും ചെയ്യുന്ന അനേക കാര്യങ്ങൾ ഉണ്ടായി എന്നു വരാം. അത് ആവശ്യമില്ലാത്ത കാര്യമാണെങ്കിലും അത് അതിൽ തന്നെ ഒരു പാപമല്ല. വീഴുമ്പോൾ തന്നെ, ദൈവവചനം ഓർത്തുകൊണ്ട് യഹോവയിലുള്ള പ്രത്യാശ പുതുക്കി എഴുന്നേററ് ദൈവത്തെ സ്തുതിക്കുകയാണ് വേണ്ടത്. അങ്ങനെയായൽ, ആ വീഴ്ച നമ്മെ തകർക്കുകയില്ല. എന്നാൽ വീണ സ്ഥാനത്തു തന്നെ കിടക്കുവാനാണ് ശ്രമമെങ്കിൽ അത് പാപമാണെന്നു മാത്രമല്ല, നാശത്തിന് അത് കാരണമാകുന്നു. ഏതെങ്കിലും ഒരു ബലഹീനതയുണ്ടാകുമ്പോൾ, അതോടെ എല്ലാം അവസാനിച്ചുവെന്നും ഇനിയും പ്രത്യാശയ്ക്കു വകയില്ലെന്നും ചിലർ വിചാരിക്കുന്നു. അവിടെ സാത്താൻ ആ ചിന്തയെ ശക്തിപ്പെടുത്തുവാൻ ഇടയാകുകയും ആ വീഴ്ച നാശത്തിന് കാരണമായിത്തീരുകയും ചെയ്യും. എന്നാൽ സാത്താൻ കള്ളനാണെന്ന് ഓർക്കുക. ഏതുവിധവും നമ്മളെ നശിപ്പിക്കണമെന്നുള്ളതാണ് അവന്റെ ലക്ഷ്യം. അവന് നാം ഒരിക്കലും ചെവി കൊടുക്കരുത്. നേരെ മറിച്ച് അപ്പോൾ നമ്മുടെ നല്ല ഇടയനായ യേശുവിന്റെ ശബ്ദം ശ്രദ്ധിക്കണം.

തുടരും...

Day 80 of 90 days ✝✝✝ 13th January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

യേശു നമ്മളെ കൈവിട്ടിട്ടില്ല, കൈ വിടുകയുമില്ല. നമ്മൾ വീണു കിടക്കുന്ന സ്ഥാനത്തേക്കു തന്നെ അവൻ ഇറങ്ങി വരുന്നു. അവന്റെ ശബ്ദം നമ്മൾക്ക് ശ്രവിക്കാം. അവൻ പറയുന്നത്, യഹോവയിൽ പ്രത്യാശ വയ്ക്കുക, എഴുന്നേൽക്കുക, ദൈവത്തെ സ്തുതിക്കുക. ഇതിൽ പൗലൊസിന്റെ ദൃഢവും ധനാത്മക വിശ്വാസത്തിന്റെ ഫലവുമായ വാക്കുകൾ ശ്രദ്ധിക്കുക. 2 കൊരിന്ത്യർ 4:9 ൽ അവൻ പറയുന്നു, ഞങ്ങൾ വീണു കിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവരാണ്. ഞങ്ങൾ ബുദ്ധിമുട്ടു സഹിക്കുന്നവരാണ്. ഞങ്ങൾ ഉപദ്രവിക്കപ്പെടുന്നവരാണ്. അങ്ങനെ ഞങ്ങൾ പലപ്പോഴും വീണുകിടക്കേണ്ടിവരാറുണ്ട്. പക്ഷെ അതുകൊണ്ടൊന്നും ഞങ്ങൾ നശിക്കുന്നില്ല, നശിക്കുകയുമില്ല. കാരണം ദൈവത്തിന്റെ ദാനമായ ആ അത്യന്തശക്തിയാം പരിശുദ്ധാത്മാവ് ഞങ്ങളുടെ ഈ മൺപാത്രങ്ങളിൽ വസിക്കുന്നുണ്ട്. യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരങ്ങളിൽ വെളിപ്പെടുന്നുമുണ്ട്. സ്നേഹിതാ, നാം അനുഭവിക്കുന്ന കഷ്ടതയും പീഢയും ബുദ്ധിമുട്ടും അതിഭയാനകമാണെന്നും നാം ചിന്തിക്കുന്നുണ്ടായിരിക്കാം. പക്ഷെ, പൗലൊസും മററു അപ്പൊസ്തലപിതാക്കന്മാരും അനുഭവിച്ചതിനോട് താരതമ്യപ്പെടുത്തിയാൽ അവ കേവലം നിസ്സാരങ്ങളാണ്. വീഴുന്ന അനുഭവം അവരുടെ ജീവിതത്തിലുണ്ടായി. പക്ഷെ അവർ നശിച്ചില്ല. കാരണം, യേശുവിന്റെ ജീവനും ആത്മാവിന്റെ ശക്തിയും അവരെ താങ്ങുവാനുണ്ടായിരുന്നു. ആ ജീവനും ആ അത്യന്തശക്തിയും നമ്മെ താങ്ങുവാനും നമ്മെ എഴുന്നേൽപ്പിക്കുവാനും നമ്മുടെ കൂടെയുണ്ട്. എങ്കിൽ ആത്മാവേ! നീ ഉള്ളിൽ വിഷാദിച്ച് ഞരങ്ങികൊണ്ട് കിടക്കുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക. അവന്റെ ശക്തി നമ്മെ എഴുന്നേൽപ്പിക്കും. ആകയാൽ എഴുന്നേററ് ദൈവത്തെ സ്തുതിക്കുക. ഈ അനുഭവത്തിന് അനേക ഉദാഹരണങ്ങൾ ദൈവവചനത്തിൽ കഴിയുമെങ്കിലും ഏവർക്കും സുപരിചിതമായ ഏലിയാവിന്റെ അനുഭവം പ്രത്യേകാൽ ശ്രദ്ധേയമാണ്. ദൈവത്തിനുവേണ്ടി വൻകാര്യങ്ങളെ ചെയ്തുകൊണ്ട് ചുററിസഞ്ചരിച്ചുവനായ ഏലിയാവ്, രാജാവിന്റെ സന്നിധിയിൽ പ്രത്യക്ഷപ്പെട്ട് വരുവാൻ പോകുന്ന ന്യായവിധിയെ അറിയിക്കുവാൻ മടിക്കാതിരുന്ന ഏലിയാവ്, ദൈവം തന്റെ ജനത്തെ ഏതെല്ലാം അത്ഭുതമാർഗ്ഗങ്ങളിലൂടെ പോഷിപ്പിക്കും എന്ന് സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞവനായ ഏലിയാവ്, തന്നെ കണ്ടാലുടനെ കൊല്ലുവനായി കാത്ത് കാത്തിരിക്കുന്ന രാജാവിന്റെ മുമ്പിൽ ദൈവത്തിന്റെ ദൂതുമായി പ്രത്യക്ഷപ്പെടുവാൻ ധൈര്യം കാണിച്ച ഏലിയാവ്, കർമ്മേൽ പർവ്വതമുകളിൽ നിന്നുകൊണ്ട് അന്യദേവന്മാരുടെ പ്രവാചകന്മാരെയെല്ലാം വെല്ലുവിളിക്കുകയും പ്രാർത്ഥിച്ചു ആകാശത്തുനിന്നും തീ ഇറക്കി യഹോവ തന്നെ ദൈവം എന്നു തെളിയിക്കുകയും കള്ളപ്രവാചകന്മാരെ ഒന്നൊഴിയാതെ കൊന്നൊടുക്കുകയും ചെയ്ത ഏലിയാവ്.

തുടരും…

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആകാശത്തുനിന്നും തീ ഇറക്കി യഹോവ തന്നെ ദൈവം എന്നു തെളിയിക്കുകയും കള്ളപ്രവാചകന്മാരെ ഒന്നൊഴിയാതെ കൊന്നൊടുക്കുകയും ചെയ്ത ഏലിയാവ്-ഇപ്പോൾ ഇതാ, ഉള്ളിൽ ആത്മാവ് തളർന്ന് വീണു കിടക്കുന്ന അവസ്ഥയിൽ, ശരീരം കൂടെ തളർന്നവനായി മരുഭൂമിയിലെ ഒരു ചൂരച്ചെടിയുടെ തണലിൽ കിടക്കുന്നു. 1 രാജാക്കന്മാർ 19-ാം അദ്ധ്യായത്തിൽ കാണപ്പെടുന്ന ഈ ചിത്രം നമ്മെ ശക്തിയായി തട്ടി ഉണർത്തുവാൻ തികച്ചും പര്യാപ്തമാണെന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ ശക്തിയാൽ സകല എതിർ ശക്തികളെയും ജയിച്ചു നശിപ്പിച്ചനന്തരം ആത്മശക്തിയാൽ ആഹാബിന്റെ രഥത്തിനു മുൻപായി ഓടിപ്പോകുന്ന വീരപുരുഷനെയാണ് അന്ധകാരശക്തികൾ തലേദിവസം ദർശിച്ചത്. ആ കാഴ്ചയുടെ മുമ്പിൽ സാത്താനും ലോകവും കിടുകിടാ വിറച്ചിരിക്കാം. അടുത്ത് അവൻ എന്തായിരിക്കും ചെയ്യുവാൻ പോകുന്നതെന്ന ഭീതിയും ശങ്കയും പാതാളഗോപുരങ്ങളെ മുഴുവൻ ബാധിച്ചിരിക്കാം. പക്ഷെ ആർക്കും - സാത്താനുപോലും - വിശ്വസിക്കുവാൻ പ്രയാസമുള്ള കാഴ്ചയാണ് ഇന്ന് കാണപ്പെടുന്നത്. എല്ലാവരും കാൺകെ തലയുയർത്തി പിടിച്ചുകൊണ്ട് ജേതാവിനെപ്പോലെ ഇന്നലെ നടന്ന ഏലിയാവ് ഇന്ന് ആരും കാണാതെ തലയും കുനിച്ച് പരാജിതനെപ്പോലെ ഓടിപ്പോകുകയാണ്. ഇന്നലെ അവൻ കാർമ്മേൽ പർവ്വതത്തിലേക്കാണ് കയറിപ്പോയതെങ്കിൽ, ഇന്ന് മരുഭൂമിയിലേക്കാണ് ഓടുന്നത്. ക്ഷീണിതനും നിരാശനും മരിപ്പാൻ കൊതിക്കുന്നവനുമായി, ഉള്ളിൽ ആത്മാവ് ക്ഷീണിച്ച് വീണു കിടക്കുന്നവനായി ആ ചൂരച്ചെടിയുടെ ചുവട്ടിൽ കിടക്കുന്ന ഏലിയാവിനെ തന്റെ ഇടയനായ യഹോവ കണ്ടു. ഇത്രയെല്ലാം ചെയ്ത ശേഷം തനിയെ നിൽപാൻ കഴിയാത്ത അവൻ പോകട്ടെ എന്നു പറഞ്ഞു തള്ളുവാൻ ആ ഇടയന് സാധിച്ചില്ല. ഇടയൻ തന്റെ ദൂതനെ ചൂടുള്ള അടയുമായി അവന്റെ അടുക്കലേക്ക് അയച്ചു. ആ ദൂതൻ അവനെ തട്ടി ഉണർത്തിയിട്ടു പറഞ്ഞു, എഴുന്നേൽക്കുക, തിന്നുക. അവൻ എഴുന്നേററു, അതാ കനലിൽ ചുട്ട അടയും തുരുത്തിയിൽ വെള്ളവും. ദാവീദിന്റെ ഭാഷയിൽ പറഞ്ഞാൽ, പച്ചപുൽപുറവും നിശ്ചലജലവും. അവൻ എഴുന്നേററു, തിന്നു, കുടിച്ചു. ദൈവം തന്നെ ഏൽപ്പിച്ച വേല മുഴുവൻ അവൻ തികയ്ക്കുകയും ചെയ്തു. ആ ചൂര ചെടിയുടെ കീഴിൽ നിന്നും എഴുന്നേററു പോകുന്ന ഏലിയാവിന് എന്താണ് നമ്മോട് പറയുവാനുള്ളത്, എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിച്ചിരിക്കുന്നു. വീണു കിടക്കുന്ന എന്റെ ആത്മാവിനെ അവൻ പുനഃസ്ഥാപിച്ചിരിക്കുന്നു. അതാ നമ്മുടെ ഇടയൻ നമ്മുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു. അവന്റെ മുഖത്തേക്ക് നോക്കുക. അവൻ നമ്മോട് പറയുന്നു, എഴുന്നേൽക്കുക, ആത്മാവിൽ ബലപ്പെടുക, ശക്തി പ്രാപിക്കുക. തല ഉയർത്തിപ്പിടിച്ച് മുന്നോട്ടു നീങ്ങുക. എന്റെ ഇടയൻ എന്റെ പ്രാണനെ തണുപ്പിക്കുന്നു.

തുടരും...

Day 82 of 90 days ✝✝✝ 15th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

തന്റെ ആടുകൾ എപ്പോൾ വേണമെങ്കിലും വീണുപോകാവുന്ന അവസ്ഥയിലാകുന്നുവെന്നും അങ്ങനെ വീണു പോയാൽ താൻ അതിനെ യഥാസമയം രക്ഷിക്കുന്നില്ലെങ്കിൽ എന്തും സംഭവിക്കാമെന്നും അറിയാവുന്ന അവൻ തന്റെ ആടുകളായ നമ്മെ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ ദൃഷ്ടി എപ്പോഴും നമ്മുടെമേലുണ്ട്. എപ്പോഴെങ്കിലും നാം വീണു എന്നു കണ്ടാൽ അവിടെ ഓടിയെത്തി നമ്മെ രക്ഷിപ്പാനും യഥാസ്ഥാനപ്പെടുത്തി പൂർവ്വസ്ഥിതിയിലാക്കുവാനും അവൻ എപ്പോഴും ഒരുക്കമുള്ളവനായിരിക്കയാണ്. ഏലിയാവിനെ ഉണർത്തി ശക്തിപ്പെടുത്തിയ ആ ഇടയൻ നമ്മുടെയും ഇടയനാണ്. ആകയാൽ, വീണുപോകുമെന്നു വിചാരിച്ചോ, അല്പമായി വീണുപോയി എന്നുള്ളതുകൊണ്ടോ നാം നിരാശപ്പെട്ട് അവിടെതന്നെ വീണുകിടക്കേണ്ടതായ ആവശ്യമില്ല. യഹോവയിൽ പ്രത്യാശ വച്ചുകൊണ്ട് എഴുന്നേററ് ദൈവത്തെ സ്തുതിച്ചാൽ മതി. ആടുകൾ ഈ വിധം വീണുപോകാനുള്ള കാരണങ്ങൾ പലതാണ്. അവ മനസ്സിലാക്കുന്നത് അവയുടെ ആത്മീയപാഠം ഗ്രഹിക്കുന്നതിനും നമ്മേത്തന്നെ വീഴാതെ സൂക്ഷിക്കുന്നതിനും സഹായമാകുന്നതാണ്. ചില ആടുകൾ ഏററവും മാർദ്ദവമേറിയതും ഏററവും സുഖപ്രദവുമായ നിലം തെരഞ്ഞെടുക്കുന്നതാണ് കാരണം. അപ്രകാരമുള്ള സ്ഥലം അപകടത്തിന് വളരെയധികം സാദ്ധ്യതയുള്ളതാണ്. യാതൊരു പ്രയാസമോ, പ്രതിബന്ധമോ, കഷ്ടതയോ സഹിക്കുവാൻ ആവശ്യമില്ലാത്ത രംഗങ്ങളോ സാഹചര്യങ്ങളോ ആണ് പല വിശ്വസികളും ആഗ്രഹിക്കാറുള്ളത്. ഏതു വിധവും ആ നിലയിലുള്ള സ്ഥാനം തെരഞ്ഞെടുക്കുവാനായി പലരും ശ്രമിക്കാറുണ്ട്. എന്നാൽ ക്രിസ്തീയജീവിതത്തിലെ ഏററവും വലിയ അപകടമേഘലകളാകുന്നു അതെന്നു അവർ മനസ്സിലാക്കുന്നില്ല. കാററില്ലാത്തതായ ദേശത്ത് വളരുന്ന വൃക്ഷങ്ങൾക്ക് ആഴത്തിൽ വേരുണ്ടായിരിക്കയില്ല എന്നത് ഒരു വസ്തുതയാണല്ലോ. യാദൃശ്ചികമായി ഒരു ചെറിയ കാററടിച്ചാലുടനെ അവ പിഴുതുപോകുന്നു. യാതൊരു പ്രയാസവുമില്ലാതെ ക്രിസ്തീയജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് ഒരിക്കലും ഉറച്ചു നിൽപ്പാൻ കഴിഞ്ഞെന്നു വരികയില്ല. പൗലൊസ് ഇപ്രകാരം പറയുന്നു, ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല. അതെ, അവന്റെ അനുഭവം സകലവിധ കഷ്ടം അനുഭവിക്കുന്നതും ഉപദ്രവം അനുഭവിക്കുന്നതും വീണു കിടക്കുന്ന അനുഭവമുള്ളതുമായിരുന്നു. എങ്കിലും അവൻ ഇടുങ്ങിയിരിക്കയോ നിരാശപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ നശിച്ചുപോകയോ ചെയ്തിട്ടില്ല. സുഖപ്രദമായ ക്രിസ്തീയ ജീവിതത്തിനായി കാക്ഷിക്കാതെ, ക്രിസ്തീയപോർക്കളത്തിൽ ആയിരിക്കുവാൻ ശ്രമിക്കുക.

തുടരും...

Day 83 of 90 days † † † 16th January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ആടിന്റെ രോമങ്ങൾ കൂടുതൽ വളർന്നു കിടക്കുന്നത് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിലുണ്ടാകുന്ന സ്വാർത്ഥപരമായ ജീവിതത്തെയാണ് തിരുവെഴുത്തിൽ രോമം സൂചിപ്പിക്കുന്നത്. ആന്തരികമായുണ്ടാകുന്ന വികാരവിചാരങ്ങളുടെയും മനോഭാവങ്ങളുടെയും ബാഹ്യമായ പ്രകടനമാണത്. നാം നമുക്ക് ചുററുമുള്ള ലോകത്തോട് ബന്ധം പുലർത്തുന്ന മാധ്യമവും അതുതന്നെയാണ്. അങ്ങനെയാകുമ്പോൾ ലോകത്തിന്റെതായ ചില ചെളികളും അഴുക്കുകളും അതിൽ പററിപിടിച്ചിരിക്കുവാൻ ഇടയാകുന്നു. തൻനിമിത്തം പുറമേ ഭാരം വർദ്ധിക്കുന്നു. സുഖത്തിനുവേണ്ടിയെന്നു കരുതിയിരുന്ന രോമം ഇപ്പോൾ ഒരു ഭാരമായി പരിണമിച്ചിരിക്കുന്നു. ഭാരം വർദ്ധിക്കുന്തോറും മുന്നോട്ടുള്ള പ്രയാണത്തിന്റെ വേഗത സ്വാഭാവികമായി തന്നെ കുറയുകയും ഇടയ്ക്കു വീണു പോകുവാൻ ഇടയാകുകയും ചെയ്യുന്നു. ആകയാൽ നാമും....സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്ന് എബ്രായർ ലേഖനത്തിൽ കാണുന്നു. സ്ഥിരതയോടെ ഓടണമെങ്കിൽ എല്ലാ ഭാരവും മുറുകെ പററുന്ന പാപവും വിട്ടിരിക്കേണ്ടതാണ്. ആടുകളുടെ രോമങ്ങളിൽ മാലിന്യങ്ങൾ പററി ഭാരം വർദ്ധിക്കുന്ന പ്രകാരം, വിശ്വാസികളുടെ ജീവിതത്തിൽ പ്രാകൃത സ്വഭാവങ്ങളും ലോകഇമ്പങ്ങളും കടന്നു കൂടുമ്പോൾ അതോടൊപ്പം ചില പാപങ്ങളും ലോകചാരങ്ങളും പററിപിടിച്ച് ഭാരം വർദ്ധിക്കുകയും അത് അവരുടെ ഓട്ടത്തിന്റെ സ്ഥിരതയെ ബാധിക്കുകയും ചെയ്യുന്നു. സ്ഥിരമായി ഓടുവാൻ കഴിയാതെ എത്രയോ വിശ്വാസികളാണ് ഇന്ന് ഇടയ്ക്കു വീണു കിടക്കുന്നത്. ബാഹ്യമായുണ്ടാകുന്ന അനുഗ്രഹങ്ങൾ, ദൈവാനുഗ്രഹത്തിന്റെയും ആത്മീയത്തിന്റെയും വർദ്ധനയാണെന്ന് ധരിക്കുന്നവരുണ്ട്. അത് ശരിയല്ലെന്നു മാത്രമല്ല പലപ്പോഴും യാഥാർത്ഥ്യം നേരെ മറിച്ചുമായിരിക്കും. താൻ സ്നേഹിക്കുന്നവനെ ദൈവം ശിക്ഷിക്കുന്നു എന്നു വചനം പറയുന്നു. അതിനെ ബാലശിക്ഷയെന്നാണ് വചനം വിശേഷിപ്പിക്കുന്നത്. നശിപ്പിക്കുവാനല്ല, നന്നാക്കുവാനുള്ളതാണ് ബാലശിക്ഷ. അപ്പോൾ തന്നെ, നമുക്ക് സഹിക്കാവുന്നതിനു മീതെ അവൻ നമ്മെ പരീക്ഷിക്കയുമില്ല. പരീക്ഷിക്കുന്നതോ നമ്മുടെ നന്മയ്ക്കും. നാം വഴിയിൽ വീണുപോകുവാനുള്ള സാധ്യത ഒഴിവാക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പം വീണുപോയാലുടനെ അവിടെ എത്തി നമ്മെ എഴുന്നേൽപ്പിക്കുവാനും നമ്മുടെ ഇടയൻ ശ്രമിക്കുന്നു. അങ്ങനെ അവൻ നമ്മുടെ പ്രാണനെ തണുപ്പിക്കുന്നു. ആകയാൽ ധൈര്യപ്പെടുക, വിശ്വാസിക്കുക, ദൈവത്തിൽ പ്രത്യാശ വയ്ക്കുക, എഴുന്നേൽക്കുക, ദൈവത്തെ സ്തുതിക്കുക.

തുടരും...

Day 84 of 90 days † † † 17th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

തിരുനാമം നിമിത്തം എന്റെ ഇടയൻ എന്നെ നീതിപാതകളിൽ നടത്തുന്നു എന്നത് നിശ്ചയമായും ഏററവും അർത്ഥവത്തായ ഒന്നാണ്. തളർന്നു വീണു കിടക്കുന്നതിനെ എഴുന്നേൽപ്പിച്ചു നിർത്തുന്ന അനുഭവമാണ് ആദ്യ അനുഭവമെങ്കിൽ, രണ്ടാമത് അവിടെ നിന്ന് മുന്നോട്ടു നയിക്കുന്ന / നടത്തുന്ന അനുഭവമാണ്. നമ്മുടെ ഇടയനായ കർത്താവായ യേശുക്രിസ്തു നമ്മെ പാപത്തിന്റെ കുഴഞ്ഞചേററിൽ നിന്നും നാശകരമായ കുഴിയിൽ നിന്നും സാത്താന്റെ പരിശോധനകളാകുന്ന ചതുപ്പു നിലങ്ങളിൽ നിന്നും ഉയർത്തി നേരെ നിർത്തിയിരിക്കുന്നത് നാം അവിടെത്തന്നെ നിന്ന് ഒടുവിൽ അവിടെത്തന്നെ വീണ്ടും വീഴുവാനല്ല. പ്രത്യുത അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന നീതിപാതകളിലൂടെ മുമ്പോട്ടു പോകുവാനാണ്. അനേകരും ഒരേ സ്ഥാനത്തു തന്നെ, അഥവാ പഴയ സ്ഥാനത്തു തന്നെ എന്നും നിൽക്കുന്ന കാഴ്ച പരമ ദയനീയമാണ്. അല്പമെങ്കിലും മുന്നോട്ടു നീങ്ങുവാൻ അവർ ആഗ്രഹിക്കുന്നില്ല. എന്നാൽ ഒരേ സ്ഥാനത്തു തന്നെ അധികം നിൽക്കുവാൻ ക്രിസ്തീയജീവിതത്തിൽ സാദ്ധ്യമല്ല എന്ന വസ്തുത അവർ മനസ്സിലാകുന്നില്ല എന്നു തോന്നിപ്പോകുന്നു. ക്രിസ്തീയ ജീവിതം ഒരു സൈക്കിൾ യാത്രയോടാണ് ഭക്തന്മാർ പലപ്പോഴും ഉപമിക്കാറുള്ളത്. സൈക്കിൾ യാത്ര നല്ലതാണ്. പ്രയോജനപ്രദമാണ്. പക്ഷെ, സൈക്കിളിൽ കയറിയാൽ മുന്നോട്ടു പോകുക അത്യാവശ്യമാണ്. ഒന്നുകിൽ മുന്നോട്ടു പോകുക, അല്ലെങ്കിൽ അതേ സ്ഥാനത്തു നിലംപതിക്കുക. ഇതല്ലാതെ മൂന്നാമതൊരു മാർഗ്ഗം അവിടെയില്ല. ക്രിസ്തീയജീവിതം ആരംഭിച്ചാൽ ഒന്നുകിൽ മുന്നോട്ടുപോകുക. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ പഴയസ്ഥാനത്ത് വീണ്ടും വീണു കിടക്കുക. ഇതല്ലാതെ മററു യാതൊരു മാർഗ്ഗവുമില്ല. നല്ല നിലയിൽ ക്രിസ്തീയ ജീവിതം ആരംഭിച്ചവർ ദൈവവചനാനുസരണം മുന്നോട്ടുപോകുവാൻ മനസ്സോ താല്പര്യമോ ഇല്ലാതെ നിലകൊണ്ടതിന്റെ ഫലമായി ദയനീയമായ വിധം നിലംപരിചായി കിടക്കുന്ന അവസ്ഥ ഇന്നു ധാരാളമായി കാണുവാൻ കഴിയുന്നതാണ്. ആത്മാവിനെ പുനഃസ്ഥാപിക്കുന്ന ഇടയൻ അടുത്ത നിമിഷത്തിൽ അതിനെ നയിക്കുകയും ചെയ്യുന്നു എന്നത് എത്രയോ അർത്ഥവത്താണ്. ആടുകളെ പുതിയ പുതിയ പുൽമേടുകളിലേക്ക് നയിക്കേണ്ടത് ആടുകളുടെ സുരക്ഷിതത്വത്തിനും നിലനിൽപ്പിനും ആവശ്യമാകുന്നുവെന്ന് സമ്മതിക്കുകയും അതിന് ശ്രമിക്കുകയും ചെയ്യുന്നവർ പോലും ആത്മീയ അനുഭവത്തിലേക്ക് വരുമ്പോൾ അതിന് തുനിയുന്നില്ല എന്ന് മാത്രമല്ല. അതിന് വിരുദ്ധമായ നിലയിൽ ജീവിക്കുകയും പലപ്പോഴും ഉപദേശിക്കുകയും ചെയ്യുന്നത് വിചിത്രമായി തോന്നുന്നു. നമ്മെ തന്റെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങി വീണ്ടെടുത്തവനായ നമ്മുടെ നല്ല ഇടയൻ നമ്മെ ഒരേ പുൽപുറത്തു തന്നെ എന്നും ഇട്ടിരിക്കുവാൻ താൽപര്യപ്പെടുന്നവനല്ല.

തുടരും...

Day 85 of 90 days † † † 18th January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

നമ്മെ പുതിയ പുൽമേടുകളിലേക്ക്, അതേ പുതിയ പുതിയ അനുഭവങ്ങളിലേക്ക് നയിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻ വിളിച്ചവരോട് അവൻ പറഞ്ഞത് എന്നെ അനുഗമിക്കുക എന്നാണ്. അനുഗമിക്കുക എന്ന വാക്കിന്റെ അർത്ഥം നാം ഗ്രഹിക്കണം. നിശ്ചയമായും ഒരിടത്ത് നിൽക്കുക എന്നല്ല. അങ്ങനെയെങ്കിൽ എന്നോടു അടുത്തു വരിക എന്ന് പറയുമായിരുന്നു. ക്രിസ്തീയജീവിതം അപ്രകാരം ഒരിടത്ത് നിൽക്കുന്ന ജീവിതമല്ല. നാൾതോറും ക്രിസ്തുവിനെ അനുഗമിക്കുന്ന ജീവിതമാണത്. അവൻ നമ്മെ നയിക്കുകയാണ്. നാം അവനെ അനുഗമിക്കണം. ലോകത്തിൽ ആരും തന്നെ ജീവിതത്തിൽ ഒരിടത്തു തന്നെ നിൽക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. എല്ലാവരും എന്തിനെയെങ്കിലും അല്ലെങ്കിൽ ആരെയെങ്കിലും അനുഗമിച്ചുകൊണ്ടാണിരിക്കുന്നത്. എന്തെന്നാൽ ആർക്കും ഒരിക്കലും ഒരിടത്തു തന്നെ നിൽക്കുവാൻ കഴികയില്ല. മനുഷ്യന്റെ പ്രകൃതി അപ്രകാരമുള്ളതല്ല. എല്ലാവരും ഏതിനെയെങ്കിലും പിൻപററുന്നു. എന്നാൽ മനുഷ്യനെ നയിക്കുന്ന രണ്ടു ശക്തികൾ ഈ ലോകത്തിലുണ്ടെന്ന് നാം മനസ്സിലാക്കിയിരിക്കണം. അഥവാ മനുഷ്യനെ നടത്തുന്ന രണ്ട് ഇടയന്മാരുണ്ട്. ഒന്ന് നല്ല ഇടയനായ യേശുവും രണ്ടാമത്തേത് കള്ള ഇടയനായ സാത്താനും. കള്ള ഇടയനായ സാത്താൻ, വളരെ ലഘുവും ലളിതവും മനോഹരവും എന്ന് തോന്നുന്നതും ആകർഷണീയവുമായ പുൽമേടുകളിലേക്ക് മനുഷ്യനെ മാടി വിളിക്കുന്നു. അവിടെ അവൻ എല്ലാം വാഗ്ദത്തം ചെയ്യുന്നു. അവിടെയെത്തി കഴിയുമ്പോൾ മാത്രമാണ് അവിടെ നിന്നും ലഭിക്കുന്നത്, താൽക്കാലിക സുഖഭോഗങ്ങൾ മാത്രമാകുന്നുവെന്നും അവ നിലനിൽക്കുന്നതല്ലെന്നും മാത്രമല്ല. ആത്മീയ നാശത്തിനു മാത്രമേ അത് വഴി ഒരുക്കുകയുള്ളുവെന്നും മനസ്സിലാകുന്നത്. അപ്രകാരമുള്ള ലോകഇമ്പമാകുന്ന പുൽമേടുകളിലേക്ക് സാത്താന്റെ പിന്നാലെ പാഞ്ഞു പോയിട്ടുള്ളവരുടെയെല്ലാം അസ്ഥികൂടങ്ങൾ ആ മേടുകളിൽ ചിതറികിടക്കുന്നു. സാത്താൻ കള്ളനാണ്. അവൻ ഭോഷ്ക്കു പറയുക മാത്രമല്ല, ഭോഷ്ക്കിന്റെ അപ്പനും കൂടെയാണെന്ന് വചനം പറയുന്നു. അവൻ വരുന്നത് മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും ആണ് എന്ന് കർത്താവ് പറയുന്നത്. സാത്താന് ഒരേ ഒരു ലക്ഷ്യം മാത്രമാണുള്ളത്. അത് ദൈവം നമുക്ക് നൽകിയിരിക്കുന്ന അഥവാ ദൈവത്തിൽ നിന്നും നാം പ്രാപിച്ചിരിക്കുന്ന അനുഗ്രഹങ്ങളെ മോഷ്ടിക്കുകയും കവർച്ച ചെയ്യുകയും ചെയ്തു നമ്മെ ആത്മീയവും പലപ്പോഴും ഭൗതികവുമായ ദാരിദ്രത്തിലാക്കിതീർക്കുക എന്നുള്ളതാണ്. ലോകവും സാത്താനു നിന്റെ നേരെ ഉയർത്തി കാണിക്കുന്ന ആകർഷണീയമായ കാര്യങ്ങളുടെ പിന്നിൽ ഒളിച്ചിരിക്കുന്ന വസ്തുത ഇതാണ്. സാത്താൻ വച്ചുനീട്ടുന്ന മാധുര്യമേറിയ മിഠായിയുടെ പുറത്തു മാത്രമേ പഞ്ചസാരയുള്ളുവെന്നും അതിനുള്ളിൽ നമ്മെ മയക്കുന്ന വിഷമാണുള്ളതെന്നും നാം മനസ്സിലാക്കണം.

തുടരും...

Day 86 of 90 days ✝ ✝ ✝ 19th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സാത്താൻ നൽകുന്ന, വിഷത്തിന്മേൽ മധുരം പൊതിഞ്ഞ മിഠായിയുടെ പിന്നാലെ പാഞ്ഞുപോകുന്ന സ്നേഹിതാ, അതിൽ ഒളിഞ്ഞിരിക്കുന്ന അപകടം നാം മനസ്സിലാക്കണം. ഒരു പക്ഷെ, നാം ഇപ്പോൾ അതിലേക്ക് നോക്കി ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കയായിരിക്കാം. അത് തിരിച്ചറിഞ്ഞ് നാം പ്രവർത്തിക്കേണം. നമുക്ക് അനുഗമിപ്പാൻ നല്ല ഒരു ഇടയനുണ്ട്. അവൻ വന്നത് നമുക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമാണ്. സാത്താൻ നമ്മിൽ നിന്നും കവർന്നെടുത്ത് കളഞ്ഞ അനുഗ്രഹങ്ങളെ നമുക്ക് തിരികെ നൽകുവാനാണ് അവൻ നമ്മെ ക്ഷണിക്കുന്നത്. അവൻ നല്ല ഇടയനായ യേശുവാണ്. അവൻ നമ്മെ ക്ഷണിക്കുന്നു. സാത്താന്റെ വഴികളിൽ നിന്നും എഴുന്നേററ് യേശുവിനെ അനുഗമിക്കുക. അവൻ നേരായ പാതയിലൂടെ നമ്മെ നയിക്കും. അതിന്റെ അവസാനം ആരംഭത്തെക്കാൾ എത്രയോ ശ്രേഷ്ഠമായിരിക്കും. അവൻ നിത്യജീവനും സമൃദ്ധിയായ ജീവനും നമുക്ക് നൽകും. സ്വർഗ്ഗീയസന്തോഷത്താൽ അവൻ നമ്മെ നിറയ്ക്കും. സകല ബുദ്ധിയെയും കവിയുന്ന സമാധാനം അവൻ നമ്മിൽ പൂരിതമാക്കും. യേശുവിനെ പിൻപററുന്നത് ഒരിക്കലും നഷ്ടമല്ല, പ്രത്യുത എത്രയും ശ്രേഷ്ഠമായ അനുഭവമാണ്. ആകയാൽ ഇപ്പോൾ തന്നെ എഴുന്നേററ് നല്ല ഇടയനായ യേശുവിനെ പിൻപററുവാൻ ആരംഭിക്കാം. കർത്താവായ യേശു ക്രിസ്തുവിന്റെ ആട് അഥവാ ഒരു ദൈവപൈതൽ, ഒരിടത്ത് നിൽക്കുന്ന അനുഭവത്തിൽ ആയിരിക്കാതെ, ഇടയൻ നയിക്കുന്ന ഇടത്തേക്ക് ഇടയന്റെ പിന്നാലെ പോകേണ്ടത് ആവശ്യമാണ്. പലരെ സംബന്ധിച്ചും ഇത് വളരെ പ്രയാസമുള്ള അനുഭവമായി കാണപ്പെടാറുണ്ട്. ഒരിടത്തു തന്നെ, അഥവാ പഴയ അനുഭവത്തിൽ തന്നെ നിലകൊള്ളുവാൻ അവർ ആഗ്രഹിക്കുന്നു. അങ്ങനെ നിൽക്കുന്നത് പ്രയാസം കുറഞ്ഞ കാര്യമായി പരിഗണിക്കുന്നു. എന്നാൽ അനുഭവം നേരെ മറിച്ചാണ്. അവിടെ തന്നെ നിൽക്കുന്നത് അപകടമാണ്. അവിടെ നിന്ന് പട്ടണിയും ദാരിദ്രവും അനുഭവിച്ച് ഒടുവിൽ അവിടെത്തന്നെ വീണു നശിക്കുന്ന അനുഭവമാണ് അവർക്ക് ശേഷിച്ചിരിക്കുന്നത്. അപ്രകാരം പഴയ അനുഭവത്തിൽ തന്നെ നിൽക്കുന്നവർ, ഇടയന്റെ പിന്നാലെ ധൈര്യത്തോടുകൂടെ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന ആടുകളെ ഒന്ന് കാണുക. വഴി അവയ്ക്കു തിട്ടമില്ല എന്നതു ശരിയാണ്. പക്ഷെ, ഇടയൻ മുൻപേ പോകുന്നു എന്നതിനാൽ വഴി അവയ്ക്കു പ്രശ്നമേയല്ല. അവയുടെ ലക്ഷ്യവും നോട്ടവും അവയുടെ ഇടയൻ മാത്രമാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ അനുഭവത്തിലാണ് അവ ആയിരിക്കുന്നത്. എവിടേക്കു പോകുന്നു എന്നറിയാതെ ആണ് അവൻ നടന്നത്. എന്നാൽ അവന്റെ ഇടയൻ അവനെ വഴിയിൽ വിട്ടിട്ട് പോയില്ല. വാഗ്ദത്ത നാട്ടിൽ അവൻ ശുഭമായി എത്തുകയും വിശ്വാസികളുടെ പിതാവ് എന്ന നാമത്തിന് അവൻ അർഹനായിത്തീരുകയും ചെയ്തു.

തുടരും...

Day 87 of 90 days † † † 20th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഭയപ്പെടുത്തുന്ന പലവിധ ചിന്തകൾ സാത്താൻ നമ്മുടെ മനസ്സിൽ കൊണ്ടുവന്ന് മുന്നോട്ടു പോകുന്നതിന് തടസ്സം സൃഷ്ടിച്ചേക്കാം. എന്നാൽ ആ വിധ ഭയത്തിന്റെ ചിന്തകൾ കള്ള ഇടയനായ സാത്താൻ കൊണ്ടു വരുമ്പോൾ നാം ചില വസ്തുതകൾ ഓർക്കണം. നമ്മുടെ ഇടയൻ നമ്മെ നയിക്കുന്നത് നീതിയുടെ പാതകളിലൂടെയാണ്. ഇത് ഒരളവിൽ ഒരു വാഗ്ദത്തം കൂടെയാണ്. അപ്പോൾ കാണുന്ന ഏതെങ്കിലും ഒരു പാതയിലൂടെ ഇടയൻ ആടുകളെ നയിക്കുകയല്ല. അനീതിയുടെ പാതകളും ഈ ലോകത്തിലുണ്ട് എന്നറിയാവുന്ന നല്ല ഇടയൻ. നമ്മുടെ കർത്താവ് താൻ പോയിട്ടില്ലാത്ത പാതയിലൂടെ നമ്മെ നയിക്കുകയില്ല എന്നത് നാം അറിയണം. പാപമൊഴികെ സകലത്തിലും നമുക്ക് തുല്യനായി പരീക്ഷക്കപ്പെട്ടവനാണ് അവൻ. സകല വഴിയിലൂടെ അവൻ ആദ്യം നടന്നതാണ്. ആ വഴി എവിടെ എത്തിക്കുമെന്ന് അവൻ അനുഭവിച്ച് അറിഞ്ഞതാണ്. അവിടെനിന്നുമാണ് അവൻ മടങ്ങി വന്നത്. ആകയാൽ, നല്ലതുപോലെ വഴിയറിയാവുന്നവൻ, എല്ലാം വ്യക്തമായി മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് നമ്മെ ആ പാതയിലൂടെ നയിക്കുന്നത്. യേശുവിനെ വിശ്വസിക്കുവാൻ നമുക്ക് കഴിയുമെങ്കിൽ യാതൊരു ഭയവും കൂടാതെ അവനെ അനുഗമിക്കുവാനും നമുക്ക് കഴിയും. യേശുവിനെ വിശ്വസിക്കുന്നു എന്നു പറയുകയും അവനെ പിൻപററാതിരിക്കുകയും ചെയ്യുന്നത് വെറും കപടിഭക്തിമാത്രമാണ്. യേശുവിനെ വിശ്വസിക്കുന്നുവെങ്കിൽ ധൈര്യമായി മുന്നോട്ടിറങ്ങി അവൻ നയിക്കുന്ന പാതയിലൂടെ, അതെ നീതിയുടെ പാതയിലൂടെ മുന്നോട്ടു നീങ്ങുക. അവൻ നമ്മെ നയിക്കും. എത്തേണ്ടിടത്ത് എത്തിക്കുകയും ചെയ്യും. നാം തനിയെ പോകുകയല്ല, ഇടയൻ നമ്മെ നയിക്കുകയാണ്, നടത്തുകയാണ്. പലരും ഇന്ന് പറയാറുള്ളത് അതിന് എനിക്കാഗ്രഹമുണ്ടെങ്കിലും അതിനുള്ള കഴിവ് എനിക്കില്ല എന്നാണ്. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്ന് വിസ്മരിക്കുന്നതാണ്, ഇപ്രകാരമുള്ള വിലാപത്തിന്റെ യഥാർത്ഥ കാരണം. നമ്മുടെ സ്വന്തം കഴിവുകൊണ്ട്, നാം തന്നെ നയിക്കുന്ന ഒന്നാണ് ക്രിസ്തീയജീവിതം എന്ന ധാരാണയാണ് ഇതിനു കാരണം. എന്നാൽ നാം തന്നെ ജീവിക്കുന്നതോ, നമ്മുടെ കഴിവുകൊണ്ട് ജീവിക്കുന്നതോ ആയ ഒന്നല്ല ക്രിസ്തീയ ജീവിതം. പൗലൊസിന്റെ വാക്കുകൾ ‘ഇനി ജീവിക്കുന്നത് ഞാനല്ല. ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്.’ നമ്മളല്ല, നമ്മളിൽ വസിക്കുന്ന ക്രിസ്തുവാണ് ഇപ്പോൾ ജീവിക്കുന്നത്. നമ്മൾ നടക്കുകയല്ല, യഥാർത്ഥത്തിൽ നമ്മളെ യേശു നടത്തുകയാണ്. അവന്റെ ശക്തി നമുക്ക് സകലതിനും മതിയായതാണ്. യേശുക്രിസ്തു മുഖാന്തിരം എനിക്ക് സകലവും കഴിയും എന്നാണ്. നമ്മൾ തന്നെ ജീവിക്കുവാൻ ശ്രമിക്കുമ്പോൾ, ക്രിസ്തുവിനോടുകൂടെ ജീവിക്കുവാൻ പൗലൊസ് താൽപര്യപ്പെടുന്നു.

തുടരും...

Day 88 of 90 days ✝✝✝ 21st January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആകയാൽ ധൈര്യപ്പെടുക, നമ്മെ ശക്തിപ്പെടുത്തുവാനും ബലപ്പെടുത്തി മുന്നോട്ടു നയിക്കുവാനും പ്രാപ്തനായ ഇടയൻ നമ്മോടുകൂടെയുണ്ട്. യേശുക്രിസ്തു മുഖാന്തരം എനിക്ക് കഴിയും എന്ന് ധൈര്യപ്പെടുത്തുന്ന ആത്മീകചിന്ത ഉയരുവാൻ ഇടയാകണം. എഴുന്നേൽക്കുക, മുന്നേറുക. ആ നീതിയിൻ പാത നമ്മുടെ മുമ്പിൽ നമ്മുടെ ഇടയൻ ഒരുക്കിയിരിക്കുന്നു. മടിച്ചു നിൽക്കാതെ നാമും അവനോടുകൂടെ ചേർന്ന് മുന്നോട്ടു പോകുക. ആ വഴിയിൽ നാം വീഴാതെ നമ്മുടെ കൈക്ക് പിടിക്കുവാൻ അവൻ നമ്മോട് കൂടെയുണ്ട് എന്നോർക്കണം. നാം ഒററയ്ക്കാണെന്നും വീണുപോകാൻ സാദ്ധ്യതയുണ്ടെന്നും നാം ചിന്തിച്ച് നാം വീണു പോകാതിരിപ്പാൻ നമുക്കുവേണ്ടി പ്രാർത്ഥിക്കേണം എന്ന് അപേക്ഷിക്കണം. വഴിയിൽ വീണു പോകാം എന്ന ഭയം ഇന്ന് സാത്താൻ അനേകരുടെ ഹൃദയങ്ങളിൽ കടത്തി അവരെ തകർത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ യേശു നമ്മുടെ വലകൈക്ക് പിടിച്ചിരിക്കുന്നു എന്ന് തിരുവചനം വ്യക്തമാക്കിയിരിക്കുന്നു. നീതിപാതയിലൂടെയാണ് നാം പോകുന്നതെങ്കിൽ നമ്മുടെ കൈക്ക് യേശു പിടിച്ചിട്ടുണ്ട്. അവിശ്വാസവും സംശയവും ഭയവും നിമിത്തം നമ്മുടെ കൈക്ക് പിടിച്ചിരിക്കുന്ന യേശുവിനെ കാണാൻ കഴിയാതെവണ്ണം നമ്മുടെ ആത്മീയദൃഷ്ടികൾ അന്ധമായിരിക്കാനും സാധ്യതകൾ ഉണ്ട്. യേശു നമ്മുടെ കൈകളിൽ പിടിച്ചിരിക്കുന്നത് കാണുവാൻ വിധം ആത്മീയകണ്ണുകൾ പ്രകാശിക്കണം. മനുഷ്യരായ നാം ഈ വഴിയിലൂടെ പോകുമ്പോൾ, വീണു പോകുവാനുള്ള സാദ്ധ്യതകളുണ്ടെന്ന് അറിയാവുന്ന നമ്മുടെ നല്ല ഇടയൻ, തന്റെ കൈനീട്ടി നമ്മുടെ വലകൈക്ക് പിടിച്ചിരിക്കുകയാണ്. ഒരു കുഞ്ഞിന്റെ പിതാവ് ആ കുഞ്ഞിന്റെ കൈക്ക് പിടിച്ചുകൊണ്ട് റോഡിലൂടെ നടന്നു പോകുന്നതുപോലെ നമ്മെ യേശുക്രിസ്തു നമ്മെ നയിക്കപ്പെടുന്നത്. അപകടങ്ങൾ പതിയിരിക്കുന്ന വഴിയിൽ വീഴാതിരിക്കാൻ യേശുക്രിസ്തു നമ്മുടെ കൈക്ക് പിടിച്ചിരിക്കുന്നത്. അതിനാൽ, ആ കുഞ്ഞിന് യാതൊരു ഭയവുമില്ല. ഭീതിപ്പെടുത്തുന്ന എന്തെങ്കിലും ഒന്ന് കണ്ടാൽ ആ കുഞ്ഞ് പിതാവിനോട് അൽപം കൂടെ ചേർന്നു നിൽക്കുക മാത്രമാണ് ചെയ്യുന്നത്. പിതാവിങ്കൽ സുരക്ഷിതത്വമുണ്ടെന്ന് ആ കുഞ്ഞിനറിയാം. യേശു നമ്മുടെ കൈക്ക് പിടിച്ചിരിക്കുന്നു. ആകയാൽ നാം വീണുപോകുകയില്ല. യേശുവിനോട് ചേർന്നു നിന്നുകൊള്ളുക. യാതൊന്നും നമ്മെ ബാധിക്കുകയില്ല. ഇവിടെ നമ്മെ കൂടുതൽ ധൈര്യപ്പെടുത്തുന്ന ഒരു വസ്തുതയുണ്ട്. നാം അവന്റെ കൈക്ക് പിടിച്ചിരിക്കുകയല്ല. അങ്ങനെയായാൽ അത് വിട്ടുപോകുകയും നാം വീണു പോകുകയും ചെയ്യുവാൻ സാദ്ധ്യതയുണ്ട്. അതറിയാവുന്ന യേശു, നമ്മുടെ കൈക്ക് പിടിച്ചിരിക്കുകയാണ്. ആ കരം ഒരിക്കലും തളരുകയോ ക്ഷീണിക്കുകയോ ഇല്ലല്ലോ അഥവാ നമ്മുടെ കാൽ വഴുതി നാം വീഴുവാൻ തുടങ്ങിയാലും നാം നിലത്തു വീഴുകയില്ല. നീതിമാൻ വീണാലും നിലംപരിചാകയില്ല.

തുടരും...

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

യേശുവിന്റെ കൈകളിൽ നിന്നും നമ്മെ പിടിച്ചു പറിക്കാവുന്ന ഒരു ശക്തിയും ഈ ലോകത്തിലില്ല എന്നു നാം അറിയുന്നു. ആകയാൽ ധൈര്യപ്പെടുക. യേശു നമ്മുടെ വലംകൈ പിടിച്ചിരിക്കുന്നു. ആ സഞ്ചാരപാതയിൽ നമുക്ക് ആവശ്യമായ ആലോചനകൾ പറഞ്ഞുതരുവാനായി നല്ല ഇടയൻ നമ്മോടുകൂടെ ഉണ്ടെന്നു സങ്കീർത്തനക്കാരൻ പറയുന്നു. നാം മുൻപ് നടന്നിട്ടില്ലാത്ത പാതയിലൂടെ നാം നടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകാത്ത അനേക കാര്യങ്ങൾ ചോദ്യങ്ങളായി നമ്മുടെ മനസ്സിൽ വന്നുകൊണ്ടിരിക്കും. പല വഴികൾ ബന്ധിക്കുന്ന ഒരു കോണിൽ എത്തുമ്പോൾ, ഏതു വഴിയാണ് നാം തെരഞ്ഞെടുക്കേണ്ടത് എന്ന ചിന്ത നമ്മെ അലട്ടിയെന്നു വരാം. എന്നാൽ ആ വിധ കാര്യങ്ങളെപ്പററി മുൻകൂട്ടി ചിന്തിച്ച് നാം വ്യാകുലപ്പെടുകയോ ഭയപ്പെട്ട് പുറകോട്ട് മാറുകയോ ചെയ്യേണ്ടതായ ആവശ്യമില്ല. കാരണം യഥാസമയം നമുക്ക് ആലോചന പറഞ്ഞുതന്ന് നേരായ പാതയിലൂടെ നമ്മെ നയിക്കുവാൻ നമ്മുടെ നല്ല ഇടയനായ യേശു നമ്മോടുകൂടെയുണ്ട് എന്നതു തന്നെ. നമ്മുടെ ജീവിതത്തെ തന്നെ അല്പം പുറകോട്ട് തിരിഞ്ഞ് നോക്കാം. ഉത്തരം കിട്ടാതെ നാം വഴിമുട്ടി നിന്ന സാഹചര്യങ്ങളിൽ നല്ല ആലോചനയുമായി യേശു നമ്മുടെ സഹായത്തിനെത്തിയ രംഗം നമുക്ക് ഓർമ്മയുണ്ടല്ലോ. ആ നല്ല കർത്താവ് എന്നും നമ്മോടുകൂടെ ഉണ്ടായിരിക്കും. ആകയാൽ വഴി തെററിപ്പോകുമെന്ന് ഭയപ്പെടാതെ മുൻപോട്ടു പോകാം. ആ നല്ല ഇടയൻ തന്റെ ആലോചനയാൽ വഴി നടത്തും. ഈ പാതയുടെ അന്ത്യം എവിടെയാണ് അഥവാ ഈ പാത നമ്മെ എവിടേക്ക് നയിക്കുന്നു. ഒടുവിൽ എവിടെ എത്തിക്കും എന്നതിനെപ്പററി നമുക്ക് നല്ല ബോദ്ധ്യമുണ്ട് എന്നാണ്. അന്ത്യത്തെപ്പററി ചിന്തയില്ലാത്ത അനേക യാത്രക്കാർ ഈ ലോകത്തിലുണ്ട്. പല ക്രിസ്ത്യാനികളും അന്ത്യത്തെപ്പററി ബോദ്ധ്യമില്ലാത്തവരാകുന്നു എന്നു തോന്നിപ്പോകാറുണ്ട്. എന്നാൽ നീതിപാതകളിലൂടെ പോകുന്ന ഒരുവന് അതെപ്പററി യാതൊരു സംശയവുമില്ല. എന്തെന്നാൽ വചനം വ്യക്തമായി പറയുന്നു, പിന്നത്തേതിൽ നീ എന്നെ മഹത്വത്തിലേക്ക് ചേർത്തുകൊള്ളും. നീതിയുടെ പാതയിലൂടെ നമ്മുടെ വലങ്കൈക്ക് പിടിച്ചും നമുക്ക് ആലോചന പറഞ്ഞു തന്നും നമ്മെ നയിക്കുന്ന നല്ല ഇടയനായ യേശു ഒടുവിൽ നമ്മെ മഹത്വത്തിലേക്ക് ചേർക്കുകയും ചെയ്യും. ജീവിതാന്ത്യത്തെപ്പററി ലക്ഷ്യമില്ലാതെ, കപ്പിത്താനില്ലാതെ കടലിൽ അലയുന്ന കപ്പലിനു സമാനമായ ഒന്നല്ല ക്രിസ്തീയജീവിതം. അതിന് ഒരു കപ്പിത്താനുണ്ട്, ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിലേക്കാണ് അത് നീങ്ങുന്നത്. ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിരിക്കുന്ന മഹത്വമേറിയ പ്രത്യാശയിലേക്ക് തന്നെ. അങ്ങനെ നാം എന്നുമെന്നും നമ്മുടെ കർത്താവിനോടു കൂടെയായിരിക്കും. നീതി പാതകളിൽ നടത്തുന്ന ആടുകളുടെ അന്ത്യം അതാണ്. നമ്മുടെ ലക്ഷ്യത്തിലേക്ക് നമുക്ക് ധൈര്യമായി മുന്നോട്ടു നീങ്ങാം. കർത്താവ് നമ്മെ വഴി നടത്തും.

തുടരും...

Day 90 of 90 days ✝✝✝ 23rd January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ക്രിസ്തുവിനെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് തന്നെ അനുഗമിക്കട്ടെ എന്നാണ് പറഞ്ഞത്. തന്നെത്താൻ ത്യജിക്കുവാനും തന്റെ ക്രൂശ് എടുക്കുവാനും മനസ്സൊരുക്കമില്ലാത്തവർക്ക് ഒരിക്കലും യേശുവിനെ പിൻപററുവാൻ സാധിക്കുന്നതല്ല. ലോകത്തിന്റെ മുൻപാകെ ചില ത്യാഗങ്ങളും സമർപ്പണങ്ങളും അതിനാവശ്യമാണ്. ആ വിധത്യാഗങ്ങൾ സഹിപ്പാനും സമർപ്പിപ്പാനും മനസ്സില്ലാത്തതുകൊണ്ടാണ് പലരും യേശുവിനെ പിൻപററുവാൻ സന്നദ്ധരാകാതിരിക്കുന്നത്. നമ്മേതന്നെ സ്നേഹിക്കുന്നതിനുപരിയായി യേശുവിനെയും മററുള്ളവരെയും സ്നേഹിപ്പാൻ നാം തയ്യാറാകണം. സ്വയ സ്നേഹമാണ്, സ്വാർത്ഥതയിലേക്ക് നമ്മെ നയിക്കുന്നത്. നമുക്ക് എന്തു കിട്ടും, നേട്ടമുണ്ടാകുന്ന വഴി, എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമായിരിക്കും അപ്രകാരമുള്ളവർ ചിന്തിക്കുന്നത്. അവിടെ ക്രിസ്തുവിന് സ്ഥാനമില്ല, മററുള്ളവർക്കും സ്ഥാനമില്ല. എന്നാൽ, കർത്താവ് നൽകിയിരിക്കുന്ന ഏററവും വലിയ കല്പന, പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും ദൈവത്തെ സ്നേഹിക്കുകയും അയൽക്കാരെ അഥവാ മററുള്ളവരെ നമ്മെപ്പോലെതന്നെ സ്നേഹിക്കുകയും ചെയ്യുക എന്നതാണ്. ഇതിന് നിശ്ചയമായും സ്വയംത്യാഗം ആവശ്യമാണ്. നമ്മുടെ സ്വയം ഇതിന് അനുവദിക്കുകയില്ല. നമ്മുടെ സ്ഥാനം മൂന്നാമതായി മാത്രം വരുമ്പോൾ അവിടെ അന്തരീക്ഷം വ്യത്യാസപ്പെടുകയാണ്. യേശു നമുക്കുവേണ്ടി തന്റെ പ്രാണനെ വച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്ന് അറിഞ്ഞിരിക്കുന്നു. ഒരുവനുവേണ്ടി മറെറാരുവൻ ജീവൻ തന്നെ വച്ചുകൊടുക്കുന്നതാണ് സ്നേഹം. യേശു തന്റെ ജീവനെ നമുക്കായി ഏൽപ്പിച്ചു തന്ന് നമ്മോടുള്ള അവന്റെ സ്നേഹം വെളിപ്പെടുത്തി. നമുക്ക് യേശുവിനോടുള്ള സ്നേഹം വെളിപ്പെടുത്തുവാനും അതല്ലാതെ മററു മാർഗ്ഗമൊന്നുമില്ല. യേശുവിനെ സ്നേഹിക്കേണ്ട വിധം സ്നേഹിക്കുമ്പോൾ, അവനെ പിൻപററുവാൻ യാതൊന്നും നമുക്ക് തടസ്സമായിരിക്കയില്ല. അപ്രകാരം യേശുവിനെ സ്നേഹിക്കുക. സ്വാഭാവികമായി തന്നെ, നീതിയുടെ പാതയിലൂടെ നടന്നുതുടങ്ങുന്ന അനുഭവത്തിൽ നാം ആയിരിക്കുന്നു. അവിടേക്കു പ്രവേശിച്ചവർക്കു മാത്രമേ അതിന്റെ മാധുര്യവും ശ്രേഷ്ഠതയും ഗ്രഹിപ്പാൻ സാധിക്കുകയുള്ളു. ഇന്ന് ലോകത്തിൽ, ക്രിസ്തീയമണ്ഡലത്തിൽ പോലും, കാണുന്ന പ്രവണത ഒഴുക്കിനനുസരിച്ച് നീന്തുക എന്നതാണ്. എന്നാൽ ക്രിസ്തീയജീവിതം അപ്രകാരം ഉള്ളതല്ല. ഒഴുക്കിനെതിരായി നീന്തുന്നതാണത്, അത് അല്പം പ്രയാസമാണ്. അതിന് ജീവനും ശക്തിയും ആവശ്യമാണ്. അത് ക്രിസ്തുവിൽ നിന്നു പ്രാപിച്ചവർക്ക് മാത്രമേ, ആ വിധം ജീവിപ്പാൻ സാധിക്കുകയുള്ളു. ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. അതിന്റെ ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിന് ഒഴുക്ക് ഒരു തടസ്സമല്ല. എന്നാൽ ജീവനില്ലാത്തതിന് യാതൊരു ലക്ഷ്യവുമില്ല.

തുടരും…

## Day 91 of 90 days ✝✝✝ 24th January 2018

### സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

ക്രിസ്തുവിന്റെ ജീവൻ പ്രാപിച്ചിട്ടില്ലാത്ത ഏവരും ജീവിത ലക്ഷ്യമില്ലാതെ ഒഴുക്കിനനുസരിച്ച് നീങ്ങികൊണ്ടിരിക്കുന്നവരാണ്. എന്നാൽ ഇടയ്ക്കിടയ്ക്ക് ആത്മീയജീവൻ പ്രാപിച്ച ചിലരെ കാണാം. അവർക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിലെത്തുവാൻ ഒഴുക്ക് അവർക്കൊരു തടസ്സമല്ല. അവനിൽ ജീവനുള്ളതിനാൽ, ഒഴുക്കിനെതിരെ അവർ മുന്നോട്ടു നീങ്ങുന്നു. വിശാലമായ വഴിയിലൂടെ കൂട്ടത്തോടൊപ്പം നീങ്ങുവാൻ മനുഷ്യൻ താൽപ്പര്യപ്പെടുന്നു. അതുവഴി പോകുന്നവർ അനേകരാണ് എന്നും യേശു പറഞ്ഞിരിക്കുന്നു. എന്നാൽ ഇടുക്കവും ഞെരുക്കവുമുള്ള ഒരു വഴിയുണ്ട്. അതുവഴി കടക്കുന്നവർ ചുരുക്കമാണ്. ആ വഴി പ്രയാസവുമാണ്. വിശാലമായ വഴിയിലൂടെ പോകുന്ന ബഹുഭൂരിപക്ഷത്തിന്റെയും അവസാനം നാശമായിരിക്കുമ്പോൾ, ഇടുക്കമുള്ള വഴിയിലൂടെ പോകുന്ന തികച്ചും ന്യൂനപക്ഷത്തിന്റെ അവസാനം നിത്യജീവനായിരിക്കും. ഭൂരിപക്ഷത്തിന്റെ ഇടയിൽ നിന്നും വേർപെട്ട് ന്യൂനപക്ഷത്തോടുകൂടെ നിലകൊള്ളുക എന്നത് അല്പ പ്രയാസമുള്ള കാര്യമാണ്. അതിന് അല്പത്യാഗവും ഉറച്ച തീരുമാനവും ആവശ്യമാണ്. അല്പ നഷ്ടവും കഷ്ടവും സഹിക്കുവാൻ സന്നദ്ധരാകേണ്ടത് അവിടെ ആവശ്യമായിവരും. എന്നാൽ അതിന്റെ അന്ത്യം എത്രയോ ആനന്ദപ്രദവും ശ്രേഷ്ഠവുമായിരിക്കും. ക്രിസ്തു നയിക്കുന്ന നീതിയിൻ പാതയിലൂടെ പോകുമ്പോൾ, കുട്ടത്തോടൊപ്പം പോകുവാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല. എന്നാൽ ഈ പാത, നീതിയുടെ പാതയും ജീവങ്കലേക്കുള്ള പാതയുമാണ്. ആകയാൽ, കൂട്ടത്തിൽ നിന്ന് വേർപെട്ട് ക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടുകൂടെ പിൻപററുവാൻ തയ്യാറാകണം. സ്വന്തം ആഗ്രഹത്തിനു കൂടുതൽ താല്പര്യം കൊടുക്കാതെ, മററുള്ളവർക്കു വേണ്ടി അത് ഉപേക്ഷിക്കുവാൻ തയ്യാറാകണം. യഥാർത്ഥത്തിൽ തന്നെത്താൻ ത്യജിക്കുക എന്ന് കർത്താവ് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഇതാണ്. സാധാരണ മനുഷ്യന്റെ പ്രകൃതം ഇതല്ല, ഇതിൽ നിന്നും വിരുദ്ധമാണ്. അതുകൊണ്ടു തന്നെയാണ്, തന്നെ പിൻപററുവാൻ ഇച്ഛിക്കുന്നവൻ ഇപ്രകാരമായിരിക്കണമെന്ന് യേശു പ്രത്യേകാൽ നിർദ്ദേശിച്ചിരിക്കുന്നത്. സ്വന്തം താല്പര്യം മാററിവച്ച് പിന്നണിയിലെ സ്ഥാനമെടുക്കുവാൻ തയ്യാറായി മററുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണി മുന്നോട്ടു പോകുന്നവരാണ്, നീതിയിൻ പാതയിലൂടെ നടക്കുന്നവർ. ഇടയൻ നിർദ്ദേശിക്കുന്ന സ്ഥാനത്ത് നിലകൊള്ളുവാൻ തയ്യാറാകുന്ന ആടുകൾക്ക് മാത്രമേ അവിടെ സ്ഥാനമുള്ളു. ഓരോരുത്തരുടെയും സ്ഥാനം അവരവർ തന്നെയല്ല തെരഞ്ഞെടുക്കുന്നത്; ഓരോന്നിനുമുള്ള സ്ഥാനം ഇടയൻ നിർദ്ദേശിക്കുകയാണ്. അവിടെ ഇടയനെ സന്തോഷത്തോടെ അനുസരിപ്പാനും ആക്കിയിരിക്കുന്ന സ്ഥാനത്ത് സന്തോഷത്തോടെ ആയിരിപ്പാനും താല്പര്യപ്പെടുന്നവർ ചേരുമ്പോൾ അത് എത്രയോ ആനന്ദപ്രദമാണ്. ആകയാൽ തന്നെത്താൻ ത്യജിപ്പാൻ തയ്യാറാകുക.

തുടരും…

Day 92 of 90 days ✝✝✝ 25th January 2018

## സങ്കീർത്തനം 23 ഒരു പഠനം…തുടരുന്നു…

നേതാവാകുവാൻ ഇച്ഛിക്കാതെ, ദാസനാകുവാൻ തയ്യാറാകുക. തന്നെത്താൻ ത്യജിച്ച് ക്രൂശെടുക്കുക എന്നതിന്റെ ആശയം ഇവിടെയാണ് അന്വർത്ഥമാകുന്നത്. യേശു പറഞ്ഞത് യജമാനൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദാസനായിത്തീരട്ടെ എന്നാണ്. ലോകത്തിന്റെ മുമ്പിൽ യജമാനഭാവേന നടക്കുന്നതായിരിക്കാം ശ്രേഷ്ഠമായി പരിഗണിക്കപ്പെടുന്നത്. എന്നാൽ ദൈവരാജ്യത്തിൽ അങ്ങനെയല്ല, ആത്മീയമണ്ഡലത്തിൽ ദാസൻ എന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. നമ്മുടെ കർത്താവ് തന്നെ ദാസവേഷം എടുത്തു എന്നതാണ് നാം വായിക്കുന്നത്. നമ്മുടെ യജമാനനായ അവൻ അപ്രകാരമായിരുന്നുവെങ്കിൽ, ദാസൻ ഒരിക്കലും യജമാനനേക്കാൾ ശ്രേഷ്ഠതയുള്ളവനല്ല. ദാസവേഷം എടുക്കുവാൻ തയ്യാറാകുന്നവനു മാത്രമേ, നീതിയിൻ പാതയിലൂടെ ഇടയനെ അനുഗമിക്കുവാൻ സാധിക്കുകയുള്ളു. ആകയാൽ തന്നെത്താൻ ത്യജിച്ച് സ്വന്തം ക്രൂശെടുക്കുവാൻ തയ്യാറാകണം. ലോകത്തിന്റെ മുൻപാകെ ദാസവേഷം അത്ര അഭികാമ്യമല്ലായിരിക്കും. എന്നാൽ കർത്താവിന്റെ മുൻപാകെ അത്രയും ശ്രേഷ്ഠമായ മറ്റൊന്നില്ല. ക്രിസ്തീയ ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടിവരുന്ന സാഹചര്യങ്ങളെല്ലാം നമുക്ക് അനുകൂലമായിരിക്കണമെന്നില്ല. അങ്ങനെ, അപ്രതീക്ഷവും പ്രയാസമുളവാക്കുന്നതുമായ സാഹചര്യങ്ങൾ ഉളവാകുമ്പോൾ, ഇങ്ങനെ സംഭവിക്കുവാൻ കാരണമെന്ന് ചിന്തിച്ചും വ്യാകുലപ്പെട്ടും ഇരിക്കുന്നതിനും വേവലാതിപ്പെടുന്നതിനും പകരം, ദൈവമറിയാതെ എനിക്ക് യാതൊന്നും സംഭവിക്കുകയില്ല; ദൈവം എനിക്ക് ചെയ്യുന്നതെല്ലാം നന്മയ്ക്കായി മാത്രമായിരിക്കും എന്ന് പറഞ്ഞുകൊണ്ട് ദൈവത്തോടു കൂടെയായിരുന്നാൽ ഏതു സാഹചര്യത്തിലും നമുക്ക് ദൈവത്തെ കാണുവാൻ സാധിക്കും. സാഹചര്യങ്ങൾ അനേകരെ തളർത്തുകയും വീഴ്ത്തുകയും ചെയ്തിട്ടുണ്ട്. ആ സാഹചര്യത്തിൽ അവർ ദൈവത്തെ കാണുന്നില്ല എന്നതാണ് അതിന്റെ കാരണം. സാഹചര്യത്തെ അതിജീവിച്ച് മുന്നേറുവാനാണ് നാം ശ്രമിക്കേണ്ടത്. നാം അഭിമുഖികരിക്കുന്ന ഏതു സാഹചര്യത്തിലും ദൈവത്തെ കാണുവാൻ നമുക്ക് ഇടയാകണം. അവിടെയുള്ള ദൈവത്തെ കാണാതെ, സാഹചര്യത്തെ മാത്രം കാണുവാൻ ഇടയാകുമ്പോഴാണ് നാം തകർന്നു പോകുന്നത്. നീതിയിൻ പാതയിലൂടെയാണ് നാം മുന്നോട്ടു പോകുന്നതെങ്കിൽ, നല്ല ഇടയനായ യേശുവിനെ നമ്മുടെ ഏതു സാഹചര്യത്തിലും കാണുവാൻ ഇടയായിത്തീരേണം. അങ്ങനെയെങ്കിൽ, ഒരു സാഹചര്യവും നമ്മെ തകർക്കുകയില്ലെന്നു മാത്രമല്ല, ഏതു സാഹചര്യത്തെയും കീഴടക്കി മുന്നോട്ടു പോകുവാൻ നമുക്ക് സാധിക്കുകയും ചെയ്യും. നമ്മുടെ ആഗ്രഹങ്ങളെയും താൽപര്യങ്ങളെയും പ്രായോഗികത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതിനുപകരം കർത്താവിന്റെ ഹിതത്തിന് സമ്പൂർണ്ണമായി കീഴ്പെടുത്തി കൊടുക്കുകയും ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

തുടരും...

Day 93 of 90 days ✝ ✝ ✝ 26th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

നമ്മുടെ ഹിതം എപ്പോഴും നമ്മുടെ ജഡത്തിന്റേതായിരിക്കും. ജഡാഭിലാഷവും ആത്മാഭിലാഷവും തമ്മിൽ എന്നും പോരാട്ടമായിരുന്നുവെന്നും ഇന്നും ഓരോ വ്യക്തിയിലും അത് തുടർന്നുകൊണ്ടിരിക്കുന്നു എന്നും വചനം പറയുന്നു. ജഡാഭിലാഷം എപ്പോഴും ആത്മാഭിലാഷത്തിന് വിരുദ്ധമാണ്. ക്രിസ്തുവിനെ പിൻപററുന്ന നാം ജഡത്തെ അനുസരിക്കുന്നവോ ആത്മാവിനെ അനുസരിക്കുന്നവോ എന്നതാണ് പ്രശ്നം. ആത്മാവിനെ അനുസരിക്കുന്നുവെങ്കിൽ മാത്രമേ കർത്താവിനെ പിൻപററുവാൻ സാധിക്കുകയുള്ളു. ആത്മാവിനെ അനുസരിക്കണമെങ്കിൽ ജഡാഭിലാഷത്തെ കീഴടക്കിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അവിടെ ജഡം മരിക്കുകയും ആത്മാവ് ജീവിക്കുകയും വേണം. തന്നെത്താൻ ത്യജിക്കുക, ക്രൂശെടുക്കുക എന്നിങ്ങനെ പറഞ്ഞിരിക്കുന്നതിന്റെ ആശയം ഇവിടെയാണ് പ്രായോഗികമാകുന്നത്. സ്വയത്തെ അഥവാ ജഡാഭിലാഷത്തെ കീഴടക്കുവാൻ നമുക്ക് സാധിക്കേണം. പഴയ മനുഷ്യൻ അഥവാ പ്രകൃതി യേശുവിനോട് കൂടെ ക്രൂശിക്കപ്പെടണം. അത് മരിക്കണം. ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനുള്ള ഉയിർത്തെഴുന്നേൽപ്പ് അവിടെ അനുഭവപ്പെടണം. അങ്ങനെ മനസ്സുപുതുക്കി രൂപാന്തരപ്പെടുന്ന അനുഭവത്തിൽ നാം ആയിത്തീരണം. അപ്പോൾ നമ്മുടെ ജഡാഭിലാഷം അവസാനിക്കുകയും ആത്മാഭിലാഷം അവിടെ പ്രാബല്യം പ്രാപിക്കുകയും ചെയ്യും. ഈ അനുഭവത്തിലെത്തുമ്പോഴാണ് നമ്മുടെ ഹിതത്തെ കർത്താവിന്റെ ഹിതത്തിന് കീഴപ്പെടുത്തികൊടുക്കുവാൻ നമുക്ക് സാധിക്കുന്നത്. ഇത് അല്പ പ്രയാസമായി നമുക്ക് അനുഭവപ്പെട്ടേക്കാം. എന്നാൽ കർത്താവിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ട് നമുക്കു സാധിക്കാവുന്ന കാര്യം തന്നെയാണിത്. സ്വന്തം ഹിതത്തെ പൂർണ്ണമായി കർത്താവിന് കീഴ്പ്പെടുത്തിക്കൊടുക്കുവാൻ വിസമ്മതിക്കുന്നവർ മനസിലാക്കിയിരിക്കേണ്ട ഒരു വസ്തുതയുണ്ട്. ഒരിക്കലും അവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനോ നീതിയിൻ പാതയിലൂടെ മുന്നോട്ടു പോകുവാനോ സാധിക്കുകയില്ല എന്നതാണത്. ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ ദൈവത്തെ എല്ലാററിലും അനുസരിക്കേണ്ടതാവശ്യമാണ്. ദൈവത്തെ പ്രസാദിപ്പിക്കാതെ ആർക്കും അവനെ പിൻപററുവാൻ സാധിക്കുന്നതല്ല. ദൈവഹിതത്തിന് പൂർണ്ണമായി കീഴ്പ്പെട്ടു കൊടുത്താൽ, നമ്മളെ സഹായിപ്പാനും ബലപ്പെടുത്തുവാനും പുതിയ കൃപ പകർന്നു തരുവാനും ദുതഗണങ്ങൾ അവിടെയുണ്ടായിരിക്കും. ആകയാൽ ധൈര്യത്തോടും പൂർണ്ണഹൃദയത്തോടും കൂടെ പൂർണ്ണമായി യേശുവിനെ അനുഗമിക്കുക. ആ നീതിയിൻ പാതയിലൂടെ മുന്നോട്ടു നീങ്ങുക. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.